

(Approved by the Cochin Text-Book Committee.)

ഗ്രന്ഥകർത്താവ്.

പി. എസ്സ്. ഹരിഹരശാസ്ത്രി അവർകൾ

MY HARILAS

പ്രസാധകൻ,

പള്ളത്ത് ഇക്കോരൻ കുഞ്ഞൻ,

മാനേജർ

കേരളചിന്താമണി അച്ചുകൂടം, ഇരിഞ്ഞിലപ്പേത്തുർ.

(2-ാം പതിപ്പു—കോപ്പി 1000.)

പകർപ്പവകാശം

കേരളചിന്താമണി അച്ചുകൂടത്തിലേക്കുള്ളതാകുന്നു.

1105.

വില 10ണ.

ഇരിഞ്ഞിലപ്പേത്തുർ ക്ഷേത്രോദയം പ്രസ്സിൽ അച്ചടിച്ചതു്.

ലസന്മുഖം

ഇളവതിയും.

പൂർവ്വകാലത്തു പശ്ചിമസമുദ്രത്തിലെ ദ്വീപുകളിൽ വെച്ചു പ്രസിദ്ധിയേറിയ ഒരു ദ്വീപിൽ 'ശിലിസ്തും' എന്നു പേരായ ഒരു രാജ്യം ഉണ്ടായിരുന്നു. പാരമ്പര്യക്രമാഗതമായ ആ രാജ്യം, ഈ കഥാരംഭകാലത്തിൽ ഹലധരൻ എന്ന ഒരു രാജാവിനാൽ ഭരിക്കപ്പെട്ടിരുന്നു. വിക്രമാദിത്യൻ, ഭോജൻ മുതലായ പണ്ഡിതരാജാക്കന്മാർ തങ്ങളുടെ സുഖകാലക്ഷേപത്തിനുവേണ്ടി ശാസ്ത്രപണ്ഡിതസഭാനിർമ്മാണം ചെയ്തിരുന്നപ്രകാരം, തല്പാലിനന്മാരായ രാജാക്കന്മാർ ധനുശ്ശാസ്ത്രപാരംഗതന്മാരായ അതിരഥമഹാരഥന്മാരെ ചേർത്ത് ഒരു വീരസഭസ്സ് എപ്പോഴുമുണ്ടാക്കി അവരെയഥാക്രമം സംഭാവനംചെയ്തു പോരിക പതിവായിരുന്നു. ഈ രാജശബ്ദാലങ്കാരം ആ രാജ്യത്തിൽ പ്രസിദ്ധിയുള്ളതായിരുന്ന തമസി എന്ന ഒരു നദീതീരത്തായിരുന്നു. തന്നിമിത്തം സിംഹാസനാധിപത്യം ലഭിക്കുന്നതിനുമുമ്പ് ഒരിക്കൽ, ഇദ്ദേഹം അശ്വാരൂഢനായി സുഖസഞ്ചാരാർത്ഥം നിസ്സഹായനായി പുറപ്പെട്ടപോയിരുന്ന സമയം, അഭിചാരപ്രയുക്തമായി അതിരമണീയമായ ഒരു സാനുപ്രദേശത്തു ചെന്നുചേർന്നു. അപ്പോൾ അസ്തമനസമയമായിരുന്നിട്ടും, പ്രകൃത്യാ പ്രകൃതിരസികനായിരുന്ന ആ യുവരാജാവ് അവിടെ ഉല്ലാസമായി സഞ്ചരിച്ചുകൊ

ണ്ടിരുന്ന സമയം മണ്ണിൽ സാമാന്യം മാത്രവും ബഹുമില്ലും ദൃശ്യമാനമായും കിടന്നിരുന്ന നവർത്താകൃതിയായ ഒരു സച്ഛിദ്രകിരീടം തന്റെ കുതിരയുടെ കുളമ്പിൽ തട്ടി പൊട്ടി കാണപ്പെട്ട. ക്ഷിപ്രപ്രവൃത്തിക്കാരനായ ആ കിരീടത്തെ എടുത്തു തന്റെ ശിരസ്സിൽവെച്ചു നോക്കി നില്ക്കുന്ന സമയം "തുലം ഭവിഷ്യമചിരാലൊരു ഭൂപനായി" എന്നൊരു പ്രത്തിവിശേഷം ആ ദേഹത്തിന്റെ മനസ്സിൽ അങ്കുരിച്ചു. ആ സാനുപ്രദേശത്തുവെച്ചു പണ്ടു കിരീടധാരികളായ രണ്ടു സഹോദരന്മാർ തമ്മിൽ കണ്ടെത്തി, തങ്ങളുടെ വൈരനിര്യാതനത്തിനായി ശരാപഹാരികളായി യുദ്ധംചെയ്തു കരുതിച്ചു മരിച്ചിട്ടുള്ളതായി പൂർവ്വചരിത്രങ്ങളും പ്രസ്താവിയ്ക്കുന്നുണ്ട്.

അചിരേണകുത്താഭിഷേകനായിട്ടുള്ള ഫലധരനും, സപരിപ്രായാനുസാരമായി ആ കാലത്തെ സ്വദേശികളായ ചില മഹാരഥന്മാരെ തന്റെ സമീപത്തിൽവെച്ച് ആ ദിവസം ചെലവഴിച്ചിരുന്നു. ഒരു ദിവസം തന്റെ സമീപവാസികളെ എല്ലാം ക്ഷണിച്ചുവരുത്തി മൈവല്ലുമായ കിരീടത്തിൽ ഘടിപ്പിച്ചിരുന്ന അതിവിശിഷ്ടങ്ങളായ രത്നങ്ങളെ പ്രദർശിപ്പിച്ചു യഥാഗതമായ അതിന്റെ ചരിത്രത്തെയും അറിയിച്ചു. ആ രത്നങ്ങൾ, തന്റെ പിതൃസ്വത്തല്ലാത്തതിനാൽ പ്രജാസ്വത്താണെന്നും, ധനദ്രോഹിപ്രവർത്തിയായി ജനസാമാന്യത്തിൽ അവയെ വിനിയോഗം ചെയ്യേണമെന്നും താൻ അഭിപ്രായപ്പെട്ട. വീരവിനോദത്തിനു ഒരു വാർഷികോത്സവം നടത്തേണമെന്നു തീർച്ചയാക്കുകയും ആ ഉത്സവത്തിനു രത്നവിജയം എന്നു പേർ കൊടുക്കു

യും ചെയ്തു. ഈ വിധത്തിൽ തന്റെ പ്രജകളിൽ ശസ്ത്ര ശാസ്ത്രത്തെ അഭിവൃദ്ധി ചെയ്തു ക്രമേണ സപ്തരാജ്യത്തെ ആക്രമിച്ച്, എതാണ്ടം ഭാഗം അധിനപ്പെട്ടുത്തിയിരുന്ന വിദേശരാജ്ഞിയുടെ നിരസിയ്ക്കുമെന്നായിരുന്ന അദ്ദേഹത്തിന്റെ അന്നത്തെ ഉദ്ദേശം, തന്റെ രാജധാനിയിൽനിന്നും പടിഞ്ഞാറുഭാഗത്തു നാലുദിവസത്തെ പ്രയാണംകൊണ്ട് എത്താവുന്നതും, തമസിനദിതിരത്തു തന്നെ ഇരിയ്ക്കുന്നതുമായ 'കമലാവതി' എന്ന മഹാരമ്യ പട്ടണത്തെ ഉത്സവം നടത്തുന്നതിനു സങ്കേതസ്ഥലമായി നിശ്ചയിച്ചു.

ഈ നിശ്ചയപ്രകാരം എട്ടു സമകളും ക്രമമായി രാജാവിനാലും മഹാനേകം മഹാ പ്രമുഖരാലും ഭൂമതിസമേതരായ അനുഗൃഹ്യ കുണിജനങ്ങളാലും മറ്റും അലങ്കരിയ്ക്കപ്പെട്ട് എട്ടു രത്നവിജയമഹോത്സവവും നടന്നു എന്നു ചുരുക്കമായി പറയാനേ ഉള്ളൂ. ഈ വാഷ്കികോത്സവത്തിലെല്ലാം വിജയിയായിട്ടുള്ള നവരത്നങ്ങളിൽ എട്ടും രാജസമ്മാനമായി ലഭിച്ച മഹാരഥൻ, നമ്മുടെ രാജ്യത്തിൽ ഒരുവനായ ദാസനുഖനെന്ന വീരനായിരുന്നു. എന്നാൽ ഇദ്ദേഹം, അന്ത്യമായി അനുപമമായ ഒമ്പതാമത്തെ രത്നത്തെക്കൂടെ താൻ ലഭിച്ച് ഒരു നവരത്നമാലയാക്കി രാജാവിന്റെ മഹിഷിയായ ഗാനവതിയ്ക്കു കാഴ്ചയായി വെച്ച് അതിനാൽ രാജമഹിഷിയുടെ അതിപ്രീതിയെയും പൂർണ്ണപാത്രത്തേയും ഒരു ദേശത്തെയും സമ്പാദിയ്ക്കണമെന്നായിരുന്നു ഉദ്ദേശിച്ചിരുന്നത്.

ഒമ്പതാമത്തെ മന്ത്രവിജയാഘോഷദിവസവും സമീപിച്ചുതുടങ്ങി. രാജ്യമെല്ലാം ശസ്ത്രശാസ്ത്രങ്ങളിൽ പ്രാവീണ്യം ലഭിയ്ക്കുന്നതിനുവേണ്ടി പ്രതിദിനവും വ്യായാമംചെയ്ത് അശ്വാരോഹണാവരോഹണക്രമങ്ങളെ നിരന്തരമായി അഭ്യസിക്കുന്നതിൽ പ്രജകൾ നിരതന്മാരായിതീർന്നു. വിഖ്യാതരായ വിദേശീയമഹാരഥന്മാർക്ക് എല്ലാം, രാജാവു പത്രിക അയച്ചു. അതിതീവ്രഗതികളായ അശ്വങ്ങളിൽ കയറി സഞ്ചരിയ്ക്കുന്ന വിവിധന്മാരായ ചാന്ദ്രന്മാർ മാത്രം മാശ്ശുണ്ടെല്ലാം അലംകൃതങ്ങളായി ഭവിച്ചു. വീരന്മാരുടെ മനസ്സുകളെല്ലാം ആവേശയുക്തങ്ങളായിത്തീർന്ന ചിലരുടെ പത്നിമാർ നാനാവിധങ്ങളായ മനോരഥസ്രോതസ്സുകളാൽ ബദ്ധവ്യഗ്രം നയിയ്ക്കപ്പെട്ടു. വേറെ ചില സ്ത്രീകൾ തങ്ങളുടെ ദീർഘമംഗല്യത്തിനുവേണ്ടി ദൈവത്തെ സദാ പ്രാർത്ഥിച്ചുകൊണ്ടിരുന്നു. രാജാവും വരിഷ്ഠപ്രകാരം സജ്ജനായി ചെയ്യേണ്ടതിനുള്ള ഒരുക്കങ്ങളെല്ലാം ചെയ്തുതുടങ്ങി. കമലാവതിപട്ടണമെല്ലാം അതിവിചിത്രവിതാനങ്ങളാലും താല്പര്യാലികങ്ങളായ പുരാതന എടുപ്പുകളാലും ശതഗുണാധികശോഭിതമായി കാണപ്പെട്ടു.

ആ പട്ടണത്തിലെ ദിഗ്വിദിക്കുകളെല്ലാം ഘോഷാരവംകൊണ്ടു മുഴങ്ങി. രാജാവു സന്നദ്ധനായി ഭവിച്ച വർത്തമാനത്തെ മഹിഷിയും അറിയുകൊടുത്തു. എന്നാൽ തല്പാലം ഉണ്ടായിരുന്ന അസ്വാസ്ഥ്യം മൂലം തനിയ്ക്കു രാജാവിനെ അനുസരിച്ച് അവിടേയ്ക്ക് എഴുന്നെള്ളുവാൻ സാധിയ്ക്കുന്നതല്ലെന്നു രാജ്ഞി മുമ്പടി അറിയിച്ചു. രാജാവു പുറപ്പെട്ട പട്ടമഹിഷിയെ വന്നുനോക്കി യാത്രപറഞ്ഞു നി

ല്ലപ്പോൾ, രാജ്ഞി തന്റെ അശക്തതയെപ്പറ്റി വ്യസനിച്ചു വലതും പറഞ്ഞുകൊണ്ടിരുന്ന മദ്ധ്യേ സമീപവർത്തിയായിരുന്ന ലവസന്മുഖനെ കണ്ട കടാക്ഷിച്ചുകയുണ്ടായി. ഏതാദൃശമായ രാജ്ഞിയുടെ വിലോകനം ആകൃതശ്രദ്ധിതമായിരുന്നുവെന്ന ഇദ്ദേഹം വിചാരിച്ചു. ശമനോദ്യുക്തനായിരിക്കുന്ന താൻ, അതിൽ നിന്നും വിരമിക്കുന്നതാണെന്നുള്ള തന്റെ ആപേക്ഷയെ സൂചിപ്പിച്ചുകൊണ്ടതന്നെ രാജ്ഞി നോക്കിയതാണെന്നും മനസ്സിലാക്കി. നവരത്നമാലികയെ പൂർത്തിയാക്കുന്നതിൽ താൻ അത്യാസക്തനായിരുന്നുവെങ്കിലും, ഏതാദൃശമായ അസംഖ്യം രത്നലാഭാപേക്ഷയാ മഹാരാജ്ഞിയുടെ ആജ്ഞാകരത്വം തന്നിക്കു ശ്രേയോവർദ്ധികരമായിത്തീരുന്നതാണെന്നും, തിർച്ചയാക്കി അതീതരത്നവിജയത്തിനു പോയിരുന്ന സമയം തന്നിക്കു പറഞ്ഞ വ്രണങ്ങളും അധുനാപി അനാരോഹിതങ്ങളായിരിക്കുന്നു എന്നും, അതിനാൽ താനിക്കും ഉദ്ദിഷ്ടയാത്രയിൽ രാജാവിനെ അനുഗമിപ്പാൻ സാധിക്കുന്നതുകാണെന്നും അറിയിച്ചു. തന്റെ പ്രേമഭാജനമായ ലവസന്മുഖനും തന്റെ പ്രിയതമയും തന്നെ അനുഗമിക്കുന്നില്ലെന്നുള്ള വിവരം രാജാവിൽ സീമാതീതമായ വൈമനസ്യത്തെ ജനിപ്പിച്ചു എങ്കിലും, അതിമനസ്വിയായ അദ്ദേഹത്തിന്റെ ശമനത്തിന് ഒരു പ്രതിബന്ധകമായിത്തീർന്നില്ല. മറ്റുള്ള മഹാരഥന്മാരാൽ പരിവേഷ്ടിതനായ രാജാവ് അശ്വാരൂഢനായി രാജ്ഞിയെ സംശ്ലേഷം ചെയ്ത കടാക്ഷിച്ചു യാത്രചെയ്തു.

രണ്ടാം അദ്ധ്യായം.

കഴിഞ്ഞ അദ്ധ്യായത്തിൽ പ്രസ്താവിച്ച ശിലീന്ധ്രപുരത്തിൽ ഹിരണ്യഭടനെന്ന ഒരു സാമന്തരാജാവുണ്ടായിരുന്നു. ഇദ്ദേഹത്തിന്റെ അധികാരത്തിൽപെട്ട ദേശത്തിന്നു 'അഷ്ടലകം' എന്നു പേർ വിളിച്ചുവന്നിരുന്നു. അകംലതിയെ പ്രാപിച്ച തന്റെ മായ്മയുടെ വിയോഗത്താൽ ഇദ്ദേഹത്തിന്നു ദിക്കെല്ലാം ശൂന്യമായിത്തീർന്നു. ഇദ്ദേഹത്തിന്നു ശ്രീധരൻ, ലാവികൻ എന്ന രണ്ടു പുത്രന്മാരും ഇളവതിയെന്ന ഒരു പുത്രിയും ഉണ്ടായിരുന്നു. ഈ യൗവനാരംഭത്തിൽ തുല്യവയസ്സോടി ബാഹ്യസൗന്ദര്യങ്ങളും, സൌശീല്യം മുതലായ ആന്തരഗുണങ്ങളും വേണ്ടുവോളം ചേരുങ്ങളെന്നേ പറവാനുള്ളൂ.

ഇവർ മദ്ധ്യയൌവനപ്രായയായിരുന്നാലും കന്യകാത്വത്തെ പരിത്യജിച്ചിരുന്നില്ല. ശുഭഭരണകൃത്യത്തിൽ അതി ചതുരയും, സ്ഥിരചിത്തയും ആയിരുന്ന എങ്കിലും, സ്വാത്മാനന്ദത്തെ കൊടുക്കുന്ന സാഹിത്യസംഗീതാദികളിൽ വിശേഷപാണ്ഡിത്യം ഇവർക്കുണ്ടായിരുന്നില്ല.

തന്റെ അച്ഛനും സഹോദരന്മാരും പകൽ സമയം എല്ലാം കായ്യാന്തരങ്ങൾക്കായി പുറത്തു കഴിച്ചു കൂട്ടുന്നതിനാൽ, ശുഭകൃത്യങ്ങളെ എല്ലാം നിവർത്തിച്ചശേഷം, മദ്ധ്യാഹ്നകാലത്തിൽ തന്റെ ശയ്യാഗൃഹത്തിൽ തന്നെ ഇരുന്ന കഴിക്കയാണ് ഇവളുടെ പതിവു്. ഈ മുറിയിൽ ഒരു വിശേഷമായ സുപ്രേമാദരം ഇവർ ചെന്നു സൂക്ഷിച്ചിരുന്നു. അച്ഛനേയും അതു മേന്മേലുഷിതമായി പോകുമെന്നു

ള്ള ശങ്കകൊണ്ട് ഈ കുമാരി അതിനെ കുറെ ഉറയുണ്ടാക്കി ആ പരിധാനത്തിന്റെ വക്കുകൾ കസവുകൊണ്ടു കെട്ടി തന്റെ മനോധർമ്മത്തെ ആസ്പദമാക്കി ചില ചിത്രവേലകളാൽ അതിനെ അലങ്കരിച്ചിരുന്നു ഉടയരവിയുടെ കിരണങ്ങൾ ആദ്യം പരിശയിൽ പതിഞ്ഞു പ്രതിഫലിതങ്ങളായി തന്റെ ഗാത്രത്തിൽ വീണ് ആ ഉഷ്ണസ്പർശം മൂലമായി തന്റെ നിറഭേദം വരുത്തുകയുണ്ടായി. തന്റെ ശയ്യോപരിഭിത്തിയിൽ ആ പരിശയെ തൂക്കിയിരുന്നു. മദ്ധ്യാഹ്നസമയത്തു തന്റെ ഏകാന്തവാസജന്യമാകുന്ന വൈരസ്യത്തെ ദൂരീകരിക്കുന്നതിനായി ദിവസംപ്രതി ആ പരിശ ആ പരിശയെ എടുത്തുനോക്കുക പതിവായിരുന്നു. അപ്പോൾ കുന്തം മുതലായ ആയുധാഘാതങ്ങളുടേയും, ഖഡ്ഗഛേദനങ്ങളുടേയും സൂചകങ്ങളായി, അതിൽ കാണപ്പെടുന്ന രേഖകളെ നോക്കി കാരോന്നിനേയും പഴക്കത്തെ ഓർത്ത് ഇന്നിന്നത് ഇന്നിന്ന യുദ്ധഭൂമികളിൽനിന്നും തട്ടിയതായിരിക്കുമെന്നും, അതികഠിനമായിരിക്കുന്ന ഈ പ്രഹരം പരിശയെ വിട്ട് ശരീരത്തിൽ തട്ടിയിരുന്നാൽ ഇതിനെ കയ്യിൽ ധരിച്ചു യുദ്ധം ചെയ്യുന്ന യുവാവ് ആരെന്നതിനെ നാമാവശേഷനായിത്തീർന്നിരിക്കുമായിരുന്നുവെന്നും, ഈശ്വരകടാക്ഷത്താൽ രക്ഷപ്പെട്ട് ഇപ്പോൾ ജീവിച്ചിരിക്കുന്നു എന്നും മറ്റും ഉള്ള മനോരാജ്യസുഖത്തെ അനുഭവിച്ചു കുറെ നേരം തന്നെത്താൻ വിസ്മരിച്ചു പോകാറുണ്ട്. ഏകാന്തവാസത്തിൽ സാധാരണയായി ജനങ്ങളെല്ലാം സങ്കല്പസുഖാനുഭവം കൊണ്ടോണ്ടല്ലോ കാലയാപനം ചെയ്യുന്നത്.

രാജാവു യാത്രചെയ്ത സമയം, രാജ്ഞിയെ ഒന്നു വിലോകനം ചെയ്ത എന്ന് ആദ്യമായിട്ടായത്തിൽ പ്രസ്താവിച്ചിട്ടുണ്ടല്ലോ. രാജാവിന്നു തന്നെക്കുറിച്ചു ഏതാനും ചില സംശയങ്ങൾ ഇയ്യിടെ ഉണ്ടായിരിക്കുന്നതായി രാജ്ഞി ആ വിലോകനത്താൽ അറിഞ്ഞു. ഉടനെ ലസന്തുഖനെ വിളിച്ചുവരുത്തി ഇപ്രകാരം പറഞ്ഞു:—

"ഈ ഛായാപടവിഷയമായ ഭയാനകമായ ഈവിധം പ്രവൃത്തിച്ചതു നമ്മുടെ കാലവൈപരീത്യമെന്നേ പറവാനുള്ളൂ. മഹാരാജാവിന്റെ ഈ പുഴുക്കുള്ളത്തു തങ്ങടെ സല്ലാപാദി സുഖാനുഭവത്തിന്നു നിഷ്പ്രതിബന്ധമായ അവസരമായിത്തീരുന്നതാണെന്നു് ഓർത്തു് നിർല്ലജ്ജനായി ഭയങ്കരം വ്യാജമായ ഓരോ ഒഴികഴിവുകളും പറഞ്ഞു രാജധാനിയിൽ തന്നെ നിന്നുപോയതാണെന്നും നമ്മുടെ അഹിതപ്രിയം അന്യോന്യം മന്ത്രിക്കയും നമ്മെ പാടി ചിരകാലമായി നടപ്പുള്ള ജനാപവാദത്തെ നിശ്ശങ്കം സ്ഥിരപ്പെടുത്തുകയും ചെയ്യും. ഈവിധദോഷത്തെ പാടി ഒട്ടും വിശ്വാലോചനചെയ്യാതെ ഇപ്രകാരം പറഞ്ഞതു വലിയ സാഹസമായ്പോയിരിക്കുന്നു."

അപ്പോൾ ലസന്തുഖൻ അഹേതുകമായ തന്റെ വ്യാജപ്രലാപത്തെ ഓർത്തു വിഷണ്ണനായെങ്കിലും രാജ്ഞിയെ നോക്കി "അല്ലയോ മഹാരാജ്ഞി! നമുക്കു തമ്മിൽ ഇടപ്രീതമായി അനുരാഗം ഉല്പന്നമായ ആ വസന്തസമയത്തിൽ നഷ്ടമായിരുന്നതും ഇപ്പോൾ സമുദിതമാകുന്നതുമായ അവിടുത്തെ വിവേകം വിസ്മയനീയം തന്നെ. ആ സമയം ഉണ്ടായ ജനസംസാരത്തെ മൈ

താനങ്ങളിലെ പക്ഷികളുടെ കൂജിതമൊവണ്ണം അഗ
ണ്യമാക്കിയതും ഞാനല്ല ആവിധ അപകീർത്തിയിൽനി
ന്നും ഞാൻ അന്നു ത്രസ്സനായിരുന്നുവെങ്കിലും, ഇപ്പോൾ
നമ്മുടെ വീരസമാജത്തിലെ എല്ലാ മഹാരഥന്മാരുടേയും
എന്നു വേണ്ട ജനസാമാന്യത്തിൻറെയും ഖാണ്ഡിനിയമനം
നിഷ്പ്രയാസേന ചെയ്തുകൊള്ളുവാൻ എനിയ്ക്കു ധൈര്യം
ഉണ്ട്. എന്തുകൊണ്ടെന്നാൽ, ഈ ഉള്ളവൻറെ രാജഭ
ക്തിയും ചിരപ്രസിദ്ധവും നിത്യരാജമായിട്ടുള്ളതുമെന്ന സ
കലർക്കും ബോദ്ധ്യം വന്നിട്ടുണ്ട്. രാജഗൃഹത്തിൽ നടക്ക
ന്ന ചിരന്തന സമയം, ജനസമൂഹത്തിൽ വെച്ചു നാം ഇരു
വരുടേയും മംഗളാശംസാടിപൂർവ്വകം വിവിധവാക്യഘോ
ഷങ്ങൾ ചെയ്യപ്പെട്ടതും, നമ്മളെപ്പറ്റി രചിച്ചിട്ടുള്ള
ബഹുപദങ്ങളും രാജാവിനെ ഹർഷിപ്പിച്ചതായി തീർന്നിട്ടുള്ള
തും നാളും രാത്രികളായിരുന്ന ഇവൻറെ സല്ലാപകേളികൾ
ഇപ്പോൾ മഹാരാജ്ഞിക്ക് അന്യഥാ തോന്നിയിരിയ്ക്കുന്നുവെ
ങ്കിൽ, ഇതുപരമെങ്കിലും രാജ്ഞി നിർദ്ദോഷവാനായ ത
ൻറെ പതിയിൽ തന്നെ ദൃഢവിശ്വാസത്തോടു കൂടിയവ
ളായിത്തീരുന്നത് എല്ലായും ഉചിതകരമായിത്തിരുകയേ ഉ
ള്ളൂ" എന്നു പറഞ്ഞു

ഈദൃശങ്ങളായ വാക്കുകളെ കേട്ടു മഹാരാജ്ഞി കനി
ഷ്ടിച്ച് "എൻറെ പ്രിയതമൻ നിഷ്കളങ്കനും ഉൽകൃഷ്ട
ഗുണാരാമനും ആകുന്നു സംശയമില്ല. ജനങ്ങൾ അദ്ദേ
ഹത്തിൻറെ യാഥാർത്ഥ്യത്തെ അറിഞ്ഞിട്ടില്ല. വിമലഹൃദ
മാംസ്സമദ്ധ്യസ്ഥിതനായിരിയ്ക്കുന്ന വിദോകരനെ മാംസള
ങ്ങളായ ചക്ഷുസ്സുകളാൽ നേരിട്ടുനോക്കുവാൻ പ്രയാസം.

മദ്ധ്യാഹ്നസൂര്യകിരണങ്ങളാൽ ആകാശം അത്രകഠിനമാക്കപ്പെട്ടതല്ല. എന്നാൽ ഭൂസംബന്ധത്തെ പ്രാപിച്ചിരിക്കുന്ന ഉഭയസന്ധ്യകളിലും സൂര്യകരസ്പർശനമാത്രത്താൽ മേഘമാലികളും കൂടി അത്രകഠിനങ്ങളായിത്തീരുന്നു. എന്തിനു വളരെ പറയുന്നു, കേവലമനുഷ്യബുദ്ധിക്കു വിഷയമല്ലാത്ത നിർഗ്ഗുണചൈതന്യത്തിൽ ജനസംബന്ധം ഭവിച്ചിട്ടുണ്ടെന്നില്ല എന്നും, ഈശ്വരനെ മനുഷ്യപ്രായനായി വർണ്ണിക്കുന്നതു മാത്രമെ അവർക്കു കഴിയുന്നുള്ളു എന്നും നമുക്കു എളുപ്പമായി ഊഹിയ്ക്കാം. അതുപോലെ, അതിമനുഷ്യഗുണവിശിഷ്ടനായ മഹാരാജാവിൽ പ്രാപഞ്ചികസുഖാനുഭൂതിയെ പ്രധാനമായി വിചാരിച്ചുവരുന്ന എന്റെ ഹൃദയം തൃപ്തിപ്പെടാതെ ഭവാനിൽ അത്രകഠിനമായിരിയ്ക്കുന്നു. എന്റെ ശീലത്തെ പാടി ശങ്കാലേശം കൂടി ഇല്ലാതിരുന്ന മഹാരാജാവ് ഈ എന്റെ നോട്ടത്താൽ ചില സംശയങ്ങളെ തന്റെ മനസ്സിൽ അങ്കുരിച്ചിട്ടുള്ളതായി പ്രദർശിപ്പിക്കയുണ്ടായി. നമ്മുടെ സംഭാഷികമാരിൽ ചില ക്ഷുദ്രഹൃദയന്മാരുടെ ദുർബ്ബോധനകൊണ്ടു രാജാവിന്റെ ഹൃദയം വശംവദമായിരിയ്ക്കുന്നതായി തോന്നുന്നു. മനുഷ്യരുടെ സുഖനിദ്ര നിസ്സാരമായ മശകദംശനിയാലെന്നുവരുന്നും, നമ്മുടെ സുഖപ്രാപ്തിയും തുച്ഛജനങ്ങളുടെ പ്രലാപത്താൽ വിഘ്നിതമായിരിയ്ക്കുവാനിടയുള്ളതാണ്. ചെവിയിൽ ഗാനം ചെയ്യുന്ന നിർഭാഗ്യം വരുത്തുന്ന മശകങ്ങളെ നാം വാരം ഒഴിയ്ക്കുന്നുവെങ്കിൽ വരികിലും, അവനമ്മെ ദംശിച്ചു ദോഷപ്പെടുത്താറുണ്ട്. അതിനാൽ രാജവിജയം നടത്തപ്പെടുന്ന സ്ഥലമായ കമലാവതി നഗ

രത്തിലേക്ക്, അവിളംബം ചെല്ലേണമെന്നുള്ള എന്റെ ഉപദേശം സ്വീകാര്യമായിരിക്കട്ടെ" എന്നു പറഞ്ഞു.

"സംശയമില്ല; മഹാരാജാവു ത്രസ്സുമാത്രം ചെയ്തിരിക്കുന്ന ഒരു ശിശുവെപ്പോലെ നിഷ്പ്രയോജനവും ശൂന്യമായ സ്വപ്നം ആകുന്നു. രാജ്യഭരണതന്ത്രത്തിനു് അത്യാവശ്യകമായ അശാധാരണമായതച്ചവും പരിഷ്കൃതവ്യവഹാരങ്ങളായ നയജ്ഞതകളും ഇദ്ദേഹത്തിനില്ല. ജളബുദ്ധിയായതുകൊണ്ടല്ലേ എന്നെ തീരെ വിശ്വസിച്ചു് എന്നാൽ പ്രതാരിതനായിത്തീരിയുന്നതു് എന്നും മാത്രമുള്ള ഇവിടത്തെ അഭിപ്രായങ്ങളും ശരിതന്നെ. "എന്തായാലും ആകട്ടെ" എന്നു പറഞ്ഞു "സത്യസന്ധനും സച്ചരിത്രകളെ വേട്ടോക്തികളെ എന്നപോലെ ഗണിയിയ്ക്കുന്നവനും ആയ മഹാരാജാവിനോടു മിത്ഥ്യയായി ഒരു ഒഴികഴിവു പറഞ്ഞ ശേഷം ഇപ്പോൾ അദ്ദേഹത്തിന്റെ സന്നിധിയിൽ ഞാൻ എങ്ങിനെ ലജ്ജാഹീനനെപ്പോലെ ചെല്ലേണ്ടു" എന്നു് ആകമ്പിതഹൃദയനായി ലൂസനുഖൻ ചോദിച്ചു. അപ്പോൾ മഹാരാജഭക്തി രത്നാവിജയത്തിലേയ്ക്കു ലൂസനുഖൻ വേഷഛന്നനായി ചെല്ലേണമെന്നും, പിന്നീടു രാജാവു ചോദിച്ചാൽ താൻ പറവാൻ വിചാരിച്ചിട്ടുള്ള ഉത്തരം ഇന്നവിധമാണെന്നും അവനോടു പറഞ്ഞു.

സമുക്തികരായ രാജ്ഞിയുടെ വാക്കുകളാൽ ആനന്ദബോധിതഹൃദയനായിത്തീർന്ന ലൂസനുഖൻ തൽക്ഷണം തന്നെ ലഘുതരഗതിയായ ഒരു വാജിയിൽ കയറി പ്രസ്ഥാനം ചെയ്തു.

പ്രായത്തിൽ തൃതീയാവസ്ഥയുടെ ഉച്ചസ്ഥിതിയെ പ്രാപിച്ചവനും, ആകൃതിയിൽ ഹീനോത്തമശരീരനും, ശുക്ലവർണ്ണനും, ദൃഢതരവും വിശാലവുമായ വക്ഷഃപ്രദേശത്തോടുകൂടിയവനും ഉരുണ്ടും നീണ്ടും ഇരിയ്ക്കുന്ന ബ്രഹദണ്ഡങ്ങളോടുകൂടിയവനും ആയ ഈ മഹാരഥൻ, ആഹാരച്ചൂഡം കവചിതശത്രുനായി തൂശാത്രുഘനായി ജനസഞ്ചാരവർജ്ജിതങ്ങളായ കുക്ഷിവഴികളിൽക്കൂടി സഞ്ചരിച്ചു തുടങ്ങി. നിസ്സഹായനായിരുന്ന ഇദ്ദേഹം, സങ്കല്പമഹാഹൃദയനായിരുന്നതിനാൽ മഹൈശ്വര്യം കിട്ടും തന്നെ വിശ്രമജനകമായ്തീർന്നില്ല. സൂര്യൻ പശ്ചിമാദ്രിശിഖരത്തെയും നമ്മുടെ അല്പചിന്തൻ വിനാദേവനത്തെയും യുഗപൽ പ്രാപിച്ചു. തന്നോടു പലവിധ പ്രശ്നങ്ങളും ചെയ്തു എങ്കിലും പ്രതിഷാഭി ഭന്നം മിണ്ടാതെ അതിഥിയെ അകത്തുകൊണ്ടുവന്നാക്കി. ആ സമയം സാമന്തൻ തന്റെ പാശ്ചവർത്തികളായ പുത്രന്മാരോടും, തന്നെ അഭിമുഖികരിച്ചു നിന്നിരുന്ന പുത്രിയോടുംകൂടി ചില ലോകവൃത്തമാനങ്ങൾ പറഞ്ഞു രസിച്ചുകൊണ്ടിരിക്കയായിരുന്നു എന്ന് അവരുടെ മുഖഭാവത്താൽ അതിഥി മനസ്സിലാക്കി. എല്ലാവരും യഥോചിതം വന്ദിച്ച് ആസനങ്ങളിൽ ഇരുന്നു. ഉടുപ്പുകൊണ്ടും, ബാഹ്യരീതികൊണ്ടും ആഢ്യരായിരിക്കുന്ന പുരുഷൻ, ഈ സാമാന്യജനങ്ങളായ വീരപുരുഷന്മാരിൽ ഒരുവനായിരിക്കണമെന്നു തനിക്ക് ഊഹമുണ്ടായിരുന്നു എങ്കിലും സംശയിച്ചിരുന്നായിരുന്ന അദ്ദേഹത്തോട് കുശലപ്രശ്നമുണ്ടാക്കുന്ന സ്വഭാവമില്ലാതിരുന്നതുകൊണ്ട് ഗൃഹസ്ഥൻ ചോദിച്ചു. അപ്പോൾ 'ബാഹ്യവേഷംകൊണ്ട് എന്തുതന്നെയും

നിങ്ങൾക്കറിവാൻ കഴിഞ്ഞിരിക്കുന്നുവോ? അതുകൊണ്ട് തല്ക്കാലം തീപ്പിടിപ്പെട്ടുകൊള്ളുക എന്നെ പറഞ്ഞയയ്ക്കുള്ള നിങ്ങളുടെ വിശേഷജിജ്ഞാസയെ സഫലീകരിക്കുന്നത് എന്റെ ഇപ്പോഴത്തെ നിശ്ചയങ്ങൾക്ക് വിരുദ്ധമായിരുന്നതുകൊണ്ട് സംശയിയുണ്ടെങ്കിൽ ക്രമത്തിൽ വഴിപോലെ അറിയാറാകും. ഈ എന്റെ പരിശ ഇവിടെ ഇരിക്കട്ടേ. എന്റെ കായ്യസാദ്ധ്യത്തിന്ന് ഒന്നാവശ്യമായിരിക്കുന്നതിനാൽ ബഹുമാനസൂചകങ്ങളായ യാതൊരു ചിത്രവേലകളാലും അലങ്കരിക്കപ്പെട്ടിട്ടില്ലാത്ത ഒരു പരിശ ഇവിടെ ഉണ്ടെങ്കിൽ എനിക്ക വാസ്തവത്തിൽ കൊള്ളാം' എന്നുമാത്രം പറഞ്ഞു.

പൂർവ്വകാലങ്ങളിൽ ആയുധാഭ്യാസശേഷം, ഓരോ യോദ്ധാക്കളും ആയുധപരീക്ഷ കൊടുക്കുന്നതും, അതിൽ വിജയികളായിവരുന്നവരുടെ പരിശകളിൻമേൽ അവരവരുടെ യോഗ്യതക്കനുസരിച്ച ചക്കിമുശാലികളുടെ ത്രുപങ്ങളോ പുഷ്പലതാദികളോ കൊത്തിവെയ്ക്കുന്നതും പതിവായിരുന്നു. ഈവിധ ചിഹ്നങ്ങളാൽ ഇന്നിന്നവരെന്ന യോദ്ധാക്കന്മാരെ തിരിച്ചറിവാൻ കഴിയുന്നതുമാകുന്നു.

ഈ ക്രമത്തെ അനുസരിച്ച ആദ്യപരീക്ഷയിൽ പരാജിതനായിത്തീർന്നതിനാൽ ഇട്ടിഹത്തിന്റെ ജ്യേഷ്ഠപുത്രനായ ശ്രീധ്വജന്റെ പരിശയിൽ യാതൊരു അടയാളങ്ങളും ഇല്ലായിരുന്നതിനാൽ, അത് ഉപയുക്തമെന്നു വിചാരിക്കുന്ന പക്ഷം, കൊണ്ടുപോകുന്നതിനു വിരോധമില്ലെന്ന് അമ്പാലകദേശസ്ഥാനികൻ അറിയിച്ചു. അവിടെ ഉപസ്ഥിതനായിരുന്ന ശ്രീധ്വജൻ അപ്പോൾ 'എനിക്ക് അ

ത് ഉപയോഗമില്ലാത്ത സ്ഥിതിക്ക് അങ്ങ് എടുക്കുന്നതി
ന്ന വിരോധമില്ല' എന്നു പറഞ്ഞു. ഈവിധപറക്കകൾ
ക്കുട്ടി ഗ്രാമൃങ്ങളായിപ്പോയെന്നും, ഏതാട്ടശമാന്യന്മാരെ ഉ
ദ്ദേശിച്ചു പറയുന്നതുക്കുവകയല്ല എന്നും ആ ഇട പ്രഭു ത
ന്റെ മകനെ കുട്ടി ശാസിച്ചു തന്റെ കനിഷ്ഠപുത്രനെ അം
ഗുലിയാൽ നിർദ്ദേശിച്ചുകൊണ്ടു 'ഇവൻ യൌവന വയസ്സു
നും പ്രകൃത്യാ ശൂരനും അഭ്യാസലബ്ധമായ ദേഹപാടവ
ത്തോടുകൂടിയവനും ആകുന്നു. ഇവൻ അങ്ങയെ അനുഗ്ര
ഹിക്കയും വിജയിയാക്കിത്തീർക്കയും ചെയ്യുമെന്നു ഞാൻ
വിശ്വസിക്കുന്നു' എന്നു കൊല്ലത്തിലെ സുഭാഷണമാ
യി വെച്ചു മിക്കുന്ന രത്നത്തെ സ്വീകരിച്ചുകൊണ്ടു പറഞ്ഞു
ഈ കന്യകാരത്നത്തിന്റെ ചൂഡാമണിയാക്കി തീർത്തു രാ
ജ്യലാഭം സൌശീല്യാദി ഗുണവൈഭവത്താൽ നിസ്തുല്യയാ
ണെന്നു ഗ്രഹിച്ചിരിക്കുന്നു ഇവളുടെ സ്വഭാവത്തെ ചിത്ത
ഗ്രഹിക്കയും ചെയ്യും നിശ്ചയം' എന്നു പറഞ്ഞു. അ
പ്പോൾ ലാവികൻ വിവർണ്ണമുഖനായി 'അല്ലയോ അച്ഛ!
ഞാൻ ജ്യേഷ്ഠനോടായി പറഞ്ഞിരുന്ന നേരംപോക്കിനെ
കാര്യമാക്കി വിചാരിച്ചു് ഈ വിധ യോഗ്യന്മാരുടെ സ
ന്നിധിയിൽ വെച്ചു് ഇങ്ങിനെ പരിഹസിക്കരുതേ' എ
ന്നു് അപേക്ഷിച്ച ശേഷം വീരനെ നോക്കികൊണ്ടു് 'അ
ല്ലയോ മഹാബാഹോ! ഇത് ഒരു നേരംപോക്കു്. ഇന്നലെ
രാത്രി ഒരു പുരുഷൻ ഈ വാഷ്കികവർണ്ണമായ രത്നത്തെ ജ
യിച്ചുകൊണ്ടു വന്നു തന്റെ കയ്യിൽ നൽകിയതായും ഈ
രത്നമസൃണമായിരുന്ന രത്നം തന്റെ കയ്യിൽനിന്നും
ച്യുതമായി ഒരു ഹൃദത്തിലോ നദത്തിലോ ഈ ഞങ്ങടെ
കുളത്തിലോ എങ്ങോ ഒരു ജലാശയത്തിൽ വീണു പോയ

തായും എന്റെ സഹോദരി സപ്തപ്തം കണ്ടു എന്നു സപ്തപ്തം മുമ്പു പറയുക ഉണ്ടായി. അതു കേട്ടു ഞാൻ ഹാസ്യമായി 'ഞാൻ അവിടുത്തെക്കു ചെന്നു രത്നത്തെ കൊണ്ടു വരുന്നതു കക്ഷം കയ്യിൽനിന്നും വിണു പോകാതെ ജാഗ്രതയായി പിടിച്ചു കൊള്ളണം എന്നു മറുപടി പറഞ്ഞു' എന്നും, 'അച്ഛൻ സമ്മതിക്കുന്നതു കക്ഷം ഞാൻ രത്നാലാഭത്തിനു — പക്ഷേ സാധിക്കയില്ലെന്നാരിക്കിലും — കഴിയുന്നതും ശ്രമിക്കുന്നുണ്ട്' എന്നും പറഞ്ഞു.

'നല്ലതു', ജനസഞ്ചാരവർജ്ജിതമായി മരുതുല്യമായിരിക്കുന്ന ഈ പ്രദേശത്തു് എനിക്കു പരിചയമില്ലാത്തതിനാൽ കരുവൻ സഹ സഞ്ചാരിയായുണ്ടായിരുന്നതിൽ ഞാൻ സന്തോഷിക്കയേ ഉള്ളൂ. ഇക്കൊല്ലത്തിൽ സംഭാവനയായി കൊടുപ്പാൻ വെച്ചിരിക്കുന്ന കല്ലു മാറു സംവത്സരങ്ങളിൽ കൊടുക്കപ്പെട്ടവകളെക്കാളും ഗുണംകൊണ്ടും പരിമാണംകൊണ്ടും ശ്രേഷ്ഠമാകുന്നു എന്നു ഞാനും കേട്ടിരിക്കുന്നു. താൻ പ്രതീക്ഷിച്ചതുപോലെ രത്നത്തെ പൂർണ്ണസമ്മതത്തോടെ ഇവ കന്യകയ്ക്കു കൊടുക്കുമെന്നുള്ള തീച്ചയുള്ള പക്ഷം തന്റെ വിജയത്തിന്നായി ഞാനും പ്രയത്നിക്കുന്നു' എന്നു ലാവണ്യകനോടു ലസന്മുഖൻ പറഞ്ഞപ്പോൾ യഥാർത്ഥവാദിയായ ശ്രീധരൻ, 'ഈവിധ രത്നവിശേഷങ്ങൾ സച്ചരിതരായ പട്ടമഹിഷികൾക്കേ ചേരുകയുള്ളൂ. സാധാരണ സ്ത്രീകളും തുച്ഛശങ്കളെ ശരീരകാരങ്ങളായി ധരിക്കുന്നതു ഹാസ്യമായിരിക്കയെ ഉള്ളൂ' എന്നു് അഭിപ്രായപ്പെട്ടു. ഇതു കേട്ടു ലജ്ജാവനതമുഖിയായിരുന്ന ഇളാവതിയെ വിനയമധുരമാകുംവണ്ണം നോക്കിക്കടാക്ഷിച്ചു ലസന്മു

ഖൻ 'രൂപം തദ്വദ്രൂപേണ സുന്ദരേണോപമിസുന്ദരം' എന്ന സാമാന്യമായുണ്ടെ വരുന്നു വിധിപോലെന്ന സത്യമെന്ന വരുന്ന വ്യക്തം ഈ രത്നത്തിന്ന് അതും, ആ രത്നത്തിന്ന് ഇതുമല്ലാതെ വേറെ ഉള്ളി ചോച്ച് അസമമായേ വരൂ. ഈ രണ്ടു രത്നങ്ങളുടേയും യോഗത്തെ സമാലങ്കാരം എന്നും അന്യോന്യാലങ്കാരമെന്നും അലങ്കാരതത്വജ്ഞന്മാർ ചൊല്ലും. ഇത് അതിശയോക്തിയായിട്ടുള്ളതല്ല നിശ്ചയം' എന്ന നിശ്ചയം പറഞ്ഞു. പിന്നേയും അത്യാവശ്യം ലോകവൃത്തങ്ങളെ അന്യോന്യം പറഞ്ഞും കേട്ടും ഇരിക്കുന്ന മദ്ധ്യേ രാജപത്നിയായ ശാരദവതിയെപ്പറ്റിയും സാമന്തപുത്രന്മാർ പറയുക ഉണ്ടായി. എന്നാൽ ആ സന്ദർഭങ്ങളിൽ മാത്രം ലഘുസന്ദേശൻ ദീക്ഷിച്ചിരുന്ന മൌനഭാവത്തേയും, ഇടയ്ക്കിടെ അദ്ദേഹത്തിന്റെ മുഖത്തു ക്ഷണപ്രഭപോലെ കാണപ്പെട്ട ഭയലജ്ജാവികാരഭേദങ്ങളേയും ഇളാവതി സൂക്ഷിച്ചു നോക്കി മനസ്സിലാക്കിയിരുന്നു.

അനന്തരം ഊണ് കഴിഞ്ഞ് എല്ലാവരും പ്രത്യേകം പ്രത്യേകം സജ്ജമാക്കിയിരുന്ന മുറികളിൽ ചെന്നു കിടന്നു. എല്ലാവരും സുഖനിദ്രയെ പ്രാപിച്ചു.

ഏതിയംഗമനായ പുരുഷശ്രേഷ്ഠത്തെ ധ്യാനിക്കുന്നതിലും അന്യങ്ങളായ സങ്കല്പകല്പനയിലും തന്റെ മനസ്സു വ്യാപരിച്ചുകൊണ്ടിരുന്നതിനാൽ ഇളാവതി ജാഗ്രത്സ്വപ്നാവസ്ഥകളുടെ മദ്ധ്യത്തിൽ ത്രിശങ്കുവെപ്പോലെ നിരാലംബയായിട്ടിരുന്നു പണിപ്പെട്ട് ആ രാത്രിയിൽ ഏതാണ്ടു യാമം കിടന്നു കഴിച്ചു കൂട്ടി. 'ത്രിയാമ' എന്ന രാത്രി പദ്യായത്തെ അനാചാരമാക്കി തീർക്കണമെന്നു ഇച്ഛിച്ചിട്ടും എ-

ന്ന തോന്നുംവിധം, നാലാം യാമാരംഭത്തിൽതന്നെ, പൂ
ർവ്വദിവസങ്ങളിലെന്ന പോലെ ആരു സുഖപ്രദയെല്ലാതിര
ന്ന തൻെറ ശയ്യയെ ഉപേക്ഷിച്ചു തന്തെത്താൻ വെറുത്തും
രാത്രിയെ ശപിച്ചും സല്പസമയം കഴിച്ചു കൂട്ടി. അപ്പോൾ
'എൻെറ പരിശ— എനിക്കു താമസം പാടില്ല പരിശ
എവിടെ' എന്നിങ്ങിനെ ഉള്ള ലസമുഖൻെറ ശബ്ദം പുറ
ത്തളത്തിൽ നിന്നു കേൾക്കാറായി. രത്നവിജയത്തിനു ചു
മപ്പെട്ടപോകുന്ന തൻെറ സഹോദരനെ, വിജയസുഖാശം
സാപൂർവ്വം യാത്രയാക്കുവാൻ എന്നഭ്യാജത്തിനേൽ പുറത്തു
വന്നു, വിനയപൂരിതയായി മദ്ധ്യേ സല്പനേരം നിന്നു എ
കിലും പ്രേമപ്രേരിതയായി ത്വരിച്ചു് ഇളയവതി ലസമുഖൻ
നിന്നിരുന്ന പടിപ്പുരയിൽ എത്തി. അപ്പോൾതന്നെ ലസമുഖൻ
തൻെറ കരിരയെ പുറത്തു തലോടിയും, തട്ടിക്കൊട്ടത്തും,
ലാളിച്ചും, ഉത്സാഹിപ്പിച്ചുകൊണ്ടിരിക്കുന്നതിനെ കണ്ടു
ഈ പ്രാണി എന്നോക്കാളും എത്രയോ അധികം പൂർവ്വപു
ണ്യമുള്ളതുതന്നെ എന്നിങ്ങിനെ സാസൂയം അവൾ വി
ചാരിച്ചു.

കീർത്തിസമ്പാദനത്തിലുള്ള ആഗ്രഹം കൊണ്ടു വീര
വിനോദനമായി ആ കാലങ്ങളിൽ നടത്തിവരാറുള്ള ശ
സ്ത്രാഭ്യാസപരീക്ഷാസമയം തങ്ങളിൽ പ്രേമബഹുമാനവി
ശ്വാസമുള്ള സീമന്തിനിമാരാൽ നൽകപ്പെട്ടന്ന എതെങ്കി
ലും ഒരു അടയാളം യോദ്ധാക്കന്മാർ ധരിയ്ക്കുവതിവായിരു
ന്നു. ഈ വിധം ഒരു യുദ്ധവീരനാൽ അംഗീകരിക്കപ്പെട്ടി
ന്ന ഒരു ചിഹ്നം, ആ നിതംബിനിയുടെ പ്രശസ്തിയ്ക്കു ഹേ
തുവായി തീരുന്നതുമായിരുന്നു. ഈ ആചാരത്തെ അനു

സരിച്ച് ഈ യുവതിയും ഒരു പതക്കത്തെ ലസന്തുഖന്റെ കയ്യിൽ കൊടുത്തു. 'രത്നവിജയോത്സവത്തിൽ ഭവാൻ വൈദ്യുപ്രകടനം ചെയ്ത സഞ്ചരിയ്ക്കുന്ന സമയം ഇതിനെ ധരിച്ചുകൊള്ളണം' എന്ന് അപേക്ഷിച്ചു. ഈ അപേക്ഷയെ സഫലീകരിയ്ക്കുന്ന പക്ഷം രാജ്ഞിയുടെ കോപത്തിനു ഭാജനമായിത്തീരുന്നതിനു പുറമേ, ധൂർത്തനെന്ന ഒരു ദോഷം കൂടി തനിയ്ക്കു പറ്റുന്നതാകുന്നു എന്നുള്ള ഭീതിയും, അപേക്ഷയെ ധിക്കരിയ്ക്കുന്നതിലുള്ള അലംകൃതയും ഏകകാലത്തുതന്നെ ബാധിച്ചതിനാൽ, അദ്ദേഹം കുറെനേരം സ്തബ്ധനായി നിന്നുപോയി. ഒടുവിൽ തന്റെ ആന്തരാഭിപ്രായത്തെ ആ സ്ത്രീക്ക് അറിവു കൊടുത്ത ശേഷം, അദ്ദേഹം പതക്കത്തെ വാങ്ങി കാണികളുടെ ശ്രദ്ധയെ അന്യായമായി ആകർഷിയ്ക്കുന്നതാകുന്നവിധം തന്റെ വക്ഷഃപ്രദേശത്തു കവചത്തിന്മേൽ സംഗമം ധരിച്ചു. പിന്നീട് ലാവികനോട് ആന്തരികമായ ശ്രീയുക്തന്റെ പരിചയെ സൂചികരിച്ചു. തന്റെ പരിചയെ താൻ തിരിച്ചുചെല്ലുന്നതുവരെ സചിന്തത്തിൽ വെച്ചു സൂക്ഷിച്ചു കൊള്ളണമെന്നു പറഞ്ഞ് ഇളാവതിയുടെ കയ്യിൽ സമർപ്പിച്ചു ലാവികനഭിമുഖമായി പുറപ്പെട്ടുപോയി. ലാവികനാവട്ടെ തന്റെ വിജയത്തിനായി സദാ പ്രാർത്ഥിച്ചു കൊള്ളണം എന്നു തന്റെ സഹോദരിയോട് അപേക്ഷിച്ച് ആ മഹാരഥനെ അനുയാത്ര ചെയ്തു. ഇളാവതി പട്ടിയ്ക്കുൾ തന്നെ നിന്നുകൊണ്ടിരുന്നെങ്കിലും, അതി ഔത്സുക്യമായ തന്റെ കടാക്ഷത്താലും, പിന്നീട് അവന്റെ മനസ്സാലും അവരെ അനുഗമിച്ചിരുന്നു. ത

ദനന്തരം ഈ സ്ത്രീ മുമ്പു പ്രസ്താവിച്ചിട്ടുള്ള വിധം ഈ പരിചയെവെച്ചു സൂക്ഷിച്ചു കൊണ്ടു മനോരഥശതങ്ങളിൽ മുങ്ങിപ്പൊങ്ങി കാലയാപനം ചെയ്തിരുന്നു.

മൂന്നാം അദ്ധ്യായം.

നമ്മുടെ പഥികന്മാരുടെ സഞ്ചാരം വൃക്ഷലതാഗുല്മങ്ങളും വിജനങ്ങളും ആയിരുന്ന കന്നിസ്ഥലങ്ങളിൽ കൂടി ആയിരുന്നതിനാൽ സഞ്ചാരക്ലേശം തങ്ങളെ ബാധിയ്ക്കാതിരിപ്പാൻ വേണ്ടി അന്യോന്യം സംതോഷണംചെയ്തുകൊണ്ടിരുന്ന അനേകം സംഗതികൾക്കിടയിൽ ലാവികൻ തന്റെ വംശാവലിയേയും, തങ്ങളുടെ അമ്മയുടെ അകാലമൃതിയേയും തങ്ങളിപ്രദേശത്തുവന്ന താമസിപ്പാനുള്ള സംഗതികളേയും പാരി സംസാരിയ്ക്കുണ്ടായി. തങ്ങളുടെ കൈവശം ഉണ്ടായിരുന്ന പാഥേയംകൊണ്ടു മുത്താഴം കഴിച്ചു പിന്നെയും സഞ്ചരിച്ചു. അന്നു രാത്രി കമലാവതീ പട്ടണത്തിനു സാമന്യം സമീപിച്ചിരുന്ന ഒരു സ്ഥലത്തു ചിരകാലമായി തപസ്സുചെയ്തുകൊണ്ടിരുന്ന ഒരു ക്ഷത്രിയസന്യാസിയുമായി തന്നിച്ചു പരിചയമുണ്ടായിരുന്നതിനാൽ ലാസനുഖൻ അദ്ദേഹത്തിന്റെ അതിഥിയായി ഭവിച്ചു. ഈ വിധം അസമയങ്ങളിൽ വന്നുചേരുന്ന കന്നഭണ്ഡ അതിഥികളെ അധികമായ അസൌകര്യംകൂടാതെ സ്വീകരിയ്ക്കുന്നതിനുവേണ്ടുന്ന തന്റെ ആവാസഗൃഹത്തെ ഒട്ടു പരിഷ്കരിച്ചു വിശാലമാക്കിവെച്ചിരി

ശ്ലോകത്തിന്റെ പുറമെ കരേ ഭോജ്യപേയങ്ങളും സമ്പാദിച്ചു വെക്കണമെന്നുള്ള അദ്ദേഹത്തിന്റെ പ്രതിജ്ഞയിലുറച്ചു.

തന്നിൽ അധിവസിച്ചിരുന്ന മനുഷ്യൻ പ്രപഞ്ചികളായ ഭോഗങ്ങളെ വിട്ടു പരമാനന്ദത്തെ അനുഭവിച്ചു കൊണ്ടിരിക്കുകയാണെന്നു സൂചിപ്പിക്കുന്ന വിധം, ഏകാകിയായി നിന്നിരുന്ന ആ യതിനിലയനം അതിശാന്തമായി കാണപ്പെട്ടു. സൌമ്യങ്ങളായ ശീതകരങ്ങളാലും, മന്ദമാരുതന്റെ ശീതാശീതത്താലും ലാളിയ്ക്കപ്പെട്ടു് ഇരുവരും സന്ന്യാസിമഠത്തിൽ തങ്ങൾക്കു ലഭിച്ച ആതിഥ്യസുഖത്തെ ക്ഷണനേരം വിസ്മരിച്ചുപോയി. ഉദയരവിയുടെ സിന്ദൂരാരുണകരസ്പർശനത്താൽ ഉന്മേഷിതങ്ങളായ വൃക്ഷാഗ്രങ്ങൾ പറവകളുടെ ഉണർത്തുപാട്ടെന്നവണ്ണം ഗാനതരംഗങ്ങളുയർത്തി. പ്രബോധിതന്മാരായ പക്ഷിമൃഗാദികൾ നിത്യകർമ്മാനുഷ്ഠാനങ്ങൾ ചെയ്തു കരേ പ്രാതൽ കഴിച്ചു യതിശ്വരന്റെ അനുഗ്രഹം വാങ്ങി പ്രസ്ഥാനം ചെയ്തു.

തങ്ങളുടെ ദേശസ്ഥലം സമീപിച്ചപ്പോൾ മഹാവാപികാതീരവാസിയായ ലസന്മുഖമഹാമഹനുമായാണ് തന്റെ ഇപ്പോൾ സഞ്ചരിയ്ക്കുന്നത് എന്നും അദ്ദേഹത്തിന്റെ ഭേരിനെ ശോഭനം ചെയ്തുകൊള്ളണം എന്നും ലാവികനോടു് അദ്ദേഹം അരിയിച്ച സമയം ആ യുവാവിന്റെ ചിത്തവൃത്തിയുടെ താളുകതപം അനിർവചനീയമായിരുന്നു. എന്നാൽ അഭിജാതനല്ലാത്ത ആത്മസുഹൃത്തിനെക്കാളും മാന്യമാനനയാകുന്ന പ്രിയതരമെന്നുള്ള ബോധത്താൽ ഏ! അദ്ദേഹം! ആ മഹാൻ!— എന്നു മാത്രം പറഞ്ഞു സംഭ്രമത്തോടെ മിണ്ടാതെ നിന്നു പോയി. പിന്നീടു ഭക്തി

ബഹുമാനവിനയാദിഭാവങ്ങൾക്കു വശംവദമായിരുന്ന തന്റെ ചിത്തത്തെ ക്ഷണത്തിൽ സ്വാധീനപ്പെടുത്തി, 'ചിരകാലമായി ഏതുരണ്ടു മഹാന്മാരുടെ ദിഗ്വിജയ എന്നിൽ ഖലമായുണ്ടായിരിക്കുന്നുവോ, ആതിൽ ഒരു ദേഹത്തെ ഞാൻ ഇപ്പോൾ കണ്ടു; ഇനി അചിരേണ മറ്റൊരു രാജരാജനായി ദിഗന്തവിശ്രാന്തകീർത്തിയായിരിക്കുന്ന അദ്ദേഹത്തെയും കണ്ടു ഞാൻ ലബ്ധകാമനായിത്തീരുമെന്നു വിശ്വസിക്കുന്നു' എന്നു ലുവികൻ പറഞ്ഞു. ഈ സമയം കൊണ്ടു കമലാവതിയുടെ പ്രാന്തഭാഗത്തു് അതിവിസ്തൃതമായ ഒരു മൈതാനത്തു് അന്നത്തെ മഹോത്സവത്തിനുവേണ്ടി പണിതീർത്തുവെച്ചിരുന്ന പടകൂറ്റിരം തങ്ങളുടെ ഇഷ്ടിക ശ്രോച്ചരമായിത്തീർന്നു. അല്പസമയത്തിനായി സോപാനവൈഭവത്തിയുടെ രീതിയിൽ കെട്ടിയിരുന്ന നിവേശസ്ഥാനം, നാനാവർണ്ണാംബരധാരികളായ വിവിധപ്രേക്ഷകന്മാരാൽ അലംകൃതമായി പ്രാവുട് കാലത്തു് അംബരമാർഗ്ഗത്തിൽ പ്രകാശിച്ച കാണാറുള്ള ഇന്ദ്രധനുസ്സുതന്നെ കീഴ്പോട്ടു പതിച്ചിരിക്കുന്നുവോ എന്നു നോക്കുന്നവരെല്ലാം ശങ്കിച്ചുപോകത്തക്കവണ്ണം കാണപ്പെട്ടു. ഉൽസുകങ്ങളായ തന്റെ നേത്രങ്ങളെ ലുവികൻ എങ്ങും സഞ്ചരിപ്പിച്ചു. ഭ്രമരങ്ങൾ കുസുമസ്തബകങ്ങളിൽ എന്നപോലെ അങ്ങുമിങ്ങും സഞ്ചരിച്ചുകൊണ്ടിരുന്ന തങ്ങടെ നേത്രങ്ങൾ ജനബാഹുല്യത്തെത്തുടർന്നായി തന്റെ ആകിജാത്യത്തിനും പടിഞ്ഞിട്ടും അനുരൂപമായി ജനസാമാന്യത്തിൽനിന്നും തന്നെ വ്യവഛിച്ചു പ്രദർശിപ്പിച്ചിരുന്ന അസാമാന്യങ്ങളായ വസ്തുതികളെ ധരിച്ചു നിന്നിരുന്ന രാജാവിന്റെ മുഖാരവിന്ദത്തിൽ ചെന്നു പതിഞ്ഞു.

രാജാവിന്റെ സിംഹാസനത്തിനു സമീപം ഉയർത്തി കെട്ടിയ കരുപീഠികയിൽ നിവേശിതമായിരുന്ന സമ്മാന രത്നത്തെയും അവർ കണ്ടു. അപ്പോൾ ലസന്മുഖൻ 'അല്ലയോ ലാവിക! നീ എന്നെ മഹാനെന്നും പരാക്രമിയെന്നും ലബ്ധയശസ്സെന്നും മറ്റും പറകയുണ്ടായല്ലോ. ഏതാട്ടെ ശങ്കളുടെ പ്രശംസകളെ അപേക്ഷയാ അധികം ധൈര്യത ഈ കാണുന്ന മഹാനാകുന്നു' എന്നു രാജാവെ നിർദ്ദേശിച്ചുകൊണ്ടും 'എന്റെ പ്രായം വരുമ്പോൾ എന്റെ കീർത്തിയെ നിഷ്പ്രഭമാക്കിത്തീർത്തേക്കുമെന്നുള്ള അനേകം യുവാക്കന്മാരെ ഇവിടെ കാണാം. തന്നിൽ മഹത്വസൂചകങ്ങളായ യാതൊരു ഗുണങ്ങളും ഇല്ലെന്നുള്ള ഒരുവന്റെ ബോധം മാത്രം ഒരുവനെ മഹാനാക്കിത്തീർക്കുമെങ്കിൽ, ആ വിധമുള്ള ഒരു ഗുണമല്ലാതെ വേറെ യാതൊരു ഗുണങ്ങളും എനിക്കില്ല' എന്നു തന്നോടുതന്നെ പറയുകയും അവൻ പറഞ്ഞു. അതു കേട്ട് അമാനുഷമെന്നു തനിക്കു തോന്നിയ രാജവിഗ്രഹത്തെ അതിവിസ്മിതനായി ലാവികൻ നിഷ്പ്രതിക്ഷണം നോക്കി കൊണ്ടിരുന്ന മദ്ധ്യേ, രണവിജയത്തിനായി അഹമഹമികയാ വന്നുചേർന്നിരുന്ന വീരപുരുഷന്മാരുടെ അണികളിൽ നിന്നും ഭേരികാഹളശംഖധ്വനികൾ കേൾക്കാറായി. ഇരുകക്ഷികളായി ചിരിഞ്ഞു നിന്നിരുന്ന യോദ്ധാക്കന്മാർ അൾപാത്രധന്മാരായി ആയുധപാണികളായി ഉഭയപാർശ്വങ്ങളിൽനിന്നും അഭിമുഖമായി കുതിരകളെ കുടിച്ചു മദ്ധ്യപ്രദേശത്തെപ്പെട്ടു സങ്കലിച്ചു യുദ്ധം ചെയ്തു തുടങ്ങി. ചിലർ താഡിതരായി കീഴ്പോട്ടു പതിച്ചും ചിലർ പ്രഹരത്തെ തടുത്തും ചിലർ കുതിരയെ

ചാടിച്ചും, മറ്റു ചിലർ സംഘാന്തങ്ങളായി തങ്ങളുടെ ഖഡ്ഗങ്ങളിൽ ഓരോ നയിക്കപ്പെട്ടും, വേറെ ചിലർ കുതിരകളെ തങ്ങളുടെ യജമാനന്മാരെ പ്രോത്സാഹിപ്പിച്ചുകൊണ്ടും വിധം ശിക്ഷിച്ചും അതികോലാഹലമായിരുന്ന ആ വീരവിക്രീഡനം പ്രേക്ഷകന്മാരിൽ ഭയവിസ്മയാനന്ദസംഭ്രമാദികളെ യൊഴുപ്പിച്ചു. അപ്പോൾ ഉണ്ടായ തുമുലരവം ദിക്കെല്ലാം വ്യാപിച്ചു.

ഇതിനുശേഷം ഒരു കക്ഷി സാമാന്യം ചുരുങ്ങിയും മറ്റൊരു കക്ഷിയിൽ ഇന്ന ആളെ സമ്മാനത്തിനു പാത്രമാക്കിയും എന്നു കാണികൾ എല്ലാം സങ്കല്പിച്ചുകൊണ്ടിരിക്കയായിരുന്നു. അപ്പോൾ വേഷച്ഛന്നനായ ഒരു മഹാരഥൻ, തൂരഗാരൂഢനായി സത്വരം ചുരുങ്ങിയ കക്ഷിയിൽ ചെന്നുചേർന്നു. ജയം തങ്ങൾക്കു സുനിശ്ചയമെന്നു വിശ്വസിച്ചിരുന്ന ഭാഗക്കാരെ എതിർത്തു പ്രതിക്ഷണം സ്ഥാനമാനി ബന്ധുവർഗ്ഗങ്ങൾ ഇവരെ നിർവ്വിശേഷം തന്റെ കക്ഷത്തിനു ലാക്കാക്കി കീഴ്പോട്ടുവരിപ്പിച്ചു. കാണികളുടെ മനസ്സിൽ അങ്കുരിച്ചിരുന്ന അഭിപ്രായത്തെ ഉന്മൂലനം ചെയ്ത വിജയത്തെ പ്രതികക്ഷിയിൽ സ്ഥിരീകരിച്ചു. വിദേശിയനെന്നു നടിച്ചിരുന്ന ഈ യോദ്ധാവു തന്റെ യുദ്ധചാടവത്തേയും അശ്വത്തെ അനായാസേന പ്രേരിപ്പിച്ചു നിവർത്തനംചെയ്യുന്ന രീതിയേയും കണ്ട് ഇദ്ദേഹം ലസൻ മുഖനല്ലയോ എന്നു കൂടി ചിലർ ശങ്കിക്കയുണ്ടായി എങ്കിലും അല്ലെന്നു തീർച്ചയാക്കി. ലസൻമുഖൻ ഇവിടെ വന്നിട്ടില്ലാത്ത സ്ഥിതിയ്ക്കു വിദേശീയനായ ഒരുവൻ യുദ്ധത്തിൽ വിജയിയായി രത്നത്തെ അപഹരിച്ചുകൊണ്ടുപോ

കണ്ണാതു കയ്വീരനും വിശിഷ്യ തങ്ങൾക്കും അഗൌരവമായിത്തീരുന്നതാണെന്നു വിചാരിച്ച് ലൂസന്മുഖപക്ഷപാതികളും ഖസ്സുക്കളുമായിരുന്ന സകല യോദ്ധാക്കളും കന്നിച്ചു ചേന്നു തീർമാല കണക്കെ ഈ മഹാരഥനെ പരിവേഷ്ടനം ചെയ്ത് അശ്വത്തെ പാടിവികലമാക്കി. ഉടനെ ഒരുവൻ തന്റെ കന്തത്താൽ അദ്ദേഹത്തിന്റെ കവചത്തെയും മറ്റൊരുവൻ ശണ്ഡപ്രദേശത്തെയും മറ്റു രണ്ടുപേർ പാർശ്വഭാഗങ്ങളേയും ഭീമമായവണ്ണം വിദാരണം ചെയ്തു യോദ്ധാവു നിസ്സംജ്ഞനായി ഭൂമിയിൽ പതിച്ചു.

ദൂരത്തുനിന്നു കണ്ടുകൊണ്ടിരുന്ന ലാഘികൻ, തൽക്ഷണം ദ്രുതഗതിയായ ഒരു അശ്വത്തെ കൊണ്ടുവന്നു ലബ്ധസംജ്ഞനായിരുന്ന യോദ്ധാവിനു കൊടുത്തു കയ്കില്ലും, അദ്ദേഹം തന്നെ മറ്റുള്ളവർ അറിഞ്ഞുപോകരുതെന്നുവെച്ചു ശീഘ്രമായി ആ സ്ഥലം വിട്ടുപോവാൻ ആരംഭിച്ചപ്പോഴേക്കും ജയാശംസിയായ ഭേരികാഹളങ്ങൾ മുഴങ്ങി. രണത്തിനു് അവകാശിയായ യോദ്ധാവു നിഗ്രഹിക്കുന്നതിനെ കണ്ട തത്രസ്ഥന്മാരായ ബഹുയോദ്ധൃന്മാർ അദ്ദേഹത്തെ അനുഗമിക്കുകയും ബഹുമാനമായി ആ രണത്തെ അംഗീകരിക്കുകയെന്നു് അപേക്ഷിക്കയും ചെയ്തുവെങ്കിലും, താൻ അതിനു് അനർഹനാണെന്നും അതിനെപ്പറ്റി യാതൊന്നും തന്നോടു പറയരുതെന്നും തന്നെ ആരും തന്നെ അനുഗമിക്കുകയരുതെന്നും മാത്രം പറഞ്ഞു, തന്റെ ലാഘവത്തെ ഓർത്തു വിഷണ്ണനായി മൌനം ദീക്ഷിച്ചു് ആയാൾ അവിടം വിട്ടു പോയതേ ഉള്ളൂ. അദ്ദേഹം തന്റെ സഹചരനായ ലാഘികനുമായി സമീപിച്ചിരുന്ന ചൂതുവനത്തിൽ

പ്രവേശിച്ചു. അശ്വത്തിൽനിന്നും ഇറങ്ങി ഒരു ശിലാതലത്തിൽ ഇരുന്നു വിശ്രമിച്ചു. തന്റെ ദേഹത്തിലുണ്ടായിരുന്ന രക്തമെല്ലാം ക്ഷാളനം ചെയ്തു വ്രണങ്ങളിൽ നിശിതങ്ങളായ കന്തശകലങ്ങൾ തറച്ചിരുന്നതിനെ വലിച്ചെടുപ്പാൻ ലാവികനോട് ആവശ്യപ്പെട്ടു. അപ്രകാരം ചെയ്യുന്നതു തൽക്കാലം തീവ്രവേദനയ്ക്കു ഹേതുവായിരുന്നതായിരിക്കുമെന്നു ലാവികൻ പറഞ്ഞിട്ടും, അദ്ദേഹം കൂട്ടാക്കാതിരുന്നതിൽ ഒട്ടും ശങ്കിക്കാതെ ദൃഢമായി ഊന്നിയിരുന്ന ആയുധശകലങ്ങളെ ബഹിഷ്കരിച്ചു. അപ്പോൾ വേദനയെ സഹിപ്പാൻ വഹിയാതെ ഭയങ്കരങ്ങളായ ദീനസ്വരങ്ങളെ ആ ധീരനും പുറപ്പെടുവിച്ചു ദീർഘമായി നിശ്വസിച്ചു. ക്ഷതങ്ങളിൽനിന്നും പ്രവഹിച്ച ശോണിതധാരയെ കണ്ടു അദ്ദേഹം മോഹാലസ്യപ്പെട്ടുവീണു.

തങ്ങളെ പൂർവ്വം അതിഥികളായി സ്വീകരിച്ചിരുന്ന ആ സന്ന്യാസി ഇപ്പോളും ഈ രണ്ടു പാന്ഥന്മാരേയും തന്റെ ആശ്രമത്തിലേയ്ക്കു കൂട്ടിക്കൊണ്ടുപോയി വ്രണരോഗത്തിനു വേണ്ട ചികിത്സചെയ്തു രക്ഷിച്ചുവെങ്കിലും, ആ യുധവീരൻ ഇഹപരലോകമുപേക്ഷിച്ചതന്നെ കഴിഞ്ഞ ദിവസം കഴിച്ചുകൂട്ടി. സാമാന്യം രണ്ടു മാസംകൊണ്ടു മുറിയെല്ലാമുണങ്ങി സുഖമായി.

കമലാവതീനഗരമൈതാനത്തിൽനിന്നും ആ വിജയി മണ്ണും മിണ്ണാതെ പോയശേഷം, എല്ലാ യുധവീരന്മാരും കണ്ടുനിന്നിരുന്ന പ്രമാണികളും രാജാവോടു അസാമാന്യമായ പ്രയോഗസാമർത്ഥ്യത്തെ പ്രശംസിച്ചു. ആ അത്ഭുതത്തെ കണ്ടുപിടിച്ച രത്നാകരത്തെ കൊടുക്കേണ്ടതാണെന്നു രാ

പേക്ഷിച്ചു. ലൂസനുഖെയുല്യനായ അദ്ദേഹം തന്നെയാണ്, സംഭാവനയ്ക്കു യോഗ്യനെന്നു മാത്രമേ നിസ്സംശയം പറഞ്ഞതു. കഠിനമായി വ്രണമേറ്റിരിയ്ക്കുകൊണ്ടു വളരെ ദൂരത്തെങ്ങും ചെന്നിരിയ്ക്കുവാൻ പാടില്ലെന്നും അദ്ദേഹത്തെ അനേഷിച്ചു പോകാതെ കൊടുക്കാതെ മടങ്ങിപ്പോരുതെന്നും ആ ധീരന്റെ പൂർവ്വാചാരവൃത്താന്തങ്ങളെല്ലാം അറിഞ്ഞുവരേണമെന്നും തന്റെ ഭഗ്നസേനയ്ക്കായ ശ്രമലാഘവത്തോടു് ആജ്ഞാപിച്ചയച്ചു.

ധീരപ്രധാനം മുതലായ ആഡംബരസമയം, തനിയ്ക്കു താമസിപ്പാനില്ലാതെ പോകേണ്ടിവന്നതിൽ മൈമനസ്യം ഉണ്ടായിരുന്നു എങ്കിലും, രാജകല്പനയെ അനുസരിക്കാതിരിപ്പാൻ അക്ഷമനായി ഈഷൽകുപിതഹൃദയനായി അശ്വാരോഹണം ചെയ്ത ശ്രമലാഘവൻ യാത്രയായി. തദനന്തരം രാജവു ധീരപ്രധാനോദ്യോഗങ്ങളിൽ കഴിച്ചു സർവ്വരോടും ഉല്ലാസമായി സംഭാഷിച്ചു സുഖിച്ചിരുന്നു എന്നു പറയാതെ കഴിയില്ലെങ്കിലും, തന്റെ സന്നിധിയിൽ വരുന്നതിനും സന്ദർശനസംഭാഷണങ്ങൾക്കും അവസരം ലഭിക്കുന്നതിനും എത്രയോ മഹാന്മാർ വന്നു കാത്തുനിലുന്നതു പതിവായിരിക്കെ സമ്മാനം വാങ്ങി വന്നിപ്പോകുന്നതിനു സുലഭമായിത്തീർന്ന ഈ സന്ദർഭത്തിലും തന്നോടും തന്നാവിശേഷത്തോടും കട്ടും തണ്ടെ ശണ്ഠയ്ക്കാതെ പോയ ധീരപുരുഷന്റെ യോഗ്യതായോഗ്യതകളെപ്പറ്റി വിചാരിച്ച ക്രോധവിസ്മയം പൂണ്ടും പുനർനിമിത്തം തനിയ്ക്കു ചെല്ലുവാൻ സാധിയ്ക്കുന്നതല്ലെന്നു രാജധാനിയിൽവെച്ചു പറഞ്ഞു എങ്കിലും പിന്നീടു വീണ്ടും വിചാരണ ചെ

യ്യ ലസന്മുഖൻ വ്യാജോക്തിദോഷപരിഹാരത്തിനും പ്ര
ശസ്തിയെ ദിഗ്ദ്രണീകരിയ്ക്കുന്നതിനുംവേണ്ടി പ്രച്ഛന്നവേ
ഷനായി ചെന്നതായിരിയ്ക്കുമോ ആ വീരപുരുഷനെന്നു ശ
ങ്കിച്ചും, അങ്ങിനെയിരിയ്ക്കുമെങ്കിൽ ഇപ്പോൾ പ്രണയൽ
അധികരിച്ചിരിയ്ക്കുമല്ലോ എന്നു വിചാരിച്ചു വ്യസനിച്ചും,
പക്ഷേ അതുമൂലം മുതിർകുടി ആ മഹാനെ സംഭവിയ്ക്കയില്ല
യോ എന്നു വിചാരിച്ചു ഭീതി പൂണ്ടും അസ്വസ്ഥചിത്ത
നായി തന്നെ രണ്ടു ദിവസം അവിടെ കഴിച്ചുകൂട്ടി.

മൂന്നാം ദിവസം ഉഷസ്സിൽ അഗ്രഗന്യന്മാരായിരുന്ന
എല്ലാ മഹാന്മാരേയും യാത്രയയച്ചു താനും യാത്രപറഞ്ഞു
സച്ചാരുധാന്നിയിൽ എത്തി. വിളംബനാസഹിഷ്ണുവായി
മഹാരാജ്ഞിയെ ചെന്നു കണ്ടു കുശലപ്രശ്നം ചെയ്തു കഴി
ഞ്ഞു അനന്തരക്ഷണത്തിൽ മഹാരാജാവ് "അല്ലയോ
പ്രിയേ! ലസന്മുഖൻ എവിടെ?" എന്നു ചോദിച്ചു. മഹാ
രാജ്ഞി സസംഭ്രമം "അദ്ദേഹം എവിടെ എന്ന്" എന്നോ
ട് ചോദിച്ചാൽ ഞാൻ എന്തു പറയട്ടെ? അവിടെ കണ്ടി
ല്ലേ? വിജയിയായിത്തീർന്ന രണത്തെ കുസ്ഥമാക്കിയി
ല്ലേ?" എന്നും ചോദിച്ചു. അപ്പോൾ രാജാവ് "ഇല്ല, അ
ദ്ദേഹമല്ല ജയിച്ചത്; എന്നാൽ പ്രകൃനിഷ്ണസാമ്യംകൊ
ണ്ട് അദ്ദേഹത്തോട് സദൃശനായിരുന്ന മറെറാരു ചാരു
ശീയനാണ് വിജയിയായി ഭവിച്ചത്" എന്നു പറഞ്ഞു. ഉ
ടനെ "ആ സദൃശൻ അദ്ദേഹം തന്നെ ആയിരിയ്ക്കുന്നു
സംശയമില്ല" എന്നു മഹാരാജ്ഞിയും പറഞ്ഞു. രാജ്ഞി
ആ കാര്യം എടുത്തുകൊണ്ട് അത്യുദ്ധതമായി പറഞ്ഞതെ
ന്നു രാജാവു വീണ്ടും ചോദിച്ചു.

"അല്ലയോ പ്രഭോ! ഇവിടുന്നു എഴുന്നള്ളി വളരെ ദൂരം ചെന്നിരിയ്ക്കുന്നതിന്നു മുമ്പായിത്തന്നെ ലസന്തുഖൻ എന്നോടു ഇവ്വണ്ണം പറഞ്ഞു: "രത്നവിജയങ്ങളിൽ ഞാൻ ചെല്ലുന്ന സമയം വീരന്മാരെല്ലാവരും തങ്ങളുടെ ജയത്തിൽ നിരാശന്മാരായിത്തീർന്നു എന്റെ കന്തസ്പർശനമാത്രത്തിൽ ഭൂമിയിൽ വീണുപോകുന്നു. ജയേച്ഛയുള്ളവരായ അവർ അമർ ചെയ്യുന്നില്ല. അതിനാൽ അന്യന്മാർക്ക് എന്നോടു യുദ്ധം എനിയ്ക്കു അന്യന്മാരുടേയും യുദ്ധസാമർത്ഥ്യത്തെ അറിവാൻ അവകാശം കിട്ടിയിട്ടില്ല. ഞാൻ ജയിയ്ക്കും; ല്ല. സൂക്ഷ്മം ആലോചിച്ചാൽ എന്റെ പ്രസിദ്ധനാമധേയമാകുന്നു ഇതുവരെ ജയിച്ചതു്. അതിനാൽ ഞാൻ ഛദ്മകാരനായി രാജാവെക്കൂടി അറിയിയ്ക്കാതെ ചെന്നു എന്റെ ഖണ്ഡത്തെ ബലം അന്യൂനമായി ഇപ്പോഴും ഇരിയ്ക്കുന്നുണ്ടോ എന്നു് അറിവാൻ ആഗ്രഹിക്കുന്നു. അതിനാൽ രാജാവോടു കള്ളം ഒഴികഴിവു പറകയും ചെയ്തു. ഇതിനാൽ "അസത്യവാക്കു്" എന്ന ദോഷലേശം എനിയ്ക്കു പറ്റുമെങ്കിലും പൂർവാധികമായ രാജപ്രീതിയ്ക്കും നൂതനകീർത്തിയ്ക്കും പാത്രമായിത്തീരുമെന്നാണു ഞാൻ വിശ്വസിയ്ക്കുന്നതു്" എന്നു പറഞ്ഞ ഉടനെ വേഷം മാറി ഇവിടെ നിന്നും പുറപ്പെട്ടുപോയി" എന്നു രാജ്ഞി അറിയിച്ചു.

അപ്പോൾ രാജാവു് "നിർദ്ദോഷമായാണെങ്കിലും തഥ്യവിരോധത്തെക്കാൾ സുലഭവും വിശ്വാസ്യവുമായ രാജാവോടു യഥാർത്ഥത്തെ ഉണർത്തിക്കുന്നതു കൂടെക്കൂടി ഭംഗിയായിരിക്കും. എന്നാൽ ലസന്തുഖന്റെ ബലപരാക്രമത്തെ നമ്മുടെ സാമാജികന്മാരെല്ലാം ക്രമത്തിൽ അധി

കം വലുതായി വിചാരിച്ചുപോയ എന്നുള്ളതു സത്യം തന്നെ. അതൊക്കെ ഓർക്കുമ്പോൾ എനിയ്ക്കു് ഔസിയ്യാരിച്ചിപ്പാൻ കഴിയുന്നില്ല എങ്കിലും അതിനു സമയം ഇതല്ല. വല്ലാത്ത കഷ്ടമായ്പോയി. അയാളുടെ ഇഷ്ടമിതുപ്രകാരമായിരിയ്ക്കുന്നു എന്നുമാത്രമേ ഇതൊതികളിൽനിന്നു അയാളെ കല്പിച്ചുകൂട്ടി എതുത്തു് അതികഠിനമായി പരുക്കേല്പിച്ച കഷ്ടം!!

എന്നാൽ ആയാൾ പറഞ്ഞതെപ്പോലെ നിരാലംബനല്ല എന്നറികയാൽ ഒട്ടു് ആശ്വാസത്തിനു് അവകാശം ഉണ്ടു് എന്നു തോന്നുന്നു. എന്തുകൊണ്ടെന്നാൽ, യൂസുഫയും ഒരു നാഭീശിരോമണിയാൽ നല്കപ്പെട്ട ഒരു ചുവപ്പു വസ്ത്രം അല്പം ധരിച്ചിരുന്നതിനാൽ ആയാൾ ഇപ്പോൾ സഭാപതിയുടെ നായിരിക്കണമെന്നു് ഊഹിയ്ക്കേണ്ടിയിരിക്കുന്നു" എന്നു പറഞ്ഞു.

"ഞാനും അവിധം വിചാരിച്ചു മാത്രമാണു് ഇപ്പോൾ പേടിയ്ക്കുന്നതു്" എന്നു പറഞ്ഞു തീരുന്നതിനു മുമ്പു തന്റെ മുഖത്തു സ്പഷ്ടമായി പ്രകാശിച്ച ഈഷ്യാസ്സയാലിവികളെ രാജാവു് അറിഞ്ഞു പോകാതിരിക്കണമെന്നു വെച്ചു ഉടനെ മുഖം തിരിച്ചു രാജ്ഞി തന്റെ ശയ്യാഗാരം പ്രവേശിച്ചു മഞ്ചത്തിൽ ഔസ്ഫാരാങ്കുകളെ പ്രക്ഷേപിച്ചു കരങ്ങളെ അന്യോന്യം പേഷണം ചെയ്തു വല്ലു കടിച്ചു ദീർഘം നിശ്വസിച്ചു "വിശ്വാസഘാതകൻ" എന്നു പറഞ്ഞു് അശ്രുക്കളെ പ്രവഹിപ്പിച്ചു. കഞ്ചുകത്തിൽ മുഖത്തെ അവലംബിച്ചു് അരമനവൃത്താന്തയിൽ അവിടവിടെനിന്നും ചരിച്ചും വിചാരസാഗരമഗ്നയായി കഴിച്ചുകൂട്ടി.

രാജാജ്ഞയെ അനുസരിച്ചുപോയ ശാല്വൻ മേൽ പ്രസ്താവിച്ച ചൂതുവനത്തെ ഒഴിച്ചു മറ്റെങ്ങും ആ മഹാരഥനെ അന്വേഷിച്ചുനടന്നു കാണാതെ അപ്പുറുകദേശത്തിലെ സീമന്തഭവനത്തെ പ്രാപിച്ചു. ഭവനത്തെപ്രവിഷ്ടനായ പ്രിയഭർത്താവിനെ കണ്ട ഇളാവതി തന്റെ പ്രാണപ്രിയന്മാരായ രണ്ടുപേരുടേയും വർത്തമാനങ്ങളെ അദ്ദേഹത്തിൽനിന്നും ശ്രദ്ധിക്കാം എന്നു കരുതി സ്നേഹപൂർവ്വം ചെന്ന് എതിരേറ്റു. പതിവായുള്ള കുശലപ്രശ്നങ്ങളെ കഴിച്ചും ചോദിക്കാതെ 'ചൂതുവനം ഒരു പതക്കം ധരിച്ചിരുന്ന മഹാരഥനല്ലേ ഈ കൊല്ലം വിജയം പ്രാപിച്ചത്?' എന്നു ചോദിച്ചു. 'അതെ; എന്നാൽ തന്നിഷ്ടപാശഭംഗങ്ങളിൽ കഠിനമായേറെ ക്ഷതങ്ങളാൽ അദ്ദേഹം അവിടംവിട്ട് എങ്ങുപോയി എന്നറിയുന്നില്ല' എന്ന പ്രിയ ഉത്തരം പാതി ക്ഷണത്തിൽ ഇളാവതി തന്റെ ഇരുഭാഗങ്ങളിലും എന്നുവേണ്ട ഏതുഭാഗത്തിൽ തന്നെ ഗുരുതരമായ ഒരു മുസലം എറിഞ്ഞവിധം നെടുവീർപ്പിട്ടു മൃതപ്രായയായിത്തീർന്നു. ഇതുകണ്ടു സംഭ്രമിച്ചുപോയ അദ്ദേഹം അവളെത്തന്നെ നോക്കിനിന്നുകൊണ്ടിരുന്നു. ജന്മി അപ്പോൾ അവിടെ എത്തി.

അദ്ദേഹത്തോട് താൻ ഉദ്ദേശിച്ചുവന്ന കാര്യമെല്ലാം വഴിപോലെ അറിയിക്കയും മാർഗ്ഗപരിശ്രാന്തനായ തനിക്ക് ഇന്നി എങ്ങും ചെല്ലുവാൻ കഴിവില്ലെന്നു പ്രസ്താവിക്കയും ചെയ്തു. അദ്ദേഹം മൃഗവിജയത്തിനു പോകുന്ന വഴിയിൽ ഇവിടെ ഒരു ഗേഹം താമസിച്ചു; തന്റെ സ്വന്തപരിചയെ ഇവിടെ ഏല്പിച്ചു പോയിട്ടുണ്ടു മറ്റൊന്നു

തന്റെ ആവശ്യത്തിനായി കൊണ്ടുപോയിരിക്കുന്നു. താമസിക്കാതെ അതു തിരിയെ കൊണ്ടുപോവാൻ ഇവിടേയ്ക്കു നേരെ വരികയോ ആളയയ്ക്കുയോ ചെയ്യും; അതുമല്ല അദ്ദേഹത്തോടുകൂടി എന്റെ ഇളയമകൻ പോയിരിക്കുന്നു. അതിനാൽ താമസിക്കാതെ വിവരങ്ങൾക്കു കുറെ കത്തെങ്കിലും കിട്ടണം. അതിനാൽ ഇവിടുന്ന് എന്തിന്? ഇതു അദ്ധ്വാനിയ്ക്കുന്നു? സമ്മാനത്തുകയെ എന്റെ വശം ഏല്പിച്ചാൽ ഒട്ടും ഉപേക്ഷകൂടാതെ നേരെ കണ്ടു കൊടുക്കുന്നതിലും അധികം എന്നെ പറയുവാൻ തരമില്ലെന്നേ ഉള്ളു ഒട്ടും ശങ്കിയ്ക്കേണ്ട" എന്നു ജന്മി അഭിപ്രായപ്പെട്ടു. ഇങ്ങിനെ ഉള്ള സ്ഥലങ്ങളിൽ മയ്യാളിയെ ഒട്ടും കൂട്ടാക്കുകയില്ലെന്നു വിചാരിച്ച് ആ അഭിപ്രായത്തെ അംഗീകരിച്ചുവെങ്കിലും അവിടെ കുറേനേരം താമസിയ്ക്കാതെ പോവാൻ ഇഷ്ടമായിരുന്നില്ല. അവിടെ ഇരുന്നു ലോകവൃത്തമാറ്റങ്ങളെ കുറിച്ചു പറഞ്ഞുതുടങ്ങി. സംഭാഷണമദ്ധ്യത്തിൽ ചില സംസ്കൃതശ്ലോകങ്ങളോടുകൂടി അർത്ഥാന്തരഗർഭിതങ്ങളായ ചില സംസ്കൃതവാക്കുകളെ അവിടവിടെ ചേർക്കയും തന്റെ വാചാലതയെ പ്രദർശിപ്പിക്കയുമെന്നുവെച്ചു ഭർത്തൃഹരിശതകത്തിലെ ചില ശ്ലോകങ്ങളും അസ്ഥാനത്തു സംഗീതമട്ടുകളും ഇടയ്ക്കിടെ ചില കൺവെട്ടുകളും മറ്റു പൊടിക്കൈകളും പ്രയോഗിക്കയും ചെയ്തു. എന്തിനു വളരെ പറയുന്നു? മത്തവിലാസത്തിലെ സുന്ദരയ്യന്റെ സ്ഥിതി വർണ്ണിച്ചിരിക്കുന്ന ആ ഗ്രന്ഥകർത്താവ് ഇദ്ദേഹത്തെ മനസ്സിൽ വെച്ചുകൊണ്ടായിരിക്കണം എഴുതിയത് എന്നു പറഞ്ഞാൽ കുഴപ്പമില്ലാ. അതുപോലെതന്നെ ഇദ്ദേഹം

ഒടുവിൽ ഇളാവതിയാൽ കാണപ്പെടുന്ന ശാസിയ്ക്കപ്പെട്ട. പ്രിയതനായി ഔരവമുള്ള ആലോചനകളിൽ എന്നവണ്ണം മിണ്ടാതെ ഇരിപ്പായി. ഈയിടയ്ക്ക് ഇളാവതി "എന്തെല്ലാം ഭോഷത്തങ്ങളാണിത്. ഇതിനാലുണ്ടാവുന്ന പേരായ നിങ്ങളുടെ പ്രേമിക്കുന്നവർക്കും നിങ്ങളെ വിശ്വസിച്ച ബാല്യസ്ത്രീയുള്ള ഈവിധ പ്രവൃത്തികളിൽ എപ്പോഴുത്തുന്ന മഹാരാജാവിനും പറ്റുന്നതാണെന്ന് ആലോചിക്കേണ്ടതാണ്. വന്നകാര്യത്തെ സംബന്ധിച്ച പറവാനുള്ളതു പറഞ്ഞുപോവാം" എന്നു വരഞ്ഞു.

അവസാനം മാത്രം കേട്ട വിമനോരഥനായിരുന്ന മൌനവ്രതത്തെ പിന്നിനെ അവസാനിപ്പിക്കേണ്ടു എന്ന സപല്പം ആലോചിച്ചിട്ട് "അദ്ദേഹത്താൽ ഇവിടെ നിക്ഷിപ്തമെന്നു പറയപ്പെട്ട പരിചയെ എനിയ്ക്കു കാണിച്ചുതരാമോ?" എന്നു അദ്ദേഹം ചോദിച്ചു. അപ്പോൾ അദ്ദേഹത്തിന്റെ അപേക്ഷപ്രകാരം ആനയിക്കപ്പെട്ടതുശരീരത്തിന്റെ പൂർവ്വഭാഗത്തെ മേല്പോട്ടയത്തി ബലവത്തുക്കളായ ബാഹുക്കളെ യുദ്ധസന്നദ്ധങ്ങളാക്കി പിടിച്ച പ്രതീപ്തങ്ങളായ മിഴികളാൽ ഉപശോഭിതമായ വദനഗഹ്വരത്തെ തുറന്നും, സ്ഫുലിംഗങ്ങളെപ്പോലെ ജ്വലിയ്ക്കുന്ന കണ്ണുകളെ തുറിപ്പിച്ചുകൊണ്ട് അന്യോന്യം അഭിമുഖീകരിച്ചുനില്ക്കുന്ന രണ്ടു കേസരികളാൽ ഉപലക്ഷിതമായും കാണപ്പെട്ട ആ പരിചയുടെ ഉടമസ്ഥൻ ലസന്തുഖൻ തന്നെ എന്നു തനിയ്ക്കു ബോദ്ധ്യംവന്ന ഉടനെ ഊരുതാഡനം ചെയ്ത് ഉറക്കെ ചിരിച്ചു "മഹാരാജാവിന്റെ ശങ്ക യഥാർത്ഥമായിരുന്നല്ലോ" എന്നു പറഞ്ഞു. അപ്പോൾ "രാ

ജസദസ്യന്മാരിൽവെച്ച ശ്രേഷ്ഠതമനാണ് ഇദ്ദേഹം എന്ന് എന്റെ ശങ്കയും വ്യർത്ഥമായിത്തീർന്നില്ല" എന്ന് ഇളാവതിയും പറഞ്ഞു. "ഈ മഹാരഥൻ നിന്റെ പ്രിയസമനായിരിക്കും എന്നുള്ള എന്റെ അഭിപ്രായവും അപ്പോൾ വാസ്തവമായിരിക്കണം എന്നു ഞാൻ വിചാരിക്കുന്നു. എങ്കിലും ഒരുത്തന്റെ സൂക്ഷ്മം നീ അല്ലേ അറിയൂ? അതിനാൽ നിന്നെക്കുറിച്ച് എനിക്കുള്ള അനുരാഗം വ്യർത്ഥമായ്തീർന്നുപോയോ? എങ്ങിനെ? നീ പറയുക" എന്നിങ്ങിനെ അദ്ദേഹം ചോദിച്ചു. വാസ്തവത്തിൽ ഇവർക്കു പരസ്പരം ഏകമുഖനെ കുറിച്ച് എന്തോ ഒരു ബലമായ സ്നേഹം മാത്രമേ ഉണ്ടായിരുന്നുള്ളൂ അഥവാ സ്നേഹം, വാത്സല്യം, പ്രേമം, അനുരാഗം, പ്രണയം ഇത്യാദി പദങ്ങളെ കേവലപര്യായശബ്ദങ്ങളായി മാത്രമേ ഇവർ മനസ്സിലാക്കിയിരുന്നുള്ളൂ. എന്തുകൊണ്ടെന്നാൽ, ശൈശവാരംഭംതൽക്കാലം സഹോദരന്മാരുമായി മാത്രം ഇടപഴകി കാലം കഴിച്ചുവന്നിരുന്ന ഈ കന്യകയ്ക്ക് പ്രണയം എന്നുള്ള പദത്തിന്റെ തത്ത്വാർത്ഥം അറിവാൻ ഇടയുണ്ടായിട്ടില്ല. അതിനാൽ അവൾ തനിക്ക് ദാമ്പത്യം എന്ന സ്നേഹവിശേഷത്തിന്റെ തത്ത്വം അല്ലെങ്കിൽ സ്വാത്മാർപ്പണം ഇല്ലെന്നും, തന്റെ സഹോദരന്മാർ ഈവക സ്വാർപ്പണങ്ങൾ ചെയ്യുമ്പോൾ അവർ തങ്ങൾക്കു തന്നെ അറിവില്ലാത്ത ഒരു വിഷയത്തെപ്പറ്റി സംസാരിക്കയാണെന്നും ആ വിഷയത്തെപ്പറ്റി സംസാരിയ്ക്കുന്ന ദേഹം തന്റെ ഭർത്താവായിരുന്നാൽ ചോദിച്ച മനസ്സിലാക്കാമായിരുന്നു എന്നും മാത്രമേ ഞാൻ വിചാരിക്കാറുള്ളൂ എന്നും മറുപ

ടി പറഞ്ഞു. എന്നാൽ അദ്ദേഹം പറഞ്ഞപോലെ ഇവർക്ക ലസനുഖനെ കരിച്ചുള്ള ദുഃഖം ഭർത്തൃസ്നേഹമാണെന്നിരിക്കിൽ അവർക്ക ലസനുഖനിൽ സ്വാതിശയിയായ അനുരാഗമുണ്ടെന്നും അവർ ഉത്തരം പറഞ്ഞു.

നിഷ്കപടമായ നിന്റെ വാക്കിൽനിന്നും നീ അദ്ദേഹത്തെ സ്വാത്മനാ സ്നേഹിക്കുന്നു എന്നു ഞാൻ സ്പഷ്ടമാണം പറയാം എങ്കിലും, ഇപ്രകാരം അദ്ദേഹം സ്നേഹിക്കുന്നതു പോലെ ഒരു ദേഹത്തെയാണ് എന്നു നീ അറിഞ്ഞിട്ടില്ലയായിരിക്കാം. പക്ഷെ ഞാൻ അതിനെപ്പറ്റി പറയുന്നതു നിനക്ക് അത്ര രസിക്കുന്നില്ലയായിരിക്കും അല്ലേ? എന്നാൽ അതു പോകട്ടെ എന്തെ ഇത്ര ധൃതി? ഒരു ക്ഷണനേരം കൂടിയെ നിന്നെ താമസിപ്പിക്കയുള്ളു. തന്നെ സ്നേഹിച്ചിരിക്കുന്ന ആളെ വിട്ട വഞ്ചകനെന്നു വേഗം സ്ഥാപിപ്പാൻ ശ്രമിക്കുമോ? ഒരിക്കലും ഇല്ല അത്ര തുച്ഛനല്ല. പക്ഷെ ആകെയറിയാം. ചാപല്യം മനുഷ്യനു സഹജമാണല്ലോ. എന്തായാലും അവളുടെ എന്റെ മാസ്സിൽനിന്നും ആവിധ വിചാരങ്ങളും ദൂരസ്ഥങ്ങളായിരിക്കട്ടെ. ഈ വിഷയത്തിൽ അദ്ദേഹത്തിനു വിപരീതം പ്രവർത്തിക്കുന്നത് എനിക്കത്ര ഉചിതമായിത്തീരുന്നതല്ല. ഛേ കുശാഗ്രി! അദ്ദേഹം ഇപ്പോൾ എവിടെ ഇരിക്കുന്നു എന്നു നീ തീർച്ചയായും അറിയുമെന്നു ഞാൻ വിശ്വസിക്കുന്നു. അതിനാൽ ഈ രണ്ടാമത്തെ സംബന്ധിച്ചുടത്തോളം ഉള്ള സർവ്വബാദ്ധ്യതകളേയും നിന്നിൽ ഏല്പിച്ചിരിക്കുന്നു രണ്ടുപക്ഷമായാലും നിന്റെ കയ്യിൽനിന്നും ഇതിനെ സാധിക്കുന്നതു അദ്ദേഹത്തിനു് അത്യാപേക്ഷികമായിത്തീരുമാറ്

പ്രയാസം. എന്തായാലും രത്നം രത്നം തന്നെ. നിനക്ക കല്യാണം ഭവിക്കട്ടെ. നിന്റെ ആ ശ്രമം സാധിച്ചാൽ നാം രണ്ടുപേരും രാജധാനിയിൽചെന്നു വീണ്ടും കണ്മണി നിടവരും. പ്രഭുക്കളും അവരുടെ സ്ത്രീകളുമായി കൂടെ പരിചയിക്കുമ്പോൾ രാജശ്രേഷ്ഠങ്ങളിലെ ആചാരങ്ങളും സമ്പ്രദായങ്ങളും നിനക്ക് അറിവാൻ ഇടവരും; അപ്പോൾ നമുക്കും തമ്മിൽ തമ്മിൽ കുറേക്കൂടി നല്ലവണ്ണം പരിചയമുണ്ടാകും.'' എന്നു പറഞ്ഞു രത്നാവലി കൊട്ടത്തു ആ പാദമൂഡ്യം ആ സ്ത്രീയെ ഒന്നു നോക്കി ശമനോദ്യുക്തനായി മാഗ്ഗ്രമത്താൽ ക്ഷീണിച്ചിരുന്ന തന്റെ കുതിരയെ ഉത്സാഹിപ്പിച്ചുണർത്തുവാൻ ചില ശബ്ദങ്ങൾ പുറപ്പെടുവിച്ചു തന്റെ താല്ക്കാലികമനോവൃത്തിയെ അനുസരിച്ചു ചില ശൃംഗാരചേഷ്ടകളെ കൂട്ടിക്കൊണ്ടു മന്ദം ഗമിച്ചു.

നാലാം അദ്ധ്യായം.

യഥാകഥമപി ശാലവൻ രാജമന്ദിരം പ്രാപിച്ചു എങ്കിലും രാജാവിന്ന് ആ മഹാരഥനെ സംബന്ധിച്ചു പൂർണ്ണമായ യാതൊരു അറിവും ലഭിച്ചില്ല. എങ്കിലും താൻ ചെയ്തിട്ടുള്ള അബദ്ധാനന്തരവും മറ്റും രാജാവിന്റെ അരിശം കൊടുക്കാതിരിപ്പാൻ പോരില്ലെന്നു വിചാരിച്ചു ശാലവൻ ''ഹേ പ്രഭോ! ഞാൻ സാമാന്യമെല്ലാം തിരഞ്ഞു നോക്കിയിട്ടും അദ്ദേഹത്തെ കാണ്മാൻ കഴിഞ്ഞില്ല. എന്നാൽ യാതൊരുത്തിയാൽ കൊടുക്കപ്പെട്ട പതക്കം അങ്ങേക്കു ധരിച്ചുകൊണ്ടിരുന്നുവോ, ആ സ്ത്രീയെ ഞാൻ കണ്ടു

തന്റെ പരമാനവിശ്വാസംകൊണ്ടു മാത്രമേ പരന്മാർ തന്നെ വിശ്വസിക്കയുള്ളു എന്നുള്ള വിചാരത്തെ രാജപുരുഷന്മാരായ മാളശന്മാർ അവശ്യം ആചരിച്ചു കാണിക്കേണ്ടതാണെന്നു വിചാരിച്ച് ആ കാമിനീമണിയുടെ കയ്യിൽ ആ രത്നത്തെ കൊടുത്തു. ആ സ്ത്രീ എത്തിയിട്ടുണ്ടെന്ന സ്ഥലത്ത് എത്തിക്കും. അദ്ദേഹം ഇരിയ്ക്കുന്ന സ്ഥലം ആ വീടിക്ക് അറിവുണ്ടെന്നു മാത്രമല്ല, അദ്ദേഹത്തിൽ ആ വീടിക്കുള്ള ഒരു വിശ്വാസത്തിന്റെ സ്ഥിതി പറവാൻ ആ സാമർത്ഥ്യം[22] എന്നും മറ്റും പ്രലപിച്ചു തുടങ്ങി.

അനഭ്യസ്തകോപശീലനായ മഹാരാജാവ് ഈ ദുഷ്കർമ്മിയായ അകാര്യോപദേശിക്കുള്ള ഔദ്ധത്യത്തെ കേട്ടു രൌദ്രാകാരനായി. "അതിമയ്യാടിക്കുമോൻ; പ്രജകൾക്കു രാജഭക്തിയും തന്നെ വിധേയത്വവും ആകുന്ന പരമകാഷ്ഠയെ പ്രാപിച്ചു മയ്യാട എന്നറിവാൻ കഴിയാത്തവൻ; പാർത്ഥിവാജ്ഞയെ അവസ്ഥാമാക്കിത്തീർക്കുന്നതിനേക്കാൾ പരമമായ കൃത്യം വേറെ ഒന്നുമില്ലെന്നറിവാൻ കഴിയാത്ത ഈവിധ്യക്കാരെ ഇനി ഒരിക്കലും രാജകാര്യങ്ങളിൽ വിശ്വസിച്ച് എടപ്പെടുത്തിക്കളയരുത്[23] എന്നു പരമത്ത് അവിടെനിന്നും തിരിച്ചു. അതിന്റെ ശേഷം കോപാവേശത്തോടുകൂടി എങ്കിലും, മുകനെപ്പോലെ നിന്നിരുന്ന രാജഭാഗിനേയിയും ശിരഃകമ്പനപൂർവ്വകം പോയി. ക്ഷണത്തിലെ തൈലബിന്ദു കണക്കെ ഉത്തരനഹൃദയനായ അദ്ദേഹത്തിന്റെ മുഖത്തിൽനിന്നും ഗ്രഹിച്ച ഇളാവതീലസന്തുഖന്മാരുടെ കഥാനാദ സംശ്രവണങ്ങളിലും അചിരേണ വ്യാപിച്ചു. ഈ ഉദന്തം രാജാവിലും രാജ്ഞിയിലും ഏതുവിധമായ മനോ

ദേവത്തെ ജനിപ്പിച്ചിരിക്കുന്നു എന്ന് അറിവാൻ ആഗ്രഹിച്ചു കാണുന്നവരെല്ലാം ആവങ്കടെ മുഖത്തെ സൗന്ദര്യം നോക്കി പലവിധമായി ആലോചിച്ചു.

ലവനുവന്റെ ശ്രദ്ധയെ കൂടി ആകർഷിക്കത്തക്കയോഗ്യതയുള്ള ആ സ്ത്രീയുടെ സൌന്ദര്യം എങ്ങിനെ ഉള്ളതായിരിക്കുണം എന്നു വിചാരിച്ചു ചിലർ വിസ്മയിക്കയും വേറെ ചിലർ ഇദ്ദിഹത്തിന്നു ആ യുവതി കരിയ്ക്കുലും ആ രൂപവതിയായിരിയ്ക്കില്ലെന്നു വിപരീതമായി ആലോചിയ്ക്കയും ചെയ്തു ഈ വൃത്തമാനം രാജ്യമെല്ലാം വ്യാപിച്ചു. രാജമന്ദിരത്തിൽ വിരുന്നുസമയങ്ങളിൽ ലോകന്മാർ പറഞ്ഞുവന്നിരുന്ന മംഗളാശംസാരീതിയെ തിരോധാരി ലവനുവന്റെ പേരിനെ ഇളവതിയുടെ പേരോടു ചേർത്തു പറയുന്നതു തുടങ്ങി. ഈവിധമായ പ്രസ്താവം രാജ്ഞിയ്ക്കു കണ്ണുശൂലമായിത്തീർന്നു. തന്നെ കാണുന്ന വൃദ്ധസ്ത്രീകളെല്ലാം തന്റെ ഇംഗിതത്തെ അറിവാൻ ആഗ്രഹിച്ചു പ്രത്യേകം പ്രത്യേകം വാക്കുകൊണ്ടുമുഖേനയും അപ്രസ്തുതപ്രശംസാമൂലമായും രാജ്ഞിയോടു പറയാതെ പോകാറില്ല.

അതി ദുരസ്ഥയും, അനപരാധിനിയും, രാജ്ഞിയുടെ പരമമിത്രവും ആയിരിയ്ക്കുന്ന ഇളവതി ഏകവാരദർശനമാത്രത്തിൽ ഭ്രാന്തവേശം പോലെ മനസ്സിൽ പിടിച്ചുകൂടിയിരിയ്ക്കുന്ന പുരുഷനെ സ്മരിച്ചുകൊണ്ടു, ഒരുദിവസം ഏകാകിനിയായി ഉദാസീനകായ്യങ്ങളെപ്പറ്റി മാത്രം വിചാരിച്ചു കൊണ്ടിരുന്നിരുന്ന അച്ഛന്റെ സമീപത്തിൽ ചെന്നു മടിയിൽ ഇരുന്നു വെള്ളിക്കമ്പികൾ പോലെ ഇ

രിയ്ക്കുന്ന രോമാവലിയാൽ അഞ്ചിതമായ വദനകമുദത്തെ ശശാങ്കസദൃശങ്ങളായ നഖങ്ങളാൽ ഉല്ലസിപ്പിച്ചുകൊണ്ട് ഇപ്രകാരം പറഞ്ഞു:—

"അച്ഛൻ എന്നെ പലപ്പോഴും അനുസരണയില്ലാത്തവളെന്നും സ്നേഹിണിയല്ലെന്നും മറ്റും പറയാറുണ്ട്; അതു എന്റെ കുറവല്ല; സ്നേഹിച്ചുഭംഗം വരുത്താതെ പ്രവർത്തിച്ചുകൊള്ളുവാൻ പലേ പലേ സന്ദർഭങ്ങളിലും അനുവാദം തന്ന് ഒതുക്കി വളർക്കാത്തത് അച്ഛന്റെ ദാക്ഷിണ്യദോഷമെന്നേ പറയാനുള്ളൂ. ആ ഗുണിതിയ്ക്ക് ഇപ്പോഴും എന്നിൽ ദാക്ഷിണ്യമുണ്ടായിരിയ്ക്കും എന്നു ഞാൻ വിശ്വസിയ്ക്കുന്നു. എനിയ്ക്കു ഭ്രാന്തുപിടിയ്ക്കുന്നുണ്ടെന്ന് അച്ഛൻ വിചാരിയ്ക്കുന്നതുകൊണ്ടും ലാഘവികൻ ഇപ്പോൾ എവിടെ ഇരിയ്ക്കുന്നു എന്ന് അന്വേഷിച്ചു കൊല്ലുവാൻ എനിയ്ക്കു സമ്മതം തരണം".

ഇതുകേട്ട് അച്ഛൻ "അവനേയും കണ്ടിച്ചുപോയിരിയ്ക്കുന്ന മറ്റെ ആളേയും സംബന്ധിച്ചുള്ള വർത്തമാനം നമുക്കു താമസിക്കാതെ കിട്ടണം. അതിനാൽ മകളേ! നിന്റെ സഹോദരന്മാരെപ്പറ്റി ഇത്ര അധികം നീ ക്ലേശിയ്ക്കേണ്ടതില്ല" എന്നു പറഞ്ഞു. അപ്പോൾ,

ഇള്ളാവതി:—"അതേ, അച്ഛാ! ആ മറ്റെ ആളെ എനിയ്ക്കു കാണാതിരിപ്പാൻ കഴിയുന്നതല്ല. മഹാരാജാവിന്റെ ആജ്ഞാനുസാരേണ ഇവിടെ വന്ന ആഠാ എന്നിൽ ദ്വാരമേല്പിച്ചു പോയിരിയ്ക്കുന്ന രന്ധ്രത്തെ മുഖതാവിൽ എത്തിയ്ക്കുന്നതു് എന്റെ ധർമ്മത്തെ കൃത്യമല്ലേ? അയ്യോ! ഞാൻ എന്തുപറയട്ടെ; അനുകൂലയായ ഭർ

സ്ത്രീയുടെ പരിചയ്യാരുവത്താൽ ക്ലേശിച്ച രക്തപ്രസാദം കരഞ്ഞു കുശലാന്വേഷണത്തിന്നിരിയ്ക്കുന്നവനായി സഭയിൽ ഞാൻ അദ്ദേഹത്തെ കാണാറുണ്ട്. മഹാപുരുഷന്മാരെ സാധാരണമായുള്ള തന്റെ അഭിലാഷത്തെ സാധിച്ചിരിയ്ക്കുന്നവരെ പ്രത്യേകിച്ചും ആപത്തുകളിൽ സഹായിക്കേണ്ടതു കലിനകളുടെ പ്രധാനകർമ്മമാണെന്നു ഞാൻ പഠയേണ്ടതില്ലല്ലോ. അതിനാൽ എനിയ്ക്കു യാത്രയ്ക്കു സമ്മതം തരണം" എന്നു വീണ്ടും അപേക്ഷിച്ചു.

അപ്പോൾ തന്റെ കുമാരികയുടെ ആന്തരാഭിപ്രായത്തെ അറിഞ്ഞു തല കുലുക്കിക്കൊണ്ടു "മകളേ! നീ സ്വകൃത്യബോധമുള്ളവൾ തന്നെ സംശയമില്ല. ആരാന്നാം—ആ പുരുഷരത്നത്തിന്റെ ക്ഷേമവർത്തമാനം ലഭിയ്ക്കുണം എന്ന് എനിയ്ക്കും ആഗ്രഹം ഉണ്ട്. അതു നീ തന്നെ എത്തിയ്ക്കുയും വേണം. നിന്നാൽ സമ്പാദിപ്പാൻ കഴിയുമോ? ഇല്ല; അവരോധാലങ്കാരങ്ങളായ യോഷാഭൂഷണങ്ങളാൽ മാത്രം ആശിയ്ക്കുന്നതും പ്രാപിയ്ക്കുന്നതുമാകുന്ന എന്നാണ് ഞാനും അഭിപ്രായപ്പെട്ടതു്. എങ്കിലും നിന്റെ ഇഷ്ടത്തിനു ഒരു പ്രതിബന്ധകമായിത്തീരണമെന്നു ഞാൻ ഇപ്പോഴും വിചാരിയ്ക്കുന്നില്ല. പോയ്കയ്ക്കുയും എന്നാണെങ്കിൽ പോകണം. നിന്റെ കായ്യം കഴിയട്ടെ" എന്നു് അദ്ദേഹം പഠഞ്ഞു മനസ്സില്ലാമനസ്സായി പഠഞ്ഞ ഈ വാക്കിനെ പൂർണ്ണസമ്മതമായി സ്വീകരിച്ച സതാത്രം യാത്രയ്ക്കുവേണ്ട ഒരുക്കങ്ങളെല്ലാം ചെയ്തുകൊണ്ടിരുന്ന മദ്ധ്യേ, അച്ഛന്റെ കടുവിലത്തെ വാക്കു കാതിൽ അശിവമായി തോന്നിയെങ്കിലും, അദ്ദേഹത്തി

ന്റെ സുഖത്തിനായിട്ട താൻ ആപത്തായിത്തീർന്നാലും ദോഷമില്ലെന്നു വിചാരിച്ച്, അവൾ തന്റെ മനസ്സിനെ സ്ഥിരപ്പെടുത്തി ശ്രീധുയ്യനെ സഹായത്തിനു കൂട്ടിക്കൊണ്ടു പുറപ്പെട്ടുപോയി.

ഇവർ കമലാവതിയിൽ എത്തുന്നതുവരെ കതിരയുടെ വേഗത്തിനു ക്രമവ്യത്യയമില്ലാതെ കുറവുണ്ടായിരുന്നില്ല. പുരപ്രവേശത്തിൽ എത്തിയ സമയം, വിനോദമായി കതിരയെ ചാടിച്ചും, ഓടിച്ചും, നടയിൽ പിടിച്ചും തിരിച്ചും കൊണ്ടിരുന്ന ലാവികനെ അവർ കണ്ടു. വേറെ യാതൊരു സംഗതിയെക്കുറിച്ചും ഒന്നും ചോദിക്കാതെ ഇളാവതി—'ലാവിക! എന്റെ ലസന്തുഖൻ പ്രത്യക്ഷനുണ്ടോ? ഇപ്പോൾ എവിടെ ഇരിയ്ക്കുന്നു?' എന്നു ചോദിച്ചതു കേട്ട് ആകസ്മികമായ ഇവരുടെ ആഗമനത്താൽ സംഭ്രമിച്ചുപോയ ലാവികൻ 'അദ്ദേഹത്തിന്റെ പേർ എങ്ങനെ നീ അറിഞ്ഞു' എന്നു ചോദിച്ചതിനാൽ അവർ പുറപ്പെട്ടുപോയ ശേഷം സംഭവിച്ച രാജസന്ദേശവാഹകാഗമനം മുതലായ വൃത്തങ്ങളെയെല്ലാം പറഞ്ഞുകൊണ്ട് ഇവർ നിന്നുകൊണ്ടിരുന്ന മദ്ധ്യേ, പ്രകൃത്യാ ശുണ്ഠിക്കാരനായ ശ്രീധുയ്യൻ ഒന്നും മിണ്ടാതെ അവിടുന്നും തിരിച്ചു മഹാരാജാവിന്റെ അത്യത്ഭുതകരങ്ങളായ കൃത്യങ്ങളെ ഓർമ്മിപ്പിയ്ക്കുവാൻ വേണ്ടി ചിത്രത്തിൽ കൊത്തി അലങ്കരിച്ചിരിയ്ക്കുന്ന ആ പുരപ്രവേശത്തെ കടന്ന്, അവിടെ വാസംചെയ്തിരുന്ന തങ്ങളുടെ ഒരു അകന്ന കുറുകാരന്റെ വീട്ടിലേയ്ക്കു പോകയും ചെയ്തു. പിന്നീട് ഇവർ രണ്ടുപേരും ലസന്തുഖൻ ഇരുന്നിരുന്ന സ്ഥലത്തേയ്ക്കു പോയി. ഇളാവതി

അകത്തു ചെന്ന് ഉടനെ അവിടെ തൂക്കിയിരുന്ന അദ്ദേഹത്തിന്റെ കവചത്തേയും, അതിൽ വെച്ചിരിയ്ക്കുന്നതും ആയുധങ്ങളും തട്ടി അല്പാല്പം കിറിയും അത്യാവശ്യം മുറിവും കൊഴിഞ്ഞും ഇരിയ്ക്കുന്ന തന്റെ ചതക്കത്തെയും കണ്ട് ഉന്മത്തമാസിച്ച ലസന്മുഖൻ കിടന്നിരുന്ന മുറിയ്ക്കകത്തു ചെന്ന സമയം അദ്ദേഹം ഉരുങ്ങിക്കൊണ്ടിരുന്നു. യുദ്ധക്കളത്തിൽനിന്നു പറഞ്ഞ വ്രണങ്ങളുടെ ഭയങ്കരമായും ആയുധാഭ്യാസത്തലും വ്യായാമത്തലും പുഷ്ടമായും കഠിനമായും തീരിയ്ക്കുന്ന ഭുജണ്ഡത്തെ എതുത്തവരുന്നവനെ ബലാൽ അടിച്ചു കീഴ്പോട്ട വതിപ്പിയ്ക്കുന്നവിധം ഇടയ്ക്കിടെ ചലിപ്പിയ്ക്കുന്നു. ഇങ്ങിനെ അനുകമ്പ്യമായ സ്ഥിതിയിൽ കിടക്കുന്ന അദ്ദേഹത്തെ കണ്ട് ഇല്ലവതി ദൈന്യത്തോടുകൂടി ഒന്നു പ്രലപിച്ചു. ആ സ്ഥലത്തു കേറിപ്പോവാൻ യാതൊരു അവകാശവും ഇല്ലാത്ത ആ സ്ത്രീ തൽക്ഷണത്താൽ പ്രക്ഷോഭിതനായി അദ്ദേഹത്തിലിരുന്ന ഉറയ കണ്ണുകളാൽ ആ യുവതിയെ ലസന്മുഖൻ നോക്കിയപ്പോൾ 'ഭവാനെ സംഭോഗനായായി മഞ്ജുവിനാൽ അയക്കപ്പെട്ട രതവിശേഷം ഇതാ' എന്നപറഞ്ഞു അളിനന്ദിച്ചുകൊണ്ട് അവൾ ചിന്തയും അടുത്തുചെന്നപ്പോൾ, അദ്ദേഹത്തിന്റെ നേത്രങ്ങൾ ഒന്നുകൂടി അടഞ്ഞതുകണ്ടു 'കഷ്ടം എന്റെ ആഗമനംകൊണ്ട് ഇദ്ദേഹത്തിനു വൈമനസ്യമാണെന്നു തോന്നുന്നു. എന്നിങ്ങിനെ വിചാരിച്ചു വ്യസനിച്ചു എങ്കിലും, ആ യുവതി നടന്ന വൃത്തമെല്ലാം എല്ലാം സവിസ്തരം പറഞ്ഞുകൊണ്ട് അദ്ദേഹത്തിന്റെ ശയ്യാപ്രാന്തത്തിൽ ചെന്നു ഇരുന്നു. അദ്ദേഹത്തി

ന്റെ കയ്യിൽ ആ പത്രത്തെ കൊടുത്തു. തങ്ങളുടെ ആ ജ്ഞകളെ യഥായോഗ്യം അനുഷ്ഠിച്ച തങ്ങളുടെ അപത്യത്തെ, ഏതുപ്രകാരം പിതാക്കന്മാർ ചുംബനാലിംഗനാദികളെ ചെയ്ത ലാളിക്കുമോ? അപ്രകാരം ആ മഹാൻ ആ സ്ത്രീരത്നത്തെ ലാളിച്ചു. ഇളാവതി അപ്പോൾ പ്രേമാർദ്രഹൃദയയായി ബാഷ്പം തൂകി; ശരീരമെല്ലാം രോമാഞ്ചത്താൽ അഞ്ചിതമായി; സ്നേഹബന്ധുക്കൾ പ്രവഹിച്ചു. അപ്പോൾ ലസന്തുഖൻ അവളെ നോക്കി 'അഹോ! നീ ദീർഘസഞ്ചാരത്താൽ ഖിന്നയായിരിയ്ക്കുന്നു. നീ തമസിയ്ക്കുന്നതെ പ്രിയമിയ്ക്കുണം' എന്നു പറഞ്ഞതുകേട്ട് 'അങ്ങയുടെ സാന്നിദ്ധ്യംകൊണ്ടുതന്നെ എനിയ്ക്കുവേണ്ട ആശ്വാസം കിട്ടിയിരിയ്ക്കുന്നു' എന്ന് അവളും ഉത്തരം പറഞ്ഞു. ഈവിധം പറഞ്ഞ ഇവളുടെ അഭിപ്രായം എന്തായിരിയ്ക്കുമെന്ന് അറിവാൻ തന്റെ കൃത്യം വലിപ്പമേറിയവയും വിശിഷ്യ ഇപ്പോൾ ദേഹകാശ്രുത്താൽ ആകുതിയിൽ വർദ്ധിച്ചവയും ആയിരിയ്ക്കുന്ന ഉരുണ്ട ദൃഷ്ടികളെ അവളുടെ മുഖത്തു തറച്ച് അശുദ്ധമായ ഹൃദയാന്തർഭാഗത്തു കിടന്നിരുന്ന അനുരാഗഭാവത്തെ ഗ്രഹിച്ചു എങ്കിലും, നിവൃണ്ണനായിത്തീർന്ന പാരവശ്യത്താൽ ഒന്നും തന്നെ ചോദിച്ചില്ല. സ്ത്രീജാതിയിൽ ഇവളെ കഴിച്ചു മാറു യാതൊരുവളുടേയും പ്രേമവാത്സല്യത്തെ അദ്ദേഹം ഗണ്യമാക്കിയിരുന്നില്ല. അതിനാൽ ദീർഘം ശ്വസിച്ച തന്റെ മുഖത്തെ തിരിച്ച നിദ്രാവ്യാജം പൂണ്ട കിടന്ന് അദ്ദേഹം ഉറങ്ങിപ്പോയി.

കുറെ കഴിഞ്ഞ് ഇളാവതിയും തങ്ങളുടെ ബന്ധുഗൃഹത്തിലേയ്ക്കു പോയി കർവിധം ആ രാത്രി കഴിച്ചുകൂട്ടി അരുണോദയത്തിനുമുമ്പായി ഈ ഉടജത്തിലേക്കു തിരിച്ചുവന്നു. അസ്മദനന്തരം ചെയ്യേണ്ടുന്ന സാധകങ്ങളും ചെയ്തുകൊടുത്തു വീണ്ടും ബന്ധുഗൃഹത്തിലേക്കു തിരിച്ചു പോന്നു. ഒരു യക്ഷിണി എന്നപോലെ ഈ സ്ത്രീ ഉഭയസന്ധ്യകളിലും അവിടത്തെ പറമ്പുകളിലും വയലുകളിലും കൂടി അങ്ങോട്ടും ഇങ്ങോട്ടും സഞ്ചരിച്ചും ആ പുരുഷകേസരിയെ ശുശ്രൂഷിച്ചും കുറേദിവസം കഴിച്ചുകൂട്ടി.

തന്റെ ദേഹത്തിലെ ക്ഷതങ്ങളെല്ലാം മാറിത്തുടങ്ങി എങ്കിലും മനസ്സിൽ അധികമായിത്തുടങ്ങിയതിനാൽ ലസന്തുഷ്ടൻ ഇവളുടെനേരെ കരുതിയ നിർദ്ദയത്വം പ്രദർശിപ്പിച്ചുതുടങ്ങി. എന്നാൽ ഇളാവതി ഒരു കോപിഷ്ടയായ ധാത്രികയുടെ വശം ഏല്പിക്കപ്പെട്ട ഒരു ബാലനെപ്പോലേയും രോഗിയായ ബാലകനെ വളർത്തുന്ന ഒരു മാതാവെപ്പോലെയും സൌമ്യയായി സർവ്വം സഹിച്ചിരുന്നു. എന്തിനു വളരെ പറയുന്നു? മനുഷ്യസൃഷ്ടിക്ക് അശേഷം ഇതുവരെ ഇത്രദയയോടെ ഒരു പുരുഷനെ ഒരു സ്ത്രീ സ്നേഹബഹുമാനപൂർവ്വം ശുശ്രൂഷിച്ചിട്ടില്ലെന്നതന്നെ പറയാം. ഈ വിധമായ ഇവളുടെ പരിരക്ഷകൊണ്ടു മാത്രമാകുന്നു ഇത്രവേഗം സ്വാസ്ഥ്യം ലഭിച്ചതെന്നു ആ വൈദ്യനാഥനായ യതിവര്യനുംകൂടി അദ്ദേഹത്തോടു അറിപ്പായപ്പെട്ടു. അതിനാൽ ലസന്തുഷ്ടനും ദാമ്പത്യസ്നേഹത്തെ ഒഴിച്ചു മറ്റെല്ലാവിധങ്ങളായ സൗഹാർദ്ദഭാവങ്ങളേയും ഇവളിൽ പ്രദർശിപ്പിച്ചുകൊണ്ടിരുന്നു.

എന്നാൽ ഇതിനു് എത്രയോ മുമ്പായിതന്നെ ഉണ്ടായ്പോയിരിക്കുന്ന സ്നേഹപാശത്താൽ ബദ്ധനായി പാരതന്ത്ര്യനായിതീർന്നിരിക്കുകൊണ്ടു്, ഈ സീന്തിരിസിരന്തമണിയെ കാണ്മാൻ ഇട്ടേഹത്തിനു ധൈര്യം ഉണ്ടായിരുന്നാൽ ഇവളെ കാന്തയായി സ്വീകരിക്കയും, തന്മൂലം ഇവളിൽനിന്നും സപ്തർഷിഭാഗങ്ങളെ ഇവിടെവച്ചു തന്നെ ലഭിക്കയും ചെയ്യാരിക്കുമായിരുന്നു.

പരസ്ത്രീയിൽ പ്രാണ്ഭ്രമംകൊൽ ഘടിച്ചുപോയ അന്യായമായ പ്രണയത്തെ അട്ടേഹത്തിന്റെ, അന്യഥാ, നിർമ്മലമായ കീർത്തിയ്ക്കും നിഷ്കളങ്കമായ വിശ്വാസ്യതയ്ക്കും അഹിതമായ സത്യസന്ധതയ്ക്കും ഒരു സഷ്പമാത്രദോഷമായി സ്വീകരിക്കാതെ കഴിയുന്നതല്ല. ഇട്ടേഹം സുഖക്കേടായി കിടക്കുന്നസമയം ചിലപ്പോൾ താൻ പക്ഷെ ഇതിനാൽ മരിച്ചുപോകും എന്നും, തന്റെ ഈ ദുഷ്കർമ്മം സപ്തർഷ്യാപ്തിയ്ക്ക് ഒരു അന്തരായമായിത്തീരും എന്നും വിചാരിച്ച ഭീതനായിത്തീർന്ന 'ഞാൻ സ്വസ്ഥനായ്തീർന്നാൽ ഒരു ദിവസമെങ്കിലും ഇരിപ്പാൻ ഇടവരുന്നപക്ഷം ദുരിതത്തെയെല്ലാം കഴിച്ചു നൽക്കാലക്ഷേപമല്ലാതെ പാപം ചെയ്യുന്നതല്ലെന്നും മരുവും പശ്ചാത്താപപ്പെട്ട സർവ്വേശ്വരനെ പ്രാർത്ഥിച്ചു നാനാവിധശപഥം ചെയ്കയും ചെയ്തിരുന്നു. എന്നാൽ ജനങ്ങൾക്കു തങ്ങളുടെ കുഷ്ഠതയിൽ ഉണ്ടാവുന്ന വിചാരമെല്ലാം ആ കുഷ്ഠതയോടുകൂടി അസ്തമിയ്കയും ചെയ്യുമെന്നതു സർവ്വസാധാരണമാണല്ലോ. ഇപ്രകാരം ഇട്ടേഹവും തൻപേ പൂർവ്വസ്നേഹത്തെ സ്മരിച്ച ശപഥങ്ങളെ വിസ്മരിച്ചുപോയി എന്നുമാത്രവും അല്ല; തന്റെ

പ്രേമഭാജനമായ ഒരു സ്ത്രീയുടെ വിചാരം വരുമ്പോഴേ ഇ
ളാവതി വല്ലതും സംസാരിച്ചാൽ സാധാരണമായി മൌ
നം ദീക്ഷിയ്ക്കുകയും വളരെ നിർബ്ബന്ധിച്ചാൽ മിതമായും പരു
ഷമായും പ്രതികരിയ്ക്കുകയും മാത്രമേ ചെയ്തിരുന്നുള്ളൂ. ഈ
വിധം പരുഷമായി പറയുന്നതു രോഗികളുടെ സ്വഭാവ
മാണെന്നു വിചാരിച്ച് ഇളാവതി സമാധാനിയ്ക്കും എങ്കി
ലും, ഈ മൌനാനുഷ്ഠാനത്തിന്റെ അർത്ഥവും കാരണവും
എന്തായിരിയ്ക്കുമെന്ന് അറിയാൻ കഴിയാതെ അവൾ പ
ലപ്പോഴും വ്യസനിയ്ക്കാറുണ്ടായിരുന്നു. അവൾ ഏകാകി
നിയായി പാനപുകയിൽക്കൂടി സഞ്ചരിയ്ക്കുന്ന സമയങ്ങളി
ലും രാത്രിയിലും അവളുടെ വ്യസനം വർദ്ധിച്ചു. 'കഷ്ടം
എന്റെ ആഗ്രഹമെല്ലാം വ്യർത്ഥം; ഈ എന്റെ പ്രാണ
യത്നത്തിന് അവനിൽനിന്നും പ്രതിഫലം ഉണ്ടാകുമെന്ന്
ഉറപ്പിപ്പാൻകൂടി കാരണം ഒന്നും കാണുന്നില്ല. അയ്യോ!
ഇതിന്റെ അവസാനം എന്റെ മരണമായി പരിണമി
ക്കുമോ?' എന്നിങ്ങിനെ വിചാരിച്ചു, ഭോരഹിതയായ ഏ
കാകിനിയിൽ ഒരു സ്വപ്നത്തെ മധുരമാംവണ്ണമെങ്കിലും ആ
വർത്തിച്ച പാടി ശ്രോതാക്കൾക്കു വൈരസ്യജനകമാക്കി
ത്തീർത്തു, ഉദയകളിൽനിന്നും ഉദയാന്തരങ്ങളെ പ്രാപി
ച്ചും കടന്നിയും ഒരു വസന്തകാലം മുഴുവനും കഴിച്ചുകൂട്ടി
ന്ന വിരഹകാതരയായ ഒരു കോകിനിയെപ്പോലെ, ഇവളും
'ഗ്രന്ഥകർത്താവിനു സുഖമായിരിയ്ക്കുമോ? ചതിവനല്ലോ?
തെന്റെ മാതാവിനു സുഖമോ?' എന്നിങ്ങിനെ പൌനഃപുന്യേന
പ്രലപിച്ചുകൊണ്ടു സുഖമില്ലാതെ കിടക്കയിൽ കിടന്ന്

ഇടത്തും വലത്തും ചരിഞ്ഞും എഴുന്നേറ്റിരുന്നും കാലം കഴിച്ചുകൂട്ടി.

ഒടുവിൽ ലസന്തുഖന്റെ മുഴുവനും സുഖമായി മൂന്നു പേരും അഷ്ടാലകങ്ങളേശത്തിലേയ്ക്കു മടങ്ങി പോന്നു. അവിടെ ഇരുന്നിരുന്ന സമയം പ്രതിദിവസവും ഈ സ്ത്രീ ദിവ്യവസ്ത്രാലംകൃതയായി, എന്നെ ഭാര്യയായി സ്വീകരിയ്ക്കുന്നപക്ഷം ഈവിധ വസ്ത്രങ്ങളാൽ വരിപ്പിയ്ക്കപ്പെട്ട രൂപത്താൽ ഭവാനെ സദാ ആഹ്ലാദിപ്പിയ്ക്കും, അല്ലെങ്കിൽ ഈ എന്റെ പ്രേതസംസ്കാരത്തിനു കൊണ്ടുപോകുന്ന സമയം എനിയ്ക്കു മൂടപടങ്ങളായിതീരും' എന്നുള്ള തന്റെ അഭിപ്രായത്തെ സൂചിപ്പിച്ചുകൊണ്ടു ലസന്തുഖന്റെ മുമ്പിൽ ചെന്നു നിൽക്കും. എന്നാൽ ലസന്തുഖൻ ഈവിധമായ അവളുടെ പ്രവൃത്തികൾക്ക് ചിത്തവികാരമറ്റിന്നില്ലെങ്കിലും കൃതജ്ഞതയുള്ളവനായി അവർക്കും അവളുടെ കുഡുംബാത്മരായും വല്ല വസ്ത്രങ്ങളേയും ചോദിയ്ക്കുന്നപക്ഷം അതു പൂർത്തിയാക്കുന്നതാണെന്ന് അവളോടു പലപ്പോഴും പറകയുണ്ടായി. എന്നാൽ അവനും തന്റെ ആഗ്രഹത്തെ തുറന്നു പറവാൻ അശക്തയായി മനസ്സിൽതന്നെ കണക്കിവെച്ചിരുന്നു. ഇങ്ങിനെ കുറച്ചുസമയം കഴിഞ്ഞ ശേഷം ഒരു നാൾ ആഹാരാമത്തിലും ചന്ദനകുവനത്തിലും കൂടി ഏകാകിനിയായി സഞ്ചരിച്ചുകൊണ്ടിരുന്ന ഇളാവതിയെ കണ്ടു ലസന്തുഖൻ:—'ഞാൻ നാളെ നാട്ടിലേയ്ക്കു യാത്രയാണ്; അതിനാൽ നിനക്കു വല്ലതും ഞാൻ ചെയ്യേണ്ടതുണ്ടെങ്കിൽ താമസിയ്ക്കാതെ പറയണം' എന്നു പറഞ്ഞു. അപ്പോൾ, ഇളാവതി:—'നാളെയോ പോ

കുന്നുവോ? ഇനി കാണ്മാൻ കൂടി സാധിയ്ക്കയില്ലേ? ഇപ്പോൾ ധൈര്യത്തെ ആലംബിച്ച് ഒരു വാക്കു പറവാൻ കഴിച്ചിരുന്നാൽ അവസാനം ഞാൻ ആധിപ്പെട്ടു മരിയ്ക്കേണ്ടിവരുമായിരിയ്ക്കും അല്ലേ?" എന്നിങ്ങിനെ ചോദിച്ചു. ലസന്മുഖൻ:—എന്റെ ജീവൻതന്നെ നിന്റെ പരിശുശ്രൂഷയാകുന്ന ഔഷധത്താൽ രക്ഷിയ്ക്കപ്പെട്ടതാണ്. അതിനാൽ ഈ നിൽക്കുന്നതു ഞാൻ നിന്നെക്കു അധീനനാണെന്നു പറയേണ്ടതില്ല. ഇനി ഒട്ടും ശങ്കിയ്ക്കുണ്ടെന്നില്ല. അഭിപ്രായത്തെ പറയാം: അനുസരിച്ചു നടപ്പാൻ ഇതാ നിൽക്കുന്നു.

ഇതു കേട്ട് ഇളാവതി തന്റെ വിനയലജ്ജാഭരങ്ങളെ കൂട്ടുണ ജയിച്ച് "അങ്ങയെ കരിച്ച് എന്റെ അനുരാഗബീജം ഇപ്പോൾ പുഷ്പിച്ചിരിയ്ക്കുന്നു. അതിനെ സൽഫലപ്രദമായി തീക്കാഞ്ഞാൽ, ഉന്മാദമായി പരിണമിച്ചു സുരഭശയുടെ പത്താമത്തെ ഫലത്തെ എനിക്കു തരുന്നതായിരിയ്ക്കും" എന്നു പറഞ്ഞു. ഇവളുടെ ഈ വാക്കു കേട്ടു മൂക്കിൽ വിരലും വെച്ചു നിന്നിരുന്ന ലസന്മുഖനെ ഉന്മാദാവസ്ഥയെ പ്രാപിച്ച് ഇളാവതി ആലിംഗനംചെയ്വാൻ സസംഭ്രമം അടുത്തു.

ലസന്മുഖൻ:—"അല്ലയോ സഹോദരി!, ഇതെന്തൊരു കഥയാണു! ഞാൻ വൈവാഹികസുഖേച്ഛുവായിരുന്നിരുന്നാൽ ഇതിന്നു് എത്രയോ മുമ്പുതന്നെ അതു നടന്നുപോയിരിയ്ക്കുമായിരുന്നു. എന്നാൽ ഇവന്റെ ഭാഗ്യദോഷത്തിന്നു് ഏകാഗ്രകാശിനിയായ്തീരുവാൻ യാതൊരു

സ്ത്രീയും ജനിച്ചിട്ടില്ല.” എന്നിങ്ങിനെ പറഞ്ഞു നിരോധിച്ചു നിന്നിരുത്തി.

ഇളാവതി:—വേണ്ടാ! ‘എനിയ്ക്കു ഭാര്യയാവേണമെന്നില്ല. എന്നാൽ എൻറെ ഈ ജന്മത്തെ അങ്ങയുടെ സഹചാരിണിയായി കഴിച്ചുകൂട്ടേണമെന്നു മാത്രമേ എനിയ്ക്കാഗ്രഹമുള്ളൂ’ എന്നു വീണ്ടും പറഞ്ഞു.

ലസന്തുഖൻ:—ഛഃ! കഷ്ടം! നിനക്കു ലോകപരിജ്ഞാനം കുറഞ്ഞതുതന്നെ ഇല്ല. നീ ഭാര്യയാവാതെ എന്നെ അനുഗമിയ്ക്കുന്നപക്ഷം ദുഷ്പേരുണ്ടാക്കും എന്നു പറയും? കാണുന്നതിനേയും കേൾക്കുന്നതിനേയും അവിവേകിജനം യഥാർത്ഥമായി വിശ്വസിച്ചു അനുഭവിയ്ക്കുമല്ലോ? അന്തരാത്മാവിനെ ഗ്രഹിപ്പാൻ ശ്രമിയ്ക്കാറില്ലല്ലോ ലോകം? അതുമാത്രം അല്ല, നിൻറെ സഹോദരന്മാർക്കും, അച്ഛനും ഇപ്പോൾ എന്നിലുള്ള സ്നേഹം ദ്വേഷമായിത്തീരുകയും ചെയ്യും.’ എന്നിങ്ങിനെ അവളെ സമാധാനിപ്പിച്ചു കൊണ്ടു പറഞ്ഞു.

‘ഛഃ! കഷ്ടം! കണ്ടുകൊണ്ടിരിപ്പാനുംകൂടി എനിയ്ക്കു ഭാഗ്യമില്ലേ? എന്നാൽ എൻറെ സുഖകാലമെല്ലാം ഇതോടുകൂടി അവസാനിച്ചു’ എന്നു് ഇളാവതിപറഞ്ഞു കരഞ്ഞു തുടങ്ങി.

ലസന്തുഖൻ:—‘അതുമാത്രമല്ല, ഈ യൌവനദശയിൽ ആദ്യമായി ഉണ്ടായിരിയ്ക്കുന്ന ഈ മനോവൃത്തി സൂക്ഷ്മത്തിൽ പ്രണയമല്ല. ഇതു് ഈ വിധത്തിൽ സ്ഥിരമായി നിലനിൽക്കുമെന്നും വിചാരിപ്പാൻ പാടില്ല. ഇതു സർവ്വസാധാരണവും സ്വാഭാവികവുമായിട്ടുള്ളതും ആകുന്നു.

എന്നു മാത്രമല്ല, നിന്റെ ജീവിതകാലത്തിലെ സാരാംശമായ യൌവനത്തെ അനുഭവിപ്പാനായ നിന്നേക്കാൾ മൂന്നിരട്ടി പ്രായം ചെന്ന എന്നേപ്പോലെ ഉള്ളവനല്ല, മടുത്തുരു യുവാവോടുകൂടി കഴിച്ചു കൂട്ടുവാൻ ഇടവരുന്ന സമയം നീ തന്നെ നിന്റെ ഈ വിചാരത്തെ നിരസിക്കുയും അതിനെ പാഠമില്ലാതാക്കുയും ചെയ്യും. ആ സമയം നിന്റെ ഭർത്താവ് കുട്ടി നിസ്സഹായനായിരുന്നാൽ ശുശ്രൂഷിസഹായം വേണ്ടുവോളം ചെയ്തു തരുവാൻ ഞാൻ ഒരുക്കമുണ്ട്. എന്തിനു വളരെ പറയുന്നു, നിനക്കുവേണ്ടി എന്റെ ജീവിതത്തെ ഉപേക്ഷിപ്പാനുംകൂടി സദാ തയ്യാറായിരിക്കുന്നു. ഇതിലധികം ഞാൻ യാതൊന്നും പറവാനും ചെയ്യുവാനും ആളല്ല' എന്നു പറഞ്ഞു.

ഇതെല്ലാം കേട്ട് ഇളയവൾ ഉപഹസിതമായിരുന്ന കരുണയെ അവലംബിച്ചുകൊണ്ട് 'ഈ വാക്കുകളെല്ലാം എനിക്കു കുന്നുമില്ല' എന്നുമാത്രം പറഞ്ഞു മേലാലസ്യപ്പെട്ട ഭൂമിയിൽവീണു. ഇവരുടെ സംഭാഷണാദികളെല്ലാം കണ്ടും കേട്ടും ഇരുന്നിരുന്ന അവളുടെ അച്ഛൻ കാടി ചെന്ന മകളെ എടുത്ത് അകത്തുകൊണ്ടുപോയി കിടത്തി. "ഇതെന്തൊരു പ്രണയമാണ്! ഇതു പക്ഷേ ഇവളെ കൊല്ലും എന്നുകൂടി വിചാരിയ്ക്കേണ്ടിയിരിയ്ക്കുന്നുവല്ലോ." എന്നിങ്ങിനെ പറഞ്ഞു, ലസന്മുഖനെ നോക്കി "അങ്ങേയ്ക്കു കിലും ഇതു ഇടകൊടുക്കാതെ ചുരുക്കിപറയുവാൻ കഴിയുമായിരുന്നുവല്ലോ. എന്നാൽ ഈവിധ ദോഷങ്ങളുണ്ടാവാനിടയില്ലായിരുന്നുമല്ലോ" എന്നു പറഞ്ഞു.

അപ്പോൾ ലസന്തുഖൻ "ഒരുവന്റെ അപേക്ഷയെ സാധിച്ചുകൊടുപ്പാൻ കഴിയില്ലെങ്കിലും, ആയാളോട് വരുഷവാക്കു പറയാതിരിയ്ക്കുന്നതു നല്ലതെന്നാണ് എന്റെ അഭിപ്രായം. അതിനാൽ നിങ്ങൾ പറയുന്നതിലെ ചെയ്യുന്നത് എന്റെ മനസ്സാക്ഷിയ്ക്കു വിരോധമായിരുന്നതാണ്. എന്നാൽ കഴിയുന്നേടത്തോളം അവളുടെ ആഗ്രഹസാദ്ധ്യത്തിലും ഔശാരംഗത്തിലും ഞാൻ പ്രവൃത്തിപ്പാൻ ശ്രമിക്കുന്നുണ്ട്. ഞാൻ എന്തുചെയ്യട്ടേ!" എന്നു സമാധാനിപ്പിച്ചു. പിറേറ ദിവസം ഉഷസ്സിൽ രാജധാനത്തിലേയ്ക്കു യാത്ര പുറപ്പെട്ടു. അവിടെ വെച്ചിരുന്ന തന്റെ വരിച്ചയേയും വാങ്ങി യാത്രയായി. യമാഗ്നിതനായ ഏകപുത്രനെ എന്നപോലെ അദ്ദേഹത്തോൻ പരിശയെ കൊടുപ്പാൻ നിർബ്ബന്ധിയ്ക്കപ്പെട്ടവളായിത്തീർന്ന ഇളംവതിയുടെ വ്യസനം ഇന്നപ്രകാരമായിരിയ്ക്കും എന്നു പറയുന്നതിനേക്കാൾ ഊഹിയ്ക്കുന്നതായിരിയ്ക്കും എളുപ്പമുള്ളതായ്കയും. ലസന്തുഖൻ യാത്ര പുറപ്പെട്ടുപോകുന്നുവെന്നുള്ള കതിരയുടെ ഖരന്യാസത്തെ കേട്ട് അരിഞ്ഞത് ഇളംവതി ജനലയിൽ കൂടി നോക്കിയപ്പോൾ ഇതുവരെ അദ്ദേഹത്തിന്ന് ഒരു അലങ്കാരമായ്തീർന്നിരുന്ന തന്റെ വരക്കത്തെക്കൂടി അദ്ദേഹം ഉപേക്ഷിച്ചിരിയ്ക്കുന്നതായി കണ്ടു. ഈ സമയം ആ യുവതി തന്നെ നോക്കികൊണ്ടിരിയ്ക്കുമെന്നു ലസന്തുഖൻ മനസ്സിലാക്കി. കൈ ആംഗ്യംകൊണ്ടു യാത്ര പറകയാവട്ടേ, മുഖം തിരിച്ചു നോക്കുകയാകട്ടേ ചെയ്യാതെ വിഷണ്ണനായി സവാരി ചെയ്തുപോയി. ഇദ്ദേഹത്തിന്റെ ജീവദശയിൽ ചെയ്തിട്ടുള്ള നിർമ്മര്യാദമായ അല്ലെ

കിൽ അലൌകികമായ ഒരു പ്രേമത്തി ഇതുമാത്രമാകുന്നു. പ്രണയികളുടെ മനോനിലയെല്ലാം പഴിപോലെ അറിഞ്ഞിരുന്ന ഇല്ലാവതിയും, തൻ നോക്കിക്കൊണ്ടിരിയ്ക്കുമെന്നു ലസന്മുഖൻ വിചാരിച്ചുകൊണ്ടിരിയ്ക്കുമെന്ന് അറിഞ്ഞു ഭയപ്പെട്ടു എഴുന്നേറ്റു പോകാതെ അദ്ദേഹത്തെ നോക്കിക്കൊണ്ടുതന്നെ ഇരുന്നു. അതിനു ശേഷം തൻറെ പുകപുത്രൻറെ മരണാനന്തരം ആ കുഞ്ഞിൻറെ ശ്രീഷണാർത്ഥികളെ കണ്ടു വ്യസനിയ്ക്കുന്ന ഒരു വിധവയെപ്പോലെ ഇവൾ ആ പരിചയുടെ ഉരയേ നോക്കിയും കരഞ്ഞും കഴിച്ചുകൂട്ടി. ചിലപ്പോൾ ലസന്മുഖൻ വന്നു നിൽക്കുമ്പോലേയും അദ്ദേഹത്തിൻറെ വാക്കു കേൾക്കുമ്പോലെയും, മറും ഇവൾക്കു തോന്നി ചില പ്രലാപങ്ങളും മറും ചെയ്തുപോകും. ആ സമയങ്ങളിൽ സഖോടനെന്നാതും അരുമും വന്നു പലവിധ സാന്ത്വനവാക്കുകളും പറകയും അവരോട് അതിസൌമ്യങ്ങളായ മറുപടികളും പറകയുംചെയ്യും. എന്നാൽ ഇവർ ഇവളെ വിട്ടുമാറുന്ന സമയം, ഇവൾക്കു തന്നെ മൃത്യുവിനു വിളിക്കുമ്പോലെ തോന്നുകയും, തൻറെ പ്രേമധി സന്ധ്യാതമസ്സോടുകൂടി ചലിക്കയും ചെയ്ക പതിവായിരുന്നു. ചിലപ്പോൾ ഉലൂകങ്ങളും ശബ്ദിക്കുന്നപോലെയും മറും തോന്നി തൻറെ മരണം അതി സമീപത്തിൽ വന്നിരിക്കുന്നുവെന്ന് ഇവൾ വിചാരിക്കും. ഇങ്ങിനെ ആധിപ്പെട്ടു കഴിച്ചുകൂട്ടിയ ഈ ദിവസങ്ങളിൽ ഇവൾ ചില പദ്യങ്ങളെഴുതി അതിനു് 'പ്രണയമരണഗീതം' എന്നു പേർ കൊടുത്ത് അവയെ തന്നെത്താൻ പാടിക്കൊണ്ടിരിക്ക പതിവായിരുന്നു. ഒരു നാൾ രാ

ശ്രീ മൂന്നുമണി സമയമുള്ളപ്പോൾ ഇവൾ എഴുനീറ്റിരുന്നു താഴെ പറയുന്ന ശ്ലോകങ്ങളെ വ്യസനം സഹിക്കാൻ വഹിയാതെ പഠിച്ചുകൊണ്ടിരിക്കയായിരുന്നു:—

1. ഇരുവക്കിണക്കമൊപ്പമാ—
യൊരുമട്ടുംമതിയുംവ്യർത്ഥമാം
കരുതുന്നൊഴിതിന്നുരേതുമാം—
പ്പൊരുമാറുത്തിലശേഷമില്ലഹോ!

2 പ്രണയംവിഫലീഭവിച്ചെരുമം—
കിണമേന്തുന്നവൾചാകയാംഗ്രണം
പ്രണയംസഫലീഭവിക്കിലോ
രണവൽജീവിതമേറവുംരസം.

3. മരണന്നിരുമോഹമില്ലിനി—
ക്കരമെന്നെപ്രിയനാട്ടിക്കിലോ
തരമാറുതിരസ്കരിക്കിലെൻ
വരമിത്രംമൃതി! നീനിരസ്സുള്ളം.

4. മൃതിയോമമജീവനാഥനാ
ഗതിയായ്നീമണമൊന്നെനിക്കിനി
പതിയുംവിധവാത്വമൈകൃത—
സ്ഥിതിവല്ലാതരുളൊല്ലൊരുത്തരേ!

5. വരമെന്നെവെടിഞ്ഞുസങ്കട—
ത്തിരതള്ളിത്തകരുന്നുഴത്തടം
കർമ്മകൃതോവിനിർണ്ണയം
മരണംതൻശരണംമറ്റുമേ.

എന്നിപ്രകാരം ശോകാവേഗത്താൽ ശബ്ദം ഘൊ
ങ്ങിപ്പൊങ്ങി കേൾക്കുന്നതായി. തനിക്ക് ആഞ്ജികഖ്ലി
പ്പുണ്ടിക്കാൻ ചെയ്യ സേവിച്ചുവരുന്ന കുടുംബത്തിൽ ആ
സന്നമായിരിക്കുന്ന മൃതിയെപ്പറ്റി മുന്നറിവുകൊടുക്കുന്ന
കുലദേവതയുടെ വാക്കുകേട്ടൊ, രാത്രി അകാലത്തുണ്ടായ
ആ ശബ്ദംകേട്ട എല്ലായരും ഉണർന്ന ഇവിടം കിടന്നിരു
ന്ന മുറിയിൽചെന്ന നോക്കുമ്പോൾ 'മരണം താൻശര
ണം' എന്ന അന്ത്യശ്ലോകത്തിന്റെ മദ്ധ്യമഭാഗത്തെ ഉച്ച
രിക്കുന്ന ഗാംഭീര്യത്തോടെ ചലനക്രിയയില്ലാ ക്രമത്തിൽ മാ
ന്ദ്യം ഭവിച്ചും സ്വാഭാവികരൂപത്തു നിശ്ശബ്ദമായും കണ്ണു
കാം ക്രമത്തിൽ അടയുകയുംചെയ്തു. മുഖം ദിവാചന്ദ്ര
നെപ്പോലെ കാണപ്പെട്ടു. സാധാരണനിന്ദ്യസംഭാഷണ
ത്തിൽ നടപ്പുള്ള ഒരു വാക്കുപോലും അനേകപ്രാവശ്യം ആവ
ർത്തിച്ചു പറയുന്നതാൽ താൻ കേട്ടിട്ടുകൂടി ഇല്ലാത്ത ഒരു പ
ദംവരെ ചിലപ്പോൾ തോന്നിപ്പോകുന്നവിധം ഈ
സ്ഥാനികൻ തന്റെ മകളുടെ മുഖത്തുതന്നെ അനന്യ
ചിത്തതയോ നോക്കിനിന്നു. കുറവിൽ ഇതു തന്റെ മ
കളുടെതാണോ എന്നു തോന്നിപ്പോയി. എന്തിനു മാതാപിതാ
ക്കന്മാരുടെ പരിശുശ്രൂഷയാൽ ലബ്ധസം
ജ്ഞയായിരുന്നു എങ്കിലും പാരവശ്യത്താൽ അവരുടെ മ
ടിയിൽ തല വെച്ചുകൊണ്ടു ചാരിക്കിടക്കയല്ലാതെ എഴു
ന്നീരിരിപ്പാൻ അവൾക്കു സാധിച്ചില്ല. ഇതിനിടയിൽ
തന്റെ പ്രിയസോദരന്മാരെ നോക്കി 'പതിവുപ്രകാരം
അവരെല്ലാം ഒന്നിച്ചു പുഴയിൽ തോണികളിച്ചു രാജമന്ദി
രത്തിനു സമീപിച്ചു കിടക്കുന്ന ഒരു മുനമ്പുവരെ ചെന്നി

ത്തന്തായും ചക്കേ അതു കടന്നു പിന്നെയും പോവാമെന്ന് അവൾ വിളിച്ചിട്ടും സഹോദരന്മാർ ചെല്ലുത്തതിൽ അവൾ ഏകാകിനിയായി പോവാൻ നിശ്ചയിച്ചതായും ഒരു സ്വപ്നം കണ്ടു എന്നും പിന്നീട് പ്രബുദ്ധയായിട്ടിന്നും ആ ആഗ്രഹം അവളെ വിട്ടിട്ടില്ലെന്നും അതിനാൽ ഇനിയെങ്കിലും അതിനെ പൂർത്തിവരുത്തുവാൻ രാജമന്ദിരത്തോളം തോണിയേടിച്ചു പോകണമെന്നുവിചാരിക്കുന്നു' എന്നും പറഞ്ഞ് അല്പനേരം ചെന്ന ശേഷം പിന്നെയും ഇവണ്ണം പറഞ്ഞു 'ഞാൻ അവിടെ രാജഭവനത്തിൽ പ്രവേശിച്ചാൽ എന്നെ ആരുംതന്നെ നിന്ദിക്കയില്ലെന്നു മാത്രമല്ല, എന്നെ കാണുമ്പോഴും ഇവിടുന്നു പോകുന്ന സമയം പലപ്രാവശ്യം എന്നോടു യാത്രപറഞ്ഞുപോയ ഗലവൻ വിസ്മയിക്കയും, രണ്ടും മിണ്ടാതെ പോയ അദ്ദേഹം ചരിതപറിക്കയും, രാജാവ് എന്റെ പ്രണയഭേദത്തെ അറികയും, രാജ്ഞി ഞെരുതപറിക്കയും അവിടെ വാസംചെയ്യുന്നതായ അന്യസ്ത്രീകൾ സല്ലപിക്കയും ചെയ്യും; ഇതോടുകൂടി എന്റെ കയ്യുപ്പാടെല്ലാം നിവൃത്തിയാകും നിശ്ചയം'.

ഇതു കേട്ട് അച്ഛൻ—'നിമകളേ! ഇത്ര കലശലാക്കരുതേ, നീ ഇപ്പോൾ എങ്ങിനെ അവിടെ ചെല്ലും? എന്തിന്നു നമ്മെയെല്ലാം ശപിച്ചു വകവെക്കാതെ പോയ ആയാളുടെ മുഖദർശനം ചെയ്യണം? അതിനാൽ കുട്ടി മനസ്സിനെ സ്ഥിരപ്പെടുത്തി സമാധാനിക്കണം' എന്നും മറ്റും ശോകാതുരനായി പറഞ്ഞു. പ്രകൃത്യാ കോപശീലനായിരുന്ന ശ്രീധന്യൻ ഇവളുടെ ചാരവശ്യം കണ്ട് അ

ട്ടും വ്യഗ്രിക്കയും അതു പാരതന്ത്ര്യജന്യമാകയാൽ ആ ആളെക്കൊണ്ടു കഠിനമായി ക്ലേശിക്കയും ചെയ്തു. "അവൻ എത്രതന്നെ ബലവാനായിരുന്നാലും വേണ്ടതില്ല; ഈവിധം വീടുടക്കം കരു സുഖക്കേടുണ്ടാക്കിത്തീർത്തുപോയ അവനെ കാണ്മാൻ ഇടവന്നെങ്കിൽ ഞാൻ വൈവസ്വതപട്ടണത്തിലേക്ക് ഒരു അതിഥിയാക്കിതീർക്കും" എന്നിങ്ങിനെ വഷ്കാലസമുദ്രംപോലെ ക്ഷുഭിതനായി ഘോഷിച്ചു.

ഇതുകേട്ട് "എന്തിനാണ് ജ്യേഷ്ഠനിപ്രകാരം ദീഷണിച്ചു പറയുന്നു. എന്റെ ദുഷ്കൃതപിഷയിലേയ്ക്കു സകല പുരുഷന്മാരേക്കാളും അധികം യോഗ്യത ഇദ്ദേഹത്തിനുണ്ടെന്ന് എനിക്കതോന്നി. ആകസ്മികമായി ഇദ്ദേഹത്തിൽ ഉണ്ടായിരിക്കുന്ന ഈ എന്റെ സ്നേഹം ജന്മാന്തരീയമെന്നല്ലാതെ പറവാൻ ഇല്ല. ഈദൃശമായ എന്റെ സ്നേഹത്തെയാണു നിന്ദിക്കേണ്ടതു്. അതിനെ പ്രതിഫലവത്താക്കിത്തീർക്കാത്തതുകൊണ്ടുമാത്രം അദ്ദേഹം കഠോരനായിരുമോ? അങ്ങിനെ വിചാരിക്കുന്നത് അനുചിതമല്ലെ" എന്ന് ഇളയവതിയും പറഞ്ഞു.

അവളുടെ പ്രതിധ്വനിപോലെ 'അധികം യോഗ്യത; ആ പുരുഷനിൽ, മകളേ! നീ എന്തൊരു യോഗ്യതയാണു കാണുന്നത് എന്നു ഞാൻ അറിയുന്നില്ല. എന്നാൽ സൗജന്യമൗദ്ധത്യം ചെന്നിട്ടുള്ള രാജ്ഞിയുമായുള്ള അന്യായമായ അദ്ദേഹത്തിന്റെ പ്രണയബന്ധവും, ഞാനും അറിയും. ഇതു യോഗ്യതയെന്നു വരുന്നപക്ഷം, ലോകത്തിൽ അയോഗ്യത ഇല്ലെന്നുതന്നെ പറയേണ്ടിവരും."

ചുടെ ഈ പ്രണയവാസനയെ ഒട്ട ഭഗമാ
ുന്ന യിച്ചാരിച്ച് അവളുടെ ആച്ഛനും പാ
ിനേയും മകാം ഞാൻ ഇപ്പോൾ തീരേ പരവ
ിക്കുന്നു. ദോഷൈപ്പെട്ടവനും മറ്റും ഞാൻ ആ
ുതെല്ലാം ശുദ്ധമേ ചൈജമായിരിക്കണം. ഉജ്ജ
ദോഷാരോപണം ചെയ്യാതെ ആരേ വിട്ടിരിക്ക
ിട്ടേ അജാതമിത്ര
ന്തയ . ഒരുവൻ മ
ളയ ന്നും പാത്രിഭ
കാത്ത ാതപൈരുഷ
ുഗ ത്തൽക്കുടി മ
ിയാ ായാലും ഇട്ടേ
ാം ന്നു. ആട്ടേഹ
ത്തിന എന്നുള്ള ചി
ച്ചാ ം അഭിപ്രായിക
രമാ നിങ്ങൾ എ
നേ മില്ല. സ്നേഹ

വാസനാ, അഹേതുകവും പ്രാണികളുടെ ഒരു സൈസ്ഗി
കമായ ഭ്രാന്തവും ആകുന്നു. അത് ഒരു വിഷയത്തിൽ
പ്രതിഫലിക്കാതിരിക്കുന്നതുമല്ല. ആ സ്ഥിതിക്ക് അനു
രൂപവും നിചവും ആയ ഒരു വിഷയത്തിൽ ചെല്ലാ
ത്ത, സത്യാൽപ്പുമായ ഒരു ദേഹത്തെ ഉദ്ദേശിച്ച, മോ
ഹമാണെന്നിരിക്കിലും, എന്റെ സ്നേഹത്തെ അപ്പിച്ചിരി
ക്കുന്നു എന്നുള്ള ഏകവിശ്വാസംകൊണ്ടുതന്നെ ഞാൻ സ
ന്തുഷ്ടയായ്തീരുകയും നിർഗ്ഗുണതികളിൽ ഒരുവളായിത്തീ

താതിരിക്കുകയും ചെയ്യുമെന്ന് എനിക്കു തോന്നുന്നു. പ
ക്ഷേ അച്ഛൻ ഇതു വിധമെല്ലാം പറഞ്ഞത് എന്നെ, വ
ല്ല ഗ്രന്ഥത്തേയും ഉദ്ദേശിച്ചായിരിക്കാം. എന്നാൽ ആ
ഉദ്ദേശ്യഫലം എന്നിൽ വിപരീതമായിട്ടാണ പരിണമി
ച്ചത്. എങ്ങനെയെന്നാൽ, അച്ഛൻ അദ്ദേഹത്തെക്കു
റിച്ചു പറഞ്ഞ ദോഷസംഗതിയിൽ എനിക്കു വിശ്വാസം
ഉണ്ടാകുന്തോറും, മരണം എന്നെ സമീപിച്ചു സമീപിച്ചു
വരുന്നതായിരിക്കും. അത് അച്ഛന്റെ ഉദ്ദേശത്തിന്നു
വിപരീത
നമനിക്കുന്നു. അതിനായ
ആ വക
വുണ്ട" എന്നു പറഞ്ഞതു
ഷം ഗ്ര
ളെ അയയ്ക്കണമെന്നും ക
സവ്വപ്ര
ാൽ കൊള്ളാം എന്നും
ച്ചു നെ

നാലാംബാല്യം.

ര
ക്കു പറഞ്ഞയച്ചുവരുത്തി
പ്രായശ്ചിത്തവും ദാനവും നടത്തിച്ചു; അവളുടെ
ക്ഷയത്തോടുകൂടി മുഖത്ത് അല്പം പ്രസാദവും കണ
ത് അവളുടെ അചിരഭാവിയായ പരമനിർവൃതിയെ
ചിപ്പിക്കയാണെന്നും അവർ മനസ്സിലാക്കി. എ
പരിഞ്ഞുപോകയും ചെയ്തു. ഉടനെ ഇളയച്ഛനു
സഹോദരനെ വിളിച്ചു താൻ പറയുന്നതിനെ
ത്തിൽ എഴുതുവാൻ പറഞ്ഞു. അപ്പോൾ ലാഭ
കത്ത് അദ്ദേഹത്തിനാണെങ്കിൽ താൻ തന്നെ

എന്നു് അവളുടെ ഈ പ്രണയചാസനയെ ഒട്ടു ഭഗ്നമാക്കേണം എന്നു വിചാരിച്ചു് അവളുടെ അപ്പനം പറഞ്ഞു പിന്നെയും മകളോ 'ഞാൻ ഇപ്പോൾ തീരേ പരവശയായിരിക്കുന്നു. ദേഹസ്വാസ്ഥ്യപ്പെട്ടയാനം മറ്റും ഞാൻ ആഗ്രഹിക്കുന്നില്ല. ഇതെല്ലാം ശുദ്ധമേ വ്യാജമായിരിക്കണം. ഉടനെ തന്നെ ദോഷാരോപണം ചെയ്യാതെ ആരേ വിട്ടിരിക്കുന്നു? നിർദ്ദോഷി നിർഗ്ഗുണനും, അജാതശത്രു അജാതമിത്രനും ആയി അല്ലാതെ ഇരിപ്പാൻ പ്രയാസം. ഒരുവൻ മറ്റൊരുവനോടു സ്നേഹത്തിനും, ദ്വേഷത്തിനും പാത്രീഭവിക്കാതിരിക്കണമെങ്കിൽ, അവൻ അജ്ഞാതപൌരുഷനും മൃഗപ്രായനുമായിരിക്കണമെന്നു പറഞ്ഞാൽകൂടി മതിയാകുമോ എന്നു സംശയമാണു്. എന്തായാലും ഇദ്ദേഹം അപ്രതിമനെന്നു് എനിക്കു തോന്നുന്നു. അദ്ദേഹത്തിൽ ഞാൻ അനുരാഗിണിയായിരിക്കുന്നു എന്നുള്ള വിചാരം എന്റെ യോഗ്യതയ്ക്കും കുലീനതയ്ക്കും അഭിവൃദ്ധികരമാണെന്നാണു ഞാൻ വിചാരിക്കുന്നതു്. നിങ്ങൾ എന്നെപ്പറ്റി എന്തുവിചാരിച്ചാലും ദോഷമില്ല. സ്നേഹവാസന, അഹേതുകവും പ്രാണികളുടെ ഒരു നൈസർഗ്ഗികമായ ഗുണവും ആകുന്നു. അതു് ഒരു വിഷയത്തിൽ പ്രതിഫലിക്കാതിരിക്കുന്നതുമല്ല. ആ സ്ഥിതിക്കു് അനന്തരവും നിചവും എന്നു ഒരു വിഷയത്തിൽ ചെല്ലുന്നതു, സമ്പൂർണ്ണപുരുഷനായ ഒരു ദേഹത്തെ ഉദ്ദേശിച്ചു, മോഹമാണെന്നിരിക്കിലും, എന്റെ സ്നേഹത്തെ അപ്പിച്ചിരിക്കുന്നു എന്നുള്ള ഏകവിശ്വാസംകൊണ്ടുതന്നെ ഞാൻ സന്തുഷ്ടയായ്തീരുകയും നിർഭാഗ്യവതികളിൽ ഒരുവളായിത്തീ

രാതിരിക്കയും ചെയ്യുമെന്ന് എനിക്കു തോന്നുന്നു. പക്ഷേ അച്ഛൻ ഈ വിധമെല്ലാം പറഞ്ഞത് എന്റെ വല്ല ഗുണത്തെയും ഉദ്ദേശിച്ചായിരിക്കാം. എന്നാൽ ആ ഉദ്ദേശ്യഫലം എന്നിൽ വിപരീതമായിട്ടാണു പരിണമിച്ചത്. എന്തുകൊണ്ടെന്നാൽ, അച്ഛൻ അദ്ദേഹത്തെക്കുറിച്ചു പറഞ്ഞ ദോഷസംശയിയിൽ എനിക്കു വിശ്വാസം ഉണ്ടാകുംതോറും, മരണം എന്നെ സമീപിച്ചു സമീപിച്ചു വരുന്നതായിരിക്കും. അത് അച്ഛന്റെ ഉദ്ദേശത്തിനു വിപരീതമാണെന്നു ഞാൻ അനുമാനിക്കുന്നു. അതിനാൽ ആ വക സന്തോഷണം ഇനി വേണ്ട" എന്നു പറഞ്ഞശേഷം ശ്രീമതിയോടുകൂടി ഒരുവളെ അയയ്ക്കണമെന്നും ഒരു സുപ്രായശ്ചിത്തം നടത്തിയാൽ കൊള്ളാം എന്നും അച്ഛനെ അറിയിച്ചു.

അഞ്ചാം അദ്ധ്യായം.

രാവിലെ ശ്രീമതിയമ്മ പറഞ്ഞയച്ചവരുത്തി ഒരു പ്രായശ്ചിത്തവും ദാനവും നടത്തിച്ചു: അവളുടെ ദുഃഖത്തെയും കൂട്ടുകൂടി മുഖത്ത് അല്പം പ്രസാദവും കണ്ടു. ഇത് അവളുടെ അചിരാവധിയായ പരമനിർവൃതിയെ സൂചിപ്പിക്കയാണെന്നും അവർ മനസ്സിലാക്കി. എല്ലാവരും പിരിഞ്ഞുപോകയും ചെയ്തു. ഉടനേ ഇളയമ്മ തന്റെ സഹോദരനെ വിളിച്ചു താൻ പറയുന്നതിനെ ഒരു പത്രത്തിൽ എഴുതുവാൻ പറഞ്ഞു. അപ്പോൾ ലാവികൻ ഈ കത്ത് അദ്ദേഹത്തിനാണെങ്കിൽ താൻ തന്നെ സസന്തോ

ഷം കൊണ്ടേപോകുന്നതാണെന്നു പറഞ്ഞു. 'ഈ കത്ത് അദ്ദേഹത്തിനും ആ രാജ്ഞിയ്ക്കും മറൊല്ലാവക്കും തന്നെ എങ്കിലും ഇതിന്റെ വാഹകത്വം എനിയ്ക്കല്ലാതെ വേറൊരുത്തക്കും അല്ല' എന്നു മറുപടി പറഞ്ഞു. ഉടനെ ലാവികൻ വേണ്ടപോലെ ഒരെഴുത്തു തയ്യാറാക്കി. അതു മുദ്രവെച്ചു തന്റെ അച്ഛന്റെ പക്കം കൊടുത്തു. 'മാതൃപിതൃഭക്തിയെക്കുടി ഞങ്ങൾ വിസ്മരിച്ചുപോകുന്നതുകൊണ്ടും' അതിയായി ലാളിച്ചും സ്നേഹിച്ചും സല്ലാപംകുടി ന്യൂനതയുള്ളതായ ഞങ്ങളുടെ ആഗ്രഹമെല്ലാം സാധിപ്പിച്ചും സദയം പരിരക്ഷ ചെയ്യുവന്ന ഹേ പ്രിയ പിതാവേ! ഈ എന്റെ അന്ത്യമായ അപേക്ഷയെക്കുടി സാധിപ്പിച്ചുതരണേ!' എന്ന് അപേക്ഷിച്ചു തന്റെ പ്രാണൻ ദേഹത്തെ വിട്ടു നിർഗ്ഗമിപ്പാൻ തുടങ്ങുന്ന സമയം ആ പത്രികയെ തന്റെ കയ്യിൽവെച്ചു വിരൽ മടക്കിക്കളയണമെന്നും താൻ കിടന്ന മരിച്ചുപോകുന്ന ശയ്യയേയും മൃതശരീരത്തേയും രാജ്ഞിയുടേതുപോലെ വിലയേറിയ ദിവ്യവസ്ത്രങ്ങളാൽ അലങ്കരിയ്ക്കണമെന്നും, അതിവിശേഷമായി ചമയിച്ച ഒരു എടുപ്പുതേർ ഉണ്ടാക്കി അതിൽതന്നെ കിടത്തി ഒരു തോണിയിൽ കയറ്റി അതിനേയും കുതിരവസ്ത്രത്താൽ അണിഞ്ഞു പുഴയിൽക്കുടി അവരുടെ പ്രതിഹാരി ഏകനായി മാജമന്ദിരപാർശ്വത്തെ തുഴഞ്ഞുകൊണ്ടു പോയാക്കണം എന്നും, അവിടെ ചെന്നാൽ അവളുടെ പ്രേതശരീരം ഒരു വക്രതുണ്ടുകൊണ്ടും നല്ലവണ്ണം തന്റെ വിഷയങ്ങളെപ്പറ്റി ഉപന്യസിച്ചുകൊള്ളും എന്നും പറഞ്ഞു. എഴുത്തുവാങ്ങി അതെല്ലാം സമ്മതിച്ചു വേ

ണ്ടപോലെ ചെയ്യാം എന്ന് അച്ഛൻ പറഞ്ഞപ്പോൾ, അവളുടെ മുഖത്തുണ്ടായ ഒരു തെളിവ് ഇവളുടെ മരണത്തെപ്പറ്റി ഇവക്കുണ്ടായ ശങ്കയെ ദൂരീകരിച്ചു എങ്കിലും പത്തു രാത്രികൾ കഴിഞ്ഞു പതിനൊന്നാം ദിവസം കാലത്ത് അവളുടെ അപേക്ഷപ്രകാരം ആ എഴുത്ത് അവളുടെ കയ്യിൽവെച്ചു മൂടിപ്പിടിച്ച് ഒരു എട്ടുപേർ ഉണ്ടാക്കി അതിവിശേഷമായി അലങ്കരിച്ച. സൂര്യോദയത്തോടുകൂടി ശോകഭാരാവനമ്രങ്ങളായ ദ്രുതകളോടുകൂടിയ സഹോദരന്മാരാൽ അനുഗമിയ്ക്കപ്പെട്ട് ഒരു ജനസംഘം ആ സമീപിച്ച നദിതീരത്തിലേയ്ക്ക് ഇഴഞ്ഞു ചെല്ലുന്തോറുണ്ടു. പുഴയിൽ അതിരമ്യമായി രാജപടവിക്ക് അനുസരിച്ച വിലകൂടിയ തുണികൾ വിരിച്ചിരുന്ന ഒരു പടവുതയ്യാറായിരുന്നു. അതിൽ ഒരു മൂകൻ അത്യുച്ചപ്രവാഹത്താൽ ഉച്ചൈസ്തനങ്ങളായ നേത്രങ്ങളെ ഒരു ക്ഷണത്തിന്ന് അമ്പതുപ്രാവശ്യം ചിമ്പിക്കൊണ്ട് ഇരിക്കയായിരുന്നു. ആ പുഷ്പരഥത്തെ ആ പടവിൽ കയറ്റി ജനങ്ങളെല്ലാം പിരിഞ്ഞു. അതിന്റെ ശേഷം സഹോദരന്മാർ ഇരുവരും ആ ശവത്തെ നല്ലവണ്ണം കിടക്ക വിരിച്ചു കിടത്തി വില്ലസ്സുകൊണ്ടുണ്ടാക്കിയ ഉടുപ്പുകളെ ധരിപ്പിച്ചു മുഖം മാത്രം പുറത്തു കാണത്തക്കവണ്ണം മറ്റെല്ലാം മറച്ച് അവസാനത്തെ യാത്രയും പറഞ്ഞു മടങ്ങി. തോണിയും നീങ്ങി. ഒരു സ്ത്രീ സുഖനിദ്രയായിട്ടിരുന്നു എന്നല്ലാതെ മൃതശരീരമെന്ന് ആരും വിചാരിച്ചു പോകുന്നതല്ല. ഏകാകിയായി പടയുകാരൻ തന്റെ പാരശക്തിയെ ഓ

ത്തു വ്യസനിച്ചുകൊണ്ടു ചെയ്യുന്ന ഉപകാരം തൊഴക്കോല്ലു ന്നിപ്പിടിപ്പുന്നതിന്നു് തുല്യമല്ലയോ?

ഈ ദിവസംതന്നെ രാജശ്രീയത്തിൽ സഭസ്സിൽവെച്ചു ശാന്തവതി ലസന്തുഖനെ കാണുകയുണ്ടായെങ്കിലും അവൻറെ അപരാധത്തെ ഓർത്തു കോപത്തയായി ഒന്നും മിണ്ടിയില്ലെന്നു മാത്രമല്ല, കണ്ടതായ്ക്കൂടി വിചാരിച്ചില്ല. ഈവിധമായ രാജ്ഞിയുടെ അവസ്ഥിതി കണ്ടു ചകിതനും സചിവോത്തമാഹിത്യബോധം ഉണ്ടായിട്ടും അഹേതുകമായി ജനതയിൽ നടന്നുവരുന്ന സ്വഭാവവാദത്തെ ഓർത്തു ലജ്ജിതനും ആയി ഒരുവിധം സമാധാനം പറയുന്നവരെ ആയാൾ കഴിച്ചുകൂട്ടി. ഉടനെ രാജ്ഞിയുടെ ഏകാന്തവാസഗൃഹത്തിലേക്കു ചെന്നു അതി വിനീതനായി ഒമ്പതു സംവത്സരങ്ങൾകൊണ്ടു അതി പ്രയാസേന സമ്പാദിച്ചതും രാജ്ഞിയെ ഉദ്ദേശിച്ചു വെച്ചിരുന്നതുമായ നവരത്നമാലികയെ കിടിയറവെച്ചു ദേവിക്കു 'ഹംസകണ്ഠംകൂടി അല്പം കറുത്തതാണെന്നു തോന്നിപ്പിപ്പുന്ന ഈ ഗളനാളത്തിൽ ഈ മാല അണിഞ്ഞു കണ്മൻ ഞാൻ ആഗ്രഹിപ്പുന്നു' എന്നു പറഞ്ഞു. ഇതുകൊണ്ടു ദേവി പ്രസന്നയായില്ല എന്നുകണ്ടു് ഒരു കാമുകനെപ്പോലെ ചില സ്തുതികളും നുതികളും എല്ലാം ചെയ്തുതുടങ്ങി. രാജ്ഞിയുടെ കോപമനോഭികൾ ഒട്ടു ക്ഷയിച്ചു എന്നുകണ്ടു ലസന്തുഖൻ രാജ്ഞിയേ നോക്കി 'വൈവാഹികമായല്ലാതെ ഐകമത്യംകൊണ്ടു മാത്രം ചേർന്നിരിക്കുന്ന സ്ത്രീപുരുഷന്മാരുടെ സ്നേഹത്തിനുള്ള ന്യൂനത ദുർഘടമായ അന്യോന്യവിശ്വാസംകൊണ്ടു തീർന്നുപോകുന്നു. എനിക്കു രാജ്ഞിയിലുള്ള ഭ

ക്തിവിശ്വാസത്തേയും രാജ്ഞിയുടെ ശുപലാവണ്യാതിശ
യത്തെക്കുറിച്ചുള്ള ബഹുമതിയേയും വെറുത്തറിയിപ്പാൻ
ശ്രമിക്കുന്ന പക്ഷം ആ വാക്കുകൾ, അതി കഠിനമായ
ശോകഭാരത്തെ സൂചിപ്പിച്ചു പ്രലപിപ്പിക്കുന്ന അശ്രുത
ുല്യങ്ങളായിത്തീരുകയേ ഉള്ളൂ എന്നു മാത്രമല്ല, പക്ഷേ
അപൂർണ്ണതയാൽ, രാജ്ഞിയെക്കുറിച്ചു ചെയ്യുന്ന ഒരു അപ
രാധമായിക്കൂടി തീർന്നേക്കാം. എങ്കിലും ഇതു കേവലവാ
ങ്മാത്രമായ്തോന്നുന്നതാണ്. എന്തെന്നാൽ ഇവിടെ ഇ
പ്പോൾ നടപ്പുള്ളപ്രകാരം ഒരു അപരാധമായ്തീരുന്നതല്ല.
പക്ഷേ രാജ്ഞിയ്ക്ക് എന്നിൽ ഒരു ഉത്തമവിശ്വാസം ഉ
ണ്ടെന്നും, അതിനാൽ ഈ ജനശ്രുതിയേ രാജ്ഞി വിശ്വ
സിക്കയില്ലെന്നും ഞാൻ വിചാരിക്കുന്നു എന്നു പറഞ്ഞു.
ഇതെല്ലാം കേട്ട രാജ്ഞി ഈഷദ്ഭഗ്നകുന്തലയായി ത
ന്റെ പാദാംഗുഷ്ഠത്താൽ ഭൂമിയിൽ വരഞ്ഞുകൊണ്ടും
കൈനഖങ്ങളെ നക്കിക്കൊണ്ടും കുറേനേരം ഇരുന്നശേ
ഷം, താൻ അതിനെ കൊല്ലുകയില്ലെന്നുള്ള
ഭാവത്തിൽ ആ മത്സ്യമാലയെ എടുത്തു സമീപമുണ്ടായിരു
ന്ന ഒരു പീഠത്തിന്മേൽ വെച്ച് ഇപ്രകാരം പറഞ്ഞു: 'നാ
ങ്ങൾ വിചാരിക്കുന്നപോലെ ഈ ശ്രുതി അത്ര വിശ്വാസ
യോഗ്യമല്ലെന്നു ഞാൻ വിചാരിക്കുന്നില്ല. അന്യോന്യ
വിശ്വാസംകൊണ്ടു ദൃഢതരമായും അതില്ലാത്തതാൽ ശിഥി
ലിതമായും ഭവിക്കാവുന്ന ഈ നമ്മുടെ ബന്ധം പണ്ടുപ
ലകളിലും അപായകരമായ ദാമ്പത്യഭാവംപോലെ
അത്ര ദുഃഖപ്രദമായിത്തീരുന്നതല്ലെന്നും അതിനാൽ
ഈവിഷയത്തിനെപ്പറ്റി പക്ഷേ സകാരണമുള്ള

ന്നു എന്നും നിങ്ങൾ ആലോചിക്കേണ്ടതാണ്. എത്ര കൊ
ല്ലങ്ങളായി ഞാൻ ആ മഹാന്ന് അപരാധിനിയായിത്തീ
ന്നിരിക്കുന്നു? ഇതിനെ എത്ര വേഗത്തിൽ നിങ്ങൾ വിസ്മ
രിച്ചു? കഷ്ടം! ഇതെല്ലാം എനിക്ക എത്രമാത്രം പോരായ്മ
യാണ്. ദാതാവിന്റെ ഔദാര്യശൌര്യാദികളെ മനോഭാവ
ങ്ങളെ അനുസരിച്ചു ദാനത്തിന്റെ യോഗ്യതായോഗ്യത
കൾക്ക വ്യത്യാസം വരുന്നതാണ്. സപ്തഗൌരവത്തെ നി
ലനിത്തിയിരുന്നാൽ ഈ രത്നങ്ങളുടെ വിചാരിക്കുണിതമാ
യിരിക്കും. യാതൊരുത്തിയുടെ നവലാവണ്യാടികം നി
ങ്ങളെ വശീകരിച്ചിരിക്കുന്നുവോ അവർക്ക കൊടുക്കേണ്ട
താണ് ഇത്. എനിക്കല്ല—എനിക്ക് ഇതല്ല തരേണ്ട
ത്. എന്താൽ എനിക്ക സാധിച്ചുതരേണ്ടത്: നിങ്ങളി
രുവരുടേയും സല്ലാപസുഖവാസകേളിക്ക് എന്തെ ഒരു
സാക്ഷിണിയാക്കിത്തീർക്കുന്നു" എന്ന ഒരാവശ്യം മാത്രമാ
ണ്. പക്ഷേ ഇതുവരെ എന്റെ നേരെ ഉണ്ടായിരുന്ന
നിങ്ങടെ വിചാരം ഇപ്പോയ എങ്ങിനെ മാറിയിരുന്നാ
ലും വേണ്ടതില്ല, കുലവൻന്റെ കുത്യം മരുള്ളവരുടെ സൌ
കര്യങ്ങൾക്ക വിഘ്നകാരി ആയിത്തീരുവാൻ പാടില്ലെന്നു
ള്ള മര്യാദയെ നിയമത്തിലും ആചാരത്തിലും രാജമഹി
ഷിയുടെ പദവിയിലിരുന്നുകൊണ്ട് ഇത്രകാലമായി ര
ക്ഷിച്ചുകൊണ്ടുവരുന്ന ഈ എന്റെ ഇപ്പൂത്തെ ഈ സന്ദർ
ത്തിൽ അനുസരിച്ചു നടക്കേണ്ടതാകുന്നു എന്നോർപ്പാൻ
മാത്രം വേണ്ട മര്യാദ നിങ്ങൾക്കുണ്ടെന്നു ഞാൻ വിചാരി
ക്കുന്നു. ഇതിലധികം ഒന്നും എനിക്ക പറവാൻ വഹി
യാ. ഈ വിഷയമായ സംഭാഷണത്തെ ഇനി വർദ്ധിപ്പി

ക്കേണ്ട. അവിചാരിതമെങ്കിലും നമ്മുടെ അന്യോന്യദോ
ഷത്തിന്റെ കലാശം മസിക്കൻ തന്നെ. ഇതെന്നിക്ക സ
മ്മതം തന്നെ. ആ പാതകം കൂടി ചേർന്നാലേ ഇതിന്റെ
യൊശ്രുത പൂർണ്ണമാകയുള്ളൂ. അവളുടെ സൌന്ദര്യം എ
ന്നെ കൂടി വിസ്മയിപ്പിക്കണം എന്നും ഈ വിഷയത്തിൽ
ഞാൻ അവളാൽ പരിഭവിപ്പിക്കപ്പെട്ടിരിക്കണം എന്നും
അവളെ അറിയിക്കുക. ഈ അവളുടെ—എന്തിന്ന്, മ
ദ്ധ്യാനം ഇപ്പോൾ സ്പന്ദം പ്രവൃത്തിക്കാം" എന്നിങ്ങി
നെ പറഞ്ഞു ആ രത്നമാലികയേ എടുത്തു ശ്രീഷ്ണുഷ്ണ
ശാന്തിക്കായി തുറന്ന കിടന്നിരുന്ന ഗവാക്ഷമാർഗ്ഗമായി
പുഴയിൽ എറിഞ്ഞു. അപ്പോൾ ഉപയ്യുപരി തള്ളിക്കയ
യറുന്ന അസംഖ്യം കല്ലോലമാലകളാൽ ക്ഷുഭിതയായ
ആ നദി തനിക്ക രാജ്ഞി ചെയ്ത സംമാനനയെ ശൂന്യമാ
ക്കരുതെന്നു വിചാരിച്ച് എന്ന തോന്നുംവിധം മനു കി
രണങ്ങളാൽ വിചിത്രീകൃതങ്ങളും അതു ഹേതുവായിട്ട ന
ന്നപ്രതീകാശങ്ങളുമായിരുന്ന അസംഖ്യം വിവിധജാല
ന്നിനുക്കളെ ഉൽക്ഷേപണം ചെയ്തു. ഈ വിധമായ മാ
ജ്ഞിയുടെ പ്രവൃത്തിയാൽ കോപശോകവിസ്മയങ്ങളാൽ സാ
ന്ദ്രമായ തമസ്സാൽ വ്യാപ്തമായ നിശയിൽ ഒരു താരമ്പോ
ലെ കറുത്ത തുണി വിരിച്ചിരിക്കുന്ന ആ പടയിൽ ശോ
ഭായമാനമായിരുന്ന അഷ്ടാലക കലകന്യാമുഖത്തെയും
ന കണ്ടതു്. രാജ്ഞി ഇതിനെ പാടി യാതൊന്നും അ
റിയാത്തതിനാൽ വീണ്ടും വിജനസ്ഥലത്തു ചെന്നിരുന്നു

എങ്ങിക്കരഞ്ഞു തുടങ്ങി. പടവുരാജഭന്ദിരപ്രാന്തത്തിൽ എത്തി സംഭ്രമിച്ചു നോക്കികൊണ്ടു നിന്നിരുന്നവരോട് കന്യാ മിണ്ടാതെ അകത്തു പ്രവേശിച്ചു, തോണിക്കാരൻ രാജസന്നിധിയിൽ ചെന്നു സംജ്ഞകൊണ്ടു കാര്യമെല്ലാം രാജാവിനേധരിപ്പിച്ചു. ഉടനെ രാജാജ്ഞയാൽ വീരസാമന്തികന്മാരായ കളകണ്ഠ ചാരസീകന്മാർ പരേതയായ ആ കന്യകയുടെ ശരീരത്തെ സാദരം അകത്തു കൊണ്ടുവന്നു. എല്ലാവരും പരിഭ്രാന്ത ഹൃദയന്മാരായി നോക്കികൊണ്ടിരിക്കുന്ന മദ്ധ്യേ, ആഗ്രഹന്മാരായ ശാലിവ ലസന്തു ഖഗാനവ്രതിമാർ യഥാക്രമമായി വിസ്മിതസന്തപ്താനന്ത പ്രഹൃഷ്ടയന്മാരുമായി ഭവിച്ചു. കട്ടിൽ ആ പ്രേതത്തിന്റെ കയ്യിൽ ഉണ്ടായിരുന്ന കത്തു രാജഋഷിയിൽ പെട്ടു. അതെടുത്തു മുറ തുറന്നു രാജാവ് ഇങ്ങിനെ വായിച്ചു:—

'അതിമാന്യന്നായുള്ള, ഹേ! ലസന്തുഖവീര! അഷ്ടാലകകുല കന്യകയെന്നു കൂടി വിളിക്കപ്പെട്ടുന്ന ഞാൻ, ഭവാനെക്കാണ്ടാട്ട യാത്ര പറയാതെ പുറപ്പെട്ടു വന്നതിനാൽ, ഇപ്പോൾ എന്റെ പരലോകയാത്രാസമയം ഭവാനോട് പറഞ്ഞു പോകേണ്ടതാണെന്നു വിചാരിച്ച് ഇവിടെ വന്നതാണു്. ഞാൻ ഭവാനിൽ അത്യനുരാഗത്തെ വെച്ചിരുന്നിട്ടും ഭവാനാൽ നിരാകൃതയായ്തീർന്നതിനാൽ, ഇങ്ങിനെ മരിപ്പാൻ ഇടവന്നതാണു്. പതിവ്രതകളായ മഹാരാജ്ഞി ഗാനവതി മുതലായുള്ള ഭർമ്മിനിമാർ എന്നേ താപത്തെ അറിഞ്ഞുകൊള്ളട്ടെ. അനന്യസാധാരണമായ ഭവാന്റെ ചാപല്യരാഹിത്യത്തെ ഞാൻ ശ്ലാഘിച്ചുകൊണ്ടു എന്റെ ജീവന്റെ ആമുഷ്മികസുഖാശംസിയായി

പ്രേതസംസ്കാരം ചെയ്യുമാറാകേണമെന്നു പ്രാർത്ഥിച്ചുകൊ
ള്ളുന്നു.

ഈ പത്രികയെ വായിച്ചാളിടയും, പത്രിക ആ
ടേതു ആ ദോഹത്തിനേറെയും, ലസന്തുഖനേറെയും മുഖ
ത്തു മാറി മാറി നോക്കികൊണ്ടിരുന്ന ശ്രോതാക്കന്മാരുടെ
ഭാവങ്ങൾ അവർണ്ണ്യങ്ങളായിരുന്നു. എഴുത്തു വായിച്ചു
കഴിഞ്ഞ ഉടനെ ശോകാതുരനായ ലസന്തുഖൻ, ശ്രോതാ
ക്കന്മാരെയും തന്റെ അധീനനേയും നോക്കി 'ദോഷമീ
നയും വിശ്വാസ്യയും അന്യയിരുന്നതിനാൽ ഞാൻ ഈ ക
ന്യകാമണിയുടെ എതാട്ടശമായ വിഷമത്തെ പറ്റി അ
നുശോചിക്കുന്നു. എന്റെ അറിവിൽ വെട്ടേടത്തോളം എ
ന്നെ ഇത്രയധികം സ്നേഹിച്ചിരുന്ന സ്ത്രീകളില്ലെന്നു ത
ന്നെ പറയേണ്ടിയിരിക്കുന്നു. എങ്കിലും അനുരാഗിണിക
ളിലെല്ലാം അങ്ങേക്കതനായ്തീരണമെന്നില്ലല്ലൊ. അതു
മാത്രമല്ല ഈ വിധം സ്നേഹിപ്പാൻ മാത്രം വേണ്ട യാ
തൊരു കാരണങ്ങളും ഞാൻ കൊടുത്തിട്ടുമില്ല. ഈ എ
ന്റെ വാക്കിന്നു ഇവളുടെ സഹോദരന്മാരും അച്ഛനും
സാക്ഷികളാണ്. ഇവളുടെ ഈടുശമായ പ്രണയാനുരാ
ഗത്തെ ഭംഗം വരുത്തുന്നതിന്നായി വല്ല വഞ്ചനവാക്കു
കളേയും പറഞ്ഞും വൈമുഖ്യം ഭാവിക്കണം എന്നു് അ
ദ്ദേഹം എന്നോടു് അപേക്ഷിക്കയുണ്ടായി. എന്നാൽ അ
ത് എന്റെ പ്രകൃതിക്കും മനസ്സാക്ഷിക്കും വിരോധമായിരു
ന്നതാണെന്നു വിചാരിച്ചുവെങ്കിലും ഞാൻ കഴിയുന്നേടു
ത്തോളം എല്ലാം പറഞ്ഞു നോക്കി. അതിന്റെ ശേഷം
ഞാൻ അവളോടു യാതൊന്നും മിണ്ടാതെയും തിരിഞ്ഞു

നിന്നു കൂടി നോക്കാതേയും അവിടം വിട്ടുപോന്നു. എന്നാൽ ഇങ്ങിനെ ശോചനീയമായ വിധം ഇവർ കാലധർമ്മം പ്രാപിക്കുമെന്നു വല്ല വിധത്തിലും അനുമാനിക്കുമായിരുന്നുവെങ്കിൽ കുറെക്കൂടി ശ്രമിച്ചു് വല്ല വിധത്തിലും ഇവളെ രക്ഷിച്ചിരിക്കാമായിരുന്നു' എന്നു പറഞ്ഞു.

അപ്പോൾ രാജ്ഞി—'കഷ്ടം! ഇവളുടെ കോപാനലം രാഗം സാകല്യേനാ ഇവളുടെ മുഖത്തു ഗമിച്ചിട്ടില്ല. ക്ഷോഭാനന്തരമുള്ള സമുദ്രത്തിന്റെ സ്ഥിതിപോലെ ഇരിക്കുന്നു. ദൗരാത്മ്യേണസമ്പന്നനായ ദേവന്റെ മൂലം ഈ വിധം ഒരു സ്ത്രീ മരിച്ചതു കഷ്ടംതന്നെ' എന്നു പറഞ്ഞതു കേട്ട ഉടനെ ലസന്മുഖൻ തലയുയർത്തി രാജ്ഞിയെ നോക്കിയ ഉടനെ രാജ്ഞി തല കുനിച്ചു എങ്കിലും 'അതു ശരി! രാജ്ഞിക്കിപ്പോഴും എന്തും പറയാം. അവർക്കു് എന്റെ ഭാര്യയായി തീരാതെ വേറെ ഒന്നുകൊണ്ടും തൃപ്തി വരുന്നതല്ല എന്നായിരുന്നു അവളുടെ ശാഠ്യം. ഞാൻ ഇതിന്നനുവദിക്കിൽ—എന്റെ ഗതിയെന്തായിരിക്കുമെന്നു എനിക്കുതന്നെ ആലോചിപ്പാൻ അസാദ്ധ്യം' എന്നു പറഞ്ഞു മേല്പോട്ടു പറയുവാൻ ഒന്നും തോന്നാതെ സ്തബ്ധനായി നിന്നുപോയി. എല്ലാവരും ചിന്താമഗ്നരായി അസംബ്ലിയും നിശ്ശബ്ദമായിരുന്നു. ഉടനെ മഹാരാജാവു "അല്ലയോ വീരശിഖാമണേ! ഈ യുവതിയുടെ അപേക്ഷപ്രകാരം യഥായോഗ്യം ശവസംസ്കാരം താമസിക്കാതെ ചെയ്യുന്നത് അങ്ങേക്കും എനിക്കും യശസ്കരമായിതീരുന്നതാണു്" എന്നഭിപ്രായപ്പെട്ടു, തന്റെ സഭാസ്യരായ മഹാ വീരന്മാരോടും പരിവാരങ്ങളോടും പൌരന്മാരോടും

കൂടി പുറപ്പെട്ട അട്ടത്തിരുന്ന രാജകുടുംബക്കാരെയെല്ലാം പ്രത്യേകം നീക്കിവെച്ചിരിക്കുന്ന ശ്മശാനത്തിലേക്ക ചെന്നു കിക്കെല്ലാം മുഴങ്ങിക്കൊണ്ടിരുന്ന വാദ്യഘോഷങ്ങളോടും മന്ത്രോച്ചാരണത്തോടും കൂടി സംസ്കാരം നടത്തിച്ചു. ഈ കന്യകയുടെ ശോചനീയമെന്നിരിക്കിലും ശ്ലാഘനീയമായിരിക്കുന്ന മരണത്തെയും, ചരിത്രചാരിത്രവിശേഷത്തെയും സർവ്വരും ജനങ്ങൾക്ക സ്മരിച്ചിക്കുന്നതിനു വേണ്ടി ഒരു ശിലാസ്തൂപിയെ പ്രതിഷ്ഠിച്ചു, അതിൽ ഇവളുടെ ചരിത്രത്തെ സംഗ്രഹിച്ചു എഴുതേണമെന്നും, ആ വകക്കുള്ള ചിലവു ഭണ്ഡാരത്തിൽ വകവെച്ചു കൊള്ളുന്നതാണെന്നും ആജ്ഞാപിച്ചു രാജാവു മടങ്ങി. മരെല്ലാവരും ഓരോരുത്തരായി പിരിഞ്ഞു. കൂട്ടത്തെയെല്ലാം വിട്ടു വിഷാദിച്ചു ഏകാകിയായി പോയിക്കൊണ്ടിരുന്ന ലസന്തുഖനെ കണ്ട് രാജ്ഞി സമീപിച്ചു ചെന്ന് 'എനിക്ക ഭവാനെക്കുറിച്ചുള്ള അതിസ്നേഹം ഒരു പാപപ്രശങ്കയെ ജനിപ്പിച്ചതു മൂലം നിങ്ങളിരുവരേയും കുറക്കാരാക്കിതീർത്തു. ഈ എന്നെ അപരാധത്തെ ക്ഷമിച്ചു വിസ്മരിക്കണെ' എന്നിപ്രകാരം നെടുവീർപ്പിട്ടുകൊണ്ടു പറഞ്ഞതിനെ മൌനാനുവാദത്തേനെ അംഗീകരിച്ച ലസന്തുഖൻ 'ഇത് അതിസ്നേഹത്തിന്ന് പ്രകൃതി സിദ്ധമായ ഒരു ശാപമാണ്' എന്നു വിചാരിച്ചു മുഖം താഴ്ത്തി മന്ദം ശമിച്ചു.

ശോകഭാരവിനമിതങ്ങളായ ഭൂലതകളോടും ശോകസംഭരത്തെ മനസ്സിൽ തന്നെ തടഞ്ഞുനിർത്തിയതുകൊണ്ടു ക്ഷുബ്ധങ്ങളായിരിക്കുന്ന നേത്രങ്ങളോടും, വിവർണ്ണമായ മുഖത്തോടും കൂടിയിരുന്ന ലസന്തുഖനെ കണ്ടു രാജ്ഞി

വ് "എന്റെ പ്രിതിവിശ്വാസൈകഭാജനമെ! യുഷ്മല്പ്രി കളിൽ സദാ എന്റെ പാർശ്വവർത്തിയായിരുന്നുകൊണ്ട് എന്തൊരക്കിച്ചും പ്രബലന്മാരായ അരാതികളെ ഒതപ്പ ടുതയോടുകൂടി പോടനംചെയ്യും അപിചാരപൂർവ്വകം അ രാൽ ആഗതന്മാരായിരുന്ന ഉദിതയൌവനപ്രായന്മാരാ യ യുഷ്മദിരന്മാരെ ഒവർ ചിരജീവികളായി ഭൂമിയെ അ ലങ്കരിച്ചു യശഃപ്രതിഷ്ഠചെയ്യുന്നുള്ളവരാണെന്ന പിചാ രിച്ച് ഉപേക്ഷിക്കാതെ പരിത്യജിച്ചും നിശ്ശങ്കം സഞ്ചരി ക്കാവുള്ള അങ്ങ് ഇപ്പോളും എന്തെ ആഹ്വാദിപ്പിക്കുന്നു. അനഭിപ്രേതനുമായ ദുഷ്ടത ഇപ്പോൾ അങ്ങയുടെ മുഖ ത്തു സ്പഷ്ടമായികാണപ്പെട്ടുന്നുണ്ടിതിക്ക്, വിധിക്കുടി മ വാനെ ഉദ്ദേശിച്ചു തീർത്തതൊ എന്നു തോന്നത്തക്കവിധം അനുരൂപണിയായിരുന്ന ഇവളെ പരിഗ്രഹിച്ചിരിക്കാമാ യിരുന്നു. ഒരു ശവത്തെകണ്ട് അതു ജീവനോടുകൂടിയി രുന്ന കാലത്തിലെ സൌന്ദര്യത്തെ ശരിയറിയിച്ചു ഉപഹിച്ച രിവാൻ ഒരുവന്നു കഴിയുമെന്നു വരുന്നവക്കും ഞാൻ ക ണ്ടേടത്തു അ കന്യകാമണിയുടെയും ഭവാന്റേയും സ മ്മോഹനം ഒരു മുഷ്പോപമയെന്നു പറയാം. എന്തു ചെ യ്യാം ഇങ്ങിനെ എല്ലാം അല്ലെ അവസാനിച്ചത്" എ ന്നുപറഞ്ഞു.

"അതെ! അവളുടെ രൂപത്തെപറ്റിയും ശീലത്തെയെ പറ്റിയും ശങ്ക ഒരു അന്ധനും വിമനസ്സിനുമല്ലാതെ ഉ ണ്ടാവാൻ തരമില്ല. എങ്കിലും സ്നേഹത്താൽ ബന്ധിക്ക പ്പെട്ടുന്നതല്ലാതെ നിർബ്ബന്ധിതനായിസ്നേഹിക്കുന്നത് എ നിക്കഹിതമല്ല" എന്നു ലസനുഖൻ പറഞ്ഞതു കേട്ടു പി

ണ്ടും രാജാവ്: — "ഞാനും ഈ അഭിപ്രായക്കാരൻ ആകുന്നു. എന്നാൽ നിർബ്ബന്ധരാഹിത്യം എന്നപേക്ഷിച്ച് സേച്ഛാചാരിത്വത്തെയാകും അത്യന്തം കൊട്ടിഘോഷിക്കുക. മനോഹാരികളും ഉൽകൃഷ്ടങ്ങളും ആയിരിക്കുന്ന വിഷയങ്ങളെ വിഹിതമായി മിതത്തിൽനിന്നു കവിയാതെ സ്നേഹിക്കുന്നതുകൊണ്ടുമാത്രം അവനെ ആ വിഷയമൊഹിതനെന്നോ സ്വാതന്ത്ര്യവർജ്ജിതനെന്നോ പറയാം എന്നും ഞാൻ വിചാരിക്കുന്നില്ല. ഐഹികമായ സകല വ്യാപാരങ്ങളിലും മനുഷ്യനെ പ്രേരിപ്പിക്കുന്നതു കായ്യാനുഭാസിദ്ധിയല്ലെ? ഇങ്ങിനെ സാധാരണവും അവശ്യകരണമായിരിക്കുന്നതിനാൽ ഉള്ള ഒരു മോഹം അവനെ ഭഗമായ്തീരുന്നതുമല്ല. അസ്ഥാനത്തിലായ്തീരാത്ത സ്നേഹത്തിനു വശപ്പെട്ടിരിക്കുന്നതും നിർബ്ബന്ധമായ്തീരില്ലെന്നാണെ ഞാൻ വിചാരിക്കുന്നതു. അനുരൂപികളും സമാസ്നേഹിതരും ആയ സ്ത്രീപുരുഷന്മാരുടെയോഗം ഇഹത്തിൽ അല്പമായ ദുഃഖാനുഭൂതിയോടുകൂടി എന്നിരിക്കിലും സുഖപ്രദമല്ലാതെ ഭവിപ്പാൻ തരമില്ല. ഈവിധം യോഗ്യതയുള്ള സ്ത്രീകളുടെ നിശ്ചലടമായ അനുരാഗത്തിനു പാത്രീഭവിച്ച് അതിനു ന്യായമായി ഭാഗ്യരായ്പ്പെട്ടിരിക്കുന്നതു ഒരു ബുദ്ധിമുട്ടായിതോന്നുന്ന പക്ഷം പുരുഷന്നു ഐഹികത്തിൽ ആശിയ്ക്കുന്നതുതന്നെ ഇല്ലെന്നു തീർച്ച പറയാം. അങ്ങിനെ വരുന്ന പക്ഷം നാം എല്ലാം അജാതന്മാരായൊ ജാതമാത്രന്മാരായൊ ഇരിപ്പാനെ അവകാശമുള്ളു. അങ്ങിനെ അല്ലാത്ത സ്ഥിതിയ്ക്കു ലൌകികത്തെ അനുസരിച്ചു നാം എല്ലാവരും പ്രവൃത്തിയ്ക്കുന്നതുതന്നെന്നു തീർച്ചയാക്കാം. ഇതാണു് എനിക്കു

സിദ്ധാന്തപക്ഷം എന്നിരിക്കിലും ആ കന്യകയുടെ ഈ രൂപത്തെക്കുടി (ഞാൻ വിശ്വസിയ്ക്കുന്നതുപോലെ ബ്രഹ്മചാരിയായ) ഭവാനെ വശീകരിയ്ക്കുന്നതിൽ അക്ഷരമമായിത്തീർന്നു എന്നുള്ള സംഗതി എന്നെ ഏറ്റവും വിസ്മയിപ്പിയ്ക്കുന്നു.” എന്നു പറഞ്ഞു ചിരിച്ചു മൌനികളായി നടന്നു ഭവനത്തിൽ എത്തി.

പിന്നീട് ലസന്തുഖൻ കരുണാനദീസംഗമംകൊണ്ടു അതിരമണീയമായ ആ നദീതീരത്തു ചെന്നിരുന്ന് ആ നദീജലത്തിൽ കരുണകളുകമെന്നപോലെ കാണപ്പെട്ട പടവിനെ നോക്കി ആ കന്യകയെ സ്മരിച്ചു “ഹേ സാധു! മറ്റാരെയുക്കാളും എത്രയോ അധികം നീ എന്നെ സ്നേഹിച്ചിരുന്നു. നിന്റെ ജീവന്റെ പാരത്രികസുഖത്തിന്നായി ഇവൻ പ്രാർത്ഥിയ്ക്കണമെന്നാണോ നീ ആജ്ഞാപിച്ചത്? ഞാൻ പൂർണ്ണമനസ്സായി സദാ അപ്രകാരം ചെയ്യുന്നുണ്ട്. ഞാൻ ഇപ്പോൾ നിന്നോടു യാത്ര പറയാതിരിപ്പാനും നിന്റെ യാത്രയെ സമ്മതിക്കാതിരിപ്പാനും ശക്തനല്ലല്ലൊ. —എന്റെ പൌരുഷമെല്ലാം എവിടെ—അല്ലയോ രാജ്ഞി! ഈ അസൂയ അതിസ്നേഹമെന്നാണോ പറയുന്നത്? അങ്ങിനെ എങ്കിൽ, പൂർവ്വസ്നേഹത്തിന്റെ ഒരു ഭാഗം ഇങ്ങിനെ പരിണമിച്ചു എന്നല്ലെ മനസ്സിലാക്കേണ്ടത്. അപ്പോൾ സ്നേഹത്തിന്റെ പൂർവ്വസ്ഥിതിക്ക് അല്പം ഭേദഗതിവന്നിട്ടുണ്ടെന്നു നീ തന്നെ സമ്മതിക്കുന്നു. നിന്റെ മനസ്സിൽ സ്നേഹത്തോടുകൂടി അസൂയയും വസിയ്ക്കുന്നു എന്നു വരുന്നപക്ഷം ഒരുകാലം അപവാദഭീതി മനസ്സിനെ അതിക്രമിച്ചു സ്നേഹത്തെ തീരെ നശിപ്പിയ്ക്കില്ലെന്നും വി

ചാരിച്ചുകൂടാത്തതാണ്. ഈ വിധം ദീതി നിന്റെ മന സ്സിൽ ഗതാഗതം ചെയ്യുന്നുണ്ടെന്നു പണ്ടു തന്നെ പ്രത്യ ക്ഷപ്പെട്ടിട്ടുണ്ടല്ലൊ — പരേ കൃഷ്ണ! രാജവിശ്വാസം എന്നെ ലജ്ജിപ്പിയ്ക്കുന്നു. എന്റെ സൂക്ഷ്മസ്ഥിതിയറിയാതെ ലോ കം മുഴുവനും വഞ്ചിയ്ക്കപ്പെട്ടിരിയ്ക്കുന്നു. നിർവ്യാജമായ മഹ ത്വത്തിന്നു പാത്രഭൂതന്മാരായിരുന്ന ആളുകൾക്കു ഞാൻ അപരിൽ കരുണനായി ഗണിക്കപ്പെട്ടതിനാൽ ഒരു അശ്രു ഥി പരിയിരിയ്ക്കുന്നു. ഈ സംഗതി ഒരിക്കൽ പുരത്തുവ രുന്ന പക്ഷം എല്ലാ മഹാന്മാരെയും ചില ദോഷത്തോടു യുക്തന്മാരായിട്ടുള്ളൂ എന്നു ലോകം നിന്ദിയ്ക്കുയും അനാദ രിക്കയും ചെയ്യും! കൃഷ്ണ അമ്മേ! എന്നാൽ നീ പുത്രവത്സ ലയിത്തിന്നു വന്ധ്യാത്വത്തെക്കാളും ഹീനകരമല്ല നിശ്ചയം. എന്റെ വ്യാജമായ കീർത്തി നിന്ന കാലം നിന്നെ എന്നേ ഉള്ളു. എനിയ്ക്കു സച്ഛ്രീയാതിൽ അടച്ചു പോകുമ ല്ലൊ? ഈശ്വരാ! ഈ ദുഷ്കൃതചിന്താചികയിൽനിന്നും എന്നെ രക്ഷിയ്ക്കുണേ" എന്നിങ്ങിനെ വ്യസനിച്ചുകൊണ്ടു സ്വല്പകാലംകൂടി രാജമാത്രലാളിതനായി ജീവിച്ചിരുന്നു

സമാപ്തം.